# സമർപ്പണത്തിൻെറ രാജപാതയിലേക്ക്

**ആത്മീയമായ വെളിച്ചം തേടി അലയുകയും ഒടുവിൽ ഇസ്‌ലാമിൻെറ ശാദ്വല തീരത്തിലേക്ക് വന്നെത്തുകയും ചെയ്ത പാശ്ചാത്യരായ കുറെ വനിതകളുടെ അനുഭവങ്ങൾ വിവരിക്കുകയാണ് അവരിൽ പെട്ട ഒരാളായ നാഇമ ബി. റോബർട്ട്.**

**നാഇമ ബി. റോബർട്ട്**

ഇസ്‌ലാമിലേക്കുള്ള പ്രയാണത്തിന് പലർക്കും പല കാരണങ്ങളായിരിക്കും ഉണ്ടായിരിക്കുക. അസന്തുഷ്ട ബാല്യം, അവസാന രക്ഷാമാർഗം എന്നിങ്ങനെ പലതും. ഏറെ സന്തുഷ്ടവും നിർഭയവുമായ ബാല്യവും കൗമാരവുമാണ് സിംബാബ്‌വെയിൽ ഞാനാസ്വദിച്ചത്. മറ്റു സഹോദരിമാർക്ക് ഒരു പക്ഷേ, വ്യത്യസ്തമായ കഥയാണോ പറയാനുള്ളത്? ഇതിനായി സഹോദരിമാരോട് അവരുടെ പശ്ചാത്തലവും ബാല്യവുമെല്ലാം പറയാൻ ഞാനാവശ്യപ്പെട്ടു. നന്നായി സംരക്ഷിക്കപ്പെട്ടിരുന്ന മധ്യവർഗക്കാരും വിവിധ തരക്കാരും മതക്കാരുമായ മാതാപിതാക്കളുടെ മക്കളും, സുശക്തമായ പാരമ്പര്യവും സുരക്ഷിതമായ ഭാവി പ്രതീക്ഷയുള്ളവരും എല്ലാമാണ് ഇത്തരത്തിൽ മാറിവന്നതെന്നത് എന്നെ സംബന്ധിച്ചിടത്തോളം അത്ഭുതമുളവാക്കുന്ന കാര്യമല്ലായിരുന്നു.

ഉദാഹരണത്തിന്, *ക്ലാര* അയർലണ്ടിലുള്ള അവളുടെ പിതാവിന്റെ കൃഷിപ്പുരയിടത്തിൽ മാതൃകാപരമായി വളർത്തപ്പെട്ട ബാല്യത്തെക്കുറിച്ച് എന്നോട് പറയുകയുണ്ടായി:

"ആചാര നിഷ്ഠയുള്ള ഒരുവളായാണ് ഞാൻ അയർലണ്ടിൽ വളർന്നത്. നല്ല സംരക്ഷണാന്തരീക്ഷത്തിൽ തികച്ചും ഒരു വെളുത്ത, ഐറിഷ് കത്തോലിക്കാ പരിപാലനമാണ് എനിക്കുണ്ടായിരുന്നത്. കുറെ കസിന്മാരും ആന്റിമാരുമെല്ലാമായി വിശാലമായ കുടുംബാന്തരീക്ഷമായിരുന്നു. അല്ലലറിയാതെ ആടുകളെ മേച്ചും വയലുകളിലും മറ്റും ഓടിക്കളിച്ചും ഞാൻ വളർന്നു ....."

ഐറിഷ് പുൽമേടുകളിൽ നിന്നും തീർത്തും വ്യത്യസ്തമെങ്കിലും ഒരു ഗ്രാമീണാന്തരീക്ഷത്തിൽ തന്നെയാണ് *മേയിലിംഗ്* തന്റെ കുട്ടിക്കാലം ചെലവഴിച്ചത്:

"മുത്തശ്ശിയോടൊപ്പം തായ്‌വാനിലെ ഒരു ഗ്രാമത്തിൽ ഒരു കൃഷിയിടത്തിലാണ് ഞാൻ വളർന്നത്. ഇടയ്ക്കെല്ലാമെനിക്ക് മുത്തശ്ശിയോടും മുത്തച്ഛനോടുമൊപ്പം കൂട്ടിന് മലമുകളിൽ പോകേണ്ടിവന്നിരുന്നു. വിരസമായ ഒരു ജീവിതമായിരുന്നു അത്. വീട്ടുമുറ്റത്ത് തുറന്ന സ്ഥലത്തായിരുന്നു കളി....."

"നാലര വയസ്സായപ്പോൾ മാതാപിതാക്കൾ എന്നെ അവരോടൊപ്പം കഴിയാൻ ഇംഗ്ലണ്ടിലേക്ക് വിളിച്ചു. കഠിനാധ്വാനികളും പരമ്പരാഗത രീതിക്കാരുമായ ചൈനീസ് മാതാപിതാക്കളുടെ മൂത്ത മകൾ എന്ന നിലയ്ക്ക് സ്വാഭാവികമായ ബുദ്ധിമുട്ടുകൾ എനിക്കുണ്ടായി".

"ഇംഗ്ലണ്ടിലെ ജീവിതവുമായി ഇണങ്ങാൻ തുടക്കത്തിൽ എനിക്കൽപം ബുദ്ധിമുട്ടു തോന്നി. പുതിയ ഭാഷ! പുതി

**വിദ്യാഭ്യാസമോ പ്രാപ്തിയോ ഇല്ലാത്ത സാധാരണക്കാരായ ആളുകളിൽനിന്നും തികച്ചും വ്യത്യസ്തമായി ഇസ്‌ലാമിലേക്ക് വന്ന സഹോദരിമാരിൽ പബ്ലിക് സ്കൂൾ ജീവിതത്തിൽ പ്രശോഭിച്ചവരും, ഇടയ്ക്കുവെച്ച് ഉപേക്ഷിച്ചവരും, മാസ്റ്റർ ബിരുദം നേടാൻ ശ്രമിക്കുന്നവരും, സർവകലാശാലാ പഠനാനന്തരം നല്ല വരുമാനമുള്ള ഉദ്യോഗങ്ങളിൽ ഏർപ്പെട്ടവരും ഉൾപ്പെടുന്നു.**

യ സംസ്കാരം! എനിക്കറിയാവുന്ന പ്രാദേശിക ഭാഷകൾ അച്ഛനുമമ്മയും സംസാരിക്കാറുമില്ല. എനിക്കപരിചിതമാംവിധം അവിടുത്തെ ദിനചര്യകൾ കർക്കശമായിരുന്നു. ഉറക്കവും ഭക്ഷണവുമെല്ലാം അവരുടെ നിർദിഷ്ട സമയങ്ങളിലായിരുന്നു. തായ്‌ലണ്ടിൽ പക്ഷേ, ഞാൻ പരിപൂർണ സ്വതന്ത്രയായിരുന്നു. അവിടെ ഞാൻ മുത്തച്ഛനും മുത്തശ്ശിയുമൊത്തായിന്നുവെങ്കിൽ ഇവിടെ 'ഡാഡി'ന്റെയും 'മോമി'ന്റെയും കൂടെയായിരുന്നു".

മാതാപിതാക്കൾ പാരമ്പര്യ രീതികളിൽ കണിശത പുലർത്തിയിരുന്ന വീടുകളിലൊന്നിലാണ് പലരെയുംപോലെ *സാറ*യും വളർന്നത്:

"എന്റെ മാതാപിതാക്കളുടെ വിവാഹം നടന്ന അവസരത്തിൽ അമ്മക്ക് തൊഴിലെടുക്കുന്നതിന് യാതൊരു തടസ്സവുമില്ലായിരുന്നു. സാധാരണ യൂറോപ്യൻ ദമ്പതിമാർ ആസ്വദിക്കുന്ന എല്ലാ വിനോദങ്ങളിലും അവർ ഏർപ്പെട്ടു. എന്നാൽ കുട്ടികൾ ജനിച്ചപ്പോൾ അച്ഛൻ പറഞ്ഞു: 'മതി, ഇനി നിനക്ക് കുട്ടികളെ നോക്കി പാചകവും വീടുവൃത്തിയാക്കലുമെല്ലാമായി കഴിയാം. നിന്റെ സ്ഥാനം ഇനി വീട്ടിലാണ്'. എന്തു ചെയ്യണമെന്ന് അമ്മയ്ക്കറിയില്ലായിരുന്നു. അച്ഛന്റെ പരമ്പരാഗത പാക്കിസ്താനീ പുരുഷനിലേക്കുള്ള ഈ അപ്രതീക്ഷിത മടക്കം അമ്മ കരുതിയിരുന്നതേയല്ല. എന്നെയും സഹോദരനെയും അമ്മ വല്ലാതെ സ്നേഹിച്ചിരുന്നു എന്നതിൽ സംശയമില്ല. അച്ഛൻ ഞങ്ങളുടെ കാര്യത്തിൽ ഏറെ ശ്രദ്ധാലുവും ഓരോ അണുവിലും ഞങ്ങളെ സ്നേഹിക്കുന്ന വ്യക്തിയുമായി രുന്നു. ഞങ്ങൾ കുട്ടികൾക്കായി അദ്ദേഹം ഒരുപാട് സമയം കണ്ടെത്തുമായിരുന്നു".

അമ്മമാരാൽ മാത്രം വളർത്തപ്പെട്ട മറ്റു ചിലരെപ്പോലെയാണ് *ആലിയ* വളർന്നത്:

"എന്റെ മതാപിതാക്കൾ സെയിന്റ് ലൂസിയൻ ആയിരുന്നു. ഞാനും അനുജനും അമ്മയുമൊത്ത് ഏക രക്ഷകർതൃത്വ കുടുംബത്തിലാണ് വളർന്നത്. എന്റെ ബാല്യത്തെക്കുറിച്ച് മോശമായ ഒരനുഭവവും എനിക്കില്ല. അമ്മ ഞങ്ങളെ തല്ലുകയോ ഒച്ചയിടുകയോ ചെയ്യുന്നയാളായിരുന്നില്ല. അങ്ങനെയൊരനുഭവം ഓർക്കാൻകൂടി കഴിയുന്നില്ല".

സഹോദരിമാരുടെ ബാല്യകാല അനുഭവ വിശദീകരണങ്ങളിൽനിന്നും അവ ഒരേ മൂശയിൽ വാർത്തെടുത്ത പശ്ചാത്തലത്തിലുള്ളതായിരുന്നില്ല എന്ന് ഞാൻ തിരിച്ചറിഞ്ഞു. ഈ (ഇസ്‌ലാമിലേക്ക്) തിരികെയെത്തിയവരെയെല്ലാം തകർന്ന കുടുംബത്തിൽ നിന്നുള്ളവരെന്നോ, പിതാവില്ലാത്തതുമൂലമോ, ശകാരിക്കുന്ന അമ്മയുള്ളതുമൂലമോ മടങ്ങിയവരെന്നോ ഒന്നും പറയാനാകില്ല. അവരുടെ ബാല്യം വൈവിധ്യമാർന്നതും നാനാവിധ അനുഭവങ്ങളാൽ വലയം ചെയ്യപ്പെട്ടതുമായിരുന്നു. ഈ യുവതികളുടെ അനുഭവങ്ങൾ അസന്തുഷ്ട ചുറ്റുപാടിൽ നിന്നുള്ള ഒരവസാന അത്താണിയാണ് ഇസ്‌ലാം എന്ന പുരാവൃത്തത്തെ തീർത്തും അന്യമാക്കുന്നു! ഇസ്‌ലാം സ്വീകരിച്ച എല്ലാവരും തന്നെ പ്രതീക്ഷയറ്റവരും ഭാവി ചിന്തകളോ സ്വപ്നങ്ങളോ ഇല്ലാത്തവരുമാകാമെന്ന് പറയുന്നതും ശരിയല്ലതന്നെ. വാസ്തവത്തിൽ പല സഹോദരിമാരുടെയും രക്ഷിതാക്കളെ സംബന്ധിച്ച് വിദ്യാഭ്യാസമായിരുന്നു ഏറ്റവും പ്രാധാന്യ മർഹിക്കുന്നത്. *ജമീല* പറഞ്ഞതുപോലെ:

"എന്റെ മാതാപിതാക്കളുടെ ജീവിതാഭിമുഖ്യംതന്നെ വിദ്യാഭ്യാസത്തിനോടായിരുന്നു. സകലതിന്റെയും ആദ്യാന്തം അവർക്കതായിരുന്നു. ഞങ്ങളെ വിദ്യാസമ്പന്നരാക്കുക എന്നതായിരുന്നു അവരുടെ പ്രാഥമിക ലക്ഷ്യം. മറ്റെല്ലാം രണ്ടാംതരം മാത്രവും. വിദേശത്തുനിന്നു വന്ന് ഇവിടെ താമസിക്കുന്നവർ ഇവിടെ എവിടെയായാലും കഴിഞ്ഞുകൂടണമെങ്കിൽ ഉദ്യോഗസമ്പന്നരാകേണ്ടതുണ്ട്. ആയതിനാൽ വിദ്യാഭ്യാസമാണ് എല്ലാം. ഇതാണവരുടെ ചിന്തയുടെ ഹേതുവെന്ന് ഞാൻ കരുതുന്നു".

മികച്ച പ്രകടനം പ്രതീക്ഷിച്ചുകൊണ്ടാണ് *മേയി*യും സ്വകാര്യ സ്കൂളിൽ ചേർക്കപ്പെട്ടത്. മാതാപിതാക്കളുടെ വലിയ പരിരക്ഷയില്ലായിരുവെങ്കിലും അവളുടെ പഠനത്തെക്കുറിച്ചും ഉത്തരവാദിത്തബോധത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകളെ സംബന്ധിച്ചും അവളെന്നോട് പറയുകയുണ്ടായി.

അഴുക്കില്ലാത്ത ഉടുപ്പും വൃത്തിയുള്ള സോക്സും പോളിഷ് ചെയ്ത ഷൂസുമെല്ലാമായി താൻ തീർത്തും കുറ്റമറ്റവളായിരിക്കണമെന്നവൾക്ക് നിർബന്ധമുണ്ടായിരുന്നു.

എന്നാൽ *ആലിയ*ക്ക് സ്കൂളിൽ പുരോഗതിനേടാനായില്ല. അവിടെ അവളെക്കുറിച്ചും അവളെപ്പോലെയുള്ളവരെക്കുറിച്ചും ആളുകൾക്ക് വിപരീത ദിശയിലുള്ള പ്രതീക്ഷകളാണുണ്ടായിരുന്നതെന്ന് അവൾ സ്വയം വിലയിരുത്തി:

"ഞാൻ സ്കൂളിൽ ചീത്ത കുട്ടികളിൽ ഒരാളായിരുന്നു. ഭൂരിപക്ഷവും വെളുത്തവരുള്ള ഒരുഗ്രാമർസ്കൂളിലാണ് ഞാൻ ചേർന്നത്. നിങ്ങൾ കറുത്തവരെങ്കിൽ മോശക്കാർ തന്നെ എന്ന നിലപാടാണവി ടെയുണ്ടായിരുന്നത്. ഞാൻ ഉന്നതയാകണം എന്ന പ്രതീക്ഷയിലാണ് അമ്മ എന്നെ അവിടെ അയച്ചത് എന്നതിനാൽ ഞാൻ നന്നാകാൻ നിശ്ചയിച്ചു. ചെയ്യാത്ത കുറ്റത്തിന് എപ്പോഴും കുറ്റപ്പെടുത്തപ്പെടുമ്പോൾ അത് ചെയ്യാൻ തുടങ്ങുക എന്നത് സ്വാഭാവികമാണ്. അങ്ങനെയാണ് എന്റെ കാര്യവും. ഞങ്ങൾ ശരിക്കും മോശക്കാർ തന്നെയായി; സ്കൂളിൽനിന്ന് ചാടിപ്പോയി. പുകവലിച്ചു, മറ്റു കുട്ടികളെയും പ്രായം ചെന്നവരെയും ഭയപ്പെടുത്തി, കണ്ടിടത്തെല്ലാം തോന്നിയ വിധം കുത്തിവരച്ചു. ആ അധ്യയനഘട്ടത്തിന്റെ അവസാന നാൾ ഞാൻ സ്കൂൾ വിട്ടത് ഒരിക്കലും തിരികെ ചെല്ലാതിരിക്കാനായിരുന്നു!

പരീക്ഷാ സമയം വന്നെത്തിയപ്പോഴാണ് എൻെറ പ്രവർത്തനങ്ങളുടെ ഗൗരവം എന്നെ തട്ടിയുണർത്തിയത്. നല്ല അവസരം നശിപ്പിച്ചത് തിരിച്ചറിഞ്ഞപ്പോൾ കോളേജിലേക്ക് പോകാൻ ഞാൻ തീരുമാനിച്ചു. എന്നാൽ ഒരു പരീക്ഷ വിജയിക്കാനോ മറ്റോ കഴിയാത്തവിധം ഏറെ വൈകിയിരുന്നു എന്ന് ഒടുവിൽ ഞാനറിഞ്ഞു. സ്കൂളിൽ പഠിക്കുമ്പോൾ തന്നെ പാചക കലയിൽ ഞാൻ തൽപരയായിരുന്നു. മറ്റെല്ലാ വിഷയങ്ങളിലും വളരെ മോശമായ അവസ്ഥയാണ് നേടിയിരുന്നതെങ്കിലും ഹോം

**ഈ (ഇസ്‌ലാമിലേക്ക്) തിരികെയെത്തിയവരെല്ലാം തകർന്ന കുടുംബത്തിൽ നിന്നുള്ളവരെന്നോ, പിതാവില്ലാത്തതുമൂലമോ ശകാരിക്കുന്ന അമ്മയുള്ളതുമൂലമോ മടങ്ങിയവരെന്നോ ഒന്നും പറയാനാകില്ല. അവരുടെ ബാല്യം വൈവിധ്യമാർന്നതും നാനാവിധ അനുഭവങ്ങളാൽ വലയം ചെയ്യപ്പെട്ടതുമായിരുന്നു.**

എക്കണോമിക്സിൽ എനിക്ക് നല്ല ഗ്രെയ്ഡാണ് ലഭിച്ചിരുന്നത്. ചെറുപ്പം മുതൽ തന്നെ ഒരു 'ഷെഫ്' ആകാൻ ആഗ്രഹിച്ചിരുന്നതിനാൽ അതിനായി കോളേജിൽ ചേർന്നു".

*ഉമ്മുമുഹമ്മദ്* സ്കൂളിനോടും വിദ്യാസമ്പാദനത്തോടും തൽപരയായിരുന്നുവെങ്കിലും വീട്ടിലെ പ്രശ്നങ്ങൾ അവളുടെ തൊഴിലിനോടുള്ള ആഭിമുഖ്യത്തെ മോശമായി ബാധിച്ചു. അവൾ പറയുന്നു:

"ഞാനെല്ലായിപ്പോഴും ക്ലാസ്സിൽ ഒന്നാമതായിരുന്നു. എല്ലാ വിഷയങ്ങളിലും നല്ല വണ്ണം ശോഭിച്ചിരുന്നു. എന്നാൽ ഏറെ താമസിയാതെ ഹോംവർക്ക് പോലും ചെയ്യാൻ കഴിയാതെയായി. എന്ത് ചെയ്യണം ചെയ്യരുത് എന്ന രീതിയിലുള്ള അധ്യാപകരുടെ ശിക്ഷണം ഞാനിഷ്ടപ്പെട്ടില്ല. അങ്ങനെ ഞാൻ ക്ലാസിൽ കളിച്ചിരിക്കാനും സ്കൂളിൽ നിന്ന് ചാടിപ്പോകാനും തുടങ്ങി. മനസ്സിലെ വിവിധ ചിന്തകളായിരുന്നു എന്റെ താൽപര്യക്കുറവിന് കാരണം - കൃത്യമായി എനിക്കത് തിരിച്ചറിയാനായില്ല.

കുടുംബ വ്യാപാരം ഏറ്റെടുക്കാനുള്ള സ്വയംപര്യാപ്തത നേടാനാണ് *മേയി ലിംഗ്* സ്കൂൾ പഠനം കഴിഞ്ഞപ്പോൾ 'നോട്ടിൻഹാം' യൂണിവേഴ്സിറ്റിയിൽ ചേർന്നതും ബിസിനസ്സ് സ്റ്റഡീസ് തെരഞ്ഞെടുത്തതും.

നിയമ പഠനത്തിനായി *ക്ലാര* അയർലണ്ടിൽ നിന്നും ബ്രിസ്റ്റളിലേക്ക് പോയി. ഭൂമിശാസ്ത്രത്തിൽ ബിരുദംനേടിയ *സാറ* സഞ്ചാരത്തിനായി അവധിയെടുക്കാൻ തീരുമാനിച്ചു. മടങ്ങിവന്ന് ഡെവലപ്മന്റ് സ്റ്റഡീസിൽ അവൾ മാസ്റ്റർ ബിരുദം നേടി.

വിദ്യാഭ്യാസമോ പ്രാപ്തിയോ ഇല്ലാത്ത സാധാരണക്കാരായ ആളുകളിൽനിന്നും തികച്ചും വ്യത്യസ്തമായി ഇസ്ലാമിലേക്ക് വന്ന സഹോദരിമാരിൽ പബ്ലിക് സ്കൂൾ ജീവിതത്തിൽ പ്രശോഭിച്ചവരും, ഇടയ്ക്കുവെച്ച് ഉപേക്ഷിച്ചവരും, മാസ്റ്റർ ബിരുദം നേടാൻ ശ്രമിക്കുന്നവരും, സർവകലാശാലാ പഠനാനന്തരം നല്ല വരുമാനമുള്ള ഉദ്യോഗങ്ങളിൽ ഏർപ്പെട്ടവരും ഉൾപ്പെടുന്നു. ഇവരിൽ ആരും തന്നെ വിദ്യാശൂന്യരായ, ലോകപരിജ്ഞാനമില്ലാത്ത, അറിഞ്ഞ് ഉൾക്കൊണ്ട് തീരുമാനമെടുക്കാൻ കഴിയാത്ത സ്ത്രീകളായിരുന്നില്ല തന്നെ.

**ഉദ്യോഗസ്ഥകൾ**

ഒട്ടേറെ സഹോദരിമാർ ഉന്നത വിദ്യാഭ്യാസത്തിന് പോവുക മാത്രമല്ല അവരിൽ നല്ലൊരു വിഭാഗം മികച്ച തൊഴിൽനേടാൻ കഠിനാധ്വാനം നടത്തുകയും ചെയ്തു. ഫ്രാൻസിലെ യൂണിവേഴ്സിറ്റി പഠനം മതിയാക്കി *ഹാജർ* ലണ്ടനിലേക്ക് വന്നു. അവിടെ ഒരു റെക്കോർഡിംഗ് കമ്പനിയിൽ മാർക്കറ്റിംഗ് വിഭാഗത്തിൽ ആറുവർഷത്തോളം ജോലിചെയ്തു. സ്വതന്ത്ര റെക്കോർഡിംഗ് കമ്പനിയിലും മറ്റും അവൾ ജോലിനോക്കുകയുണ്ടായി.

*ആലിയ*യുടെ കഥയിലേക്ക് വീണ്ടും വരാം. കോളേജ് പഠനത്തോടൊപ്പം ജോലി ചെയ്തുകൊണ്ട്, തുടക്കത്തിൽ ഏറെ ബുദ്ധിമുട്ടിയാണെങ്കിലും, ക്രമേണ സമർഥയും ഉത്സാഹഭരിതയുമായ ഒരു 'ഷെഫ്' ആണ് താനെന്ന് അവൾ തിരിച്ചറിഞ്ഞു. അക്കാലത്ത് ഒരു ഹെഡ് ഷെഫ് ആകാനും ക്രമേണ സ്വന്തമായൊരു റസ്റ്റോറന്റ് നടത്താനുമായിരുന്നു അവളാഗ്രഹിച്ചിരുന്നത്. പ്രസവത്തിനായുള്ള നീണ്ട അവധിക്കും കൊടിയ നിരാശയിൽ നിന്നുള്ള മുക്തിക്കും ശേഷം താൻ സ്വയം തെരഞ്ഞെടുത്ത മേഖലയിലേക്കു തന്നെ മടങ്ങിവരികയും അതിൽ തുടർന്ന് പ്രശോഭിക്കുകയും ചെയ്തു. *ആലിയ* പറയട്ടെ:

"കുഞ്ഞിനെ നേഴ്സറിയിലാക്കി ഞാൻ ഹോട്ടൽ ജോലിയിൽ തിരിച്ചെത്തി.വളരെ മെലിഞ്ഞു പോയതിനാൽ മികച്ച വസ്ത്രധാരണത്തിൽ ഞാൻ സന്തോഷം കണ്ടെത്തി. ജീവിതത്തിന്റെ ശരിയായ പാന്ഥാവിലേക്ക് മടങ്ങിയെത്തി. നല്ലനിലയിൽ ജോലി ചെയ്തുകോണ്ടിരിക്കെ എല്ലാം നേടിയതുപോലെ എനിക്ക് തോന്നി. കുട്ടിയുണ്ടായി; കുഞ്ഞിന് വേണ്ടതെല്ലാമുണ്ടായി. വസ്ത്രങ്ങൾ ഇഷ്ടം പോലെ. വാരാന്ത്യങ്ങളിൽ വൈൻബാറുകളിൽ പോകാം. യാത്ര ഉദ്ദേശിക്കുന്നുവെങ്കിൽ അതിനും തടസ്സമുണ്ടായിരുന്നില്ല".

*മേയി*യും ഒരു കഠിനാധ്വാനിയായിരുന്നു. സമയത്തെ അവൾ അവളുടെ പതിവു ജോലിയിലും മാതാപിതാക്കളുടെ റസ്റ്റോറണ്ടിലുമായി പകുത്തു. അതിനിടയിൽ പൊതുജീവിതത്തിനും ഇടം കണ്ടെത്തി. അവൾ പ്രവൃത്തി സമയത്തെക്കുറിച്ച് എന്നോട് പറഞ്ഞു:

"കാലത്ത് ഒമ്പതു മുതൽ അഞ്ചുവരെയുള്ള ജോലി കഴിഞ്ഞ് ആറരയോടെ ഞാൻ വീട്ടിലെത്തും. വസ്ത്രം മാറ്റി പെട്ടെന്നെന്തെങ്കിലും കഴിച്ച് രാത്രി പതിനൊന്നര വരെ റസ്റ്റോറണ്ടിൽ ജോലിചെയ്യും. പിന്നെ ഉറക്കം. വീണ്ടും ഉണർന്ന് ജോലിക്ക് പോകും. അങ്ങനെയാണ് ഞാൻ പണം നേടിയിരുന്നതും അച്ഛനമ്മമാരെ സന്തോഷിപ്പിച്ചിരുന്നതും. പൊതുജീവിതം ആഗ്രഹിക്കുമ്പോൾ ജോലിക്ക് ശേഷം അതിന് പോകും. സെൻട്രൽ ലണ്ടനിലായിരുന്നു ഞാൻ താമസിച്ചിരുന്നത്. കുറെ കൂട്ടുകാരും പണവും വിനോദങ്ങളുമായി ഏറെ സന്തുഷ്ടയായിരുന്നു ഞാൻ...."

**വിനോദ വേളകളും സൈ്വര വിഹാരിണികളും**

തൊഴിലിനും പഠനത്തിനും പുറമെ ഈ സ്ത്രീകൾക്ക് ചടുലമായ പൊതുജീവിതവുമുണ്ടായിരുന്നു. *ഉമ്മു മുഹമ്മദ്* അവളുടെ ചില സാഹസ കൃത്യങ്ങളെക്കുറിച്ച് എന്നോട് പറഞ്ഞു:

"എന്റെയും സഹോദരിയുടെയും കാര്യത്തിൽ പ്രായപൂർത്തിവരെ ഒരു നിയന്ത്രണവുമുണ്ടായിരുന്നില്ല. ഞങ്ങൾ സംഗീതത്തെ സ്നേഹിച്ചു. ഫാഷൻ, ഗ്ലാമർ, ഉന്മത്തത, നാടകം, അങ്ങനെയേതിലും ഞങ്ങൾ വ്യാപൃതരായി. എൺപതുകളിലായിരുന്നു ഇതെല്ലാം. അന്നത്തെ വസ്ത്ര- ആഭരണ പരിഷ്കാരങ്ങളുടെ ആസ്വാദനമായിരുന്നു ലക്ഷ്യം. ഉന്മാദ വേദികളിൽ ഞങ്ങൾ വലിയ പങ്കുവഹിക്കുകയും ഉന്മത്തതയിൽ ആറാടുകയും ചെയ്തു!

അയർലണ്ട് വിട്ടപ്പോഴാണ് തന്റെ വന്യമായ രീതികളോട് കിടപിടിക്കാനാകുന്ന ആരുമില്ല എന്ന സത്യം ക്ലാര തിരിച്ചറിഞ്ഞത്.

"എല്ലാ രാത്രികളിലും മദ്യപിക്കാനായി ഞാനുണരുമായിരുന്നു; വാരാന്ത്യങ്ങളിൽ

**<u>ഈ യുവതികളുടെ അനുഭവങ്ങൾ അസന്തുഷ്ട ചുറ്റുപാടിൽ നിന്നുള്ള ഒരവസാന അത്താണിയാണ് ഇസ്ലാം എന്ന പുരാവൃത്തത്തെ തീർത്തും അന്യമാക്കുന്നു! ഇസ്ലാം സ്വീകരിച്ച എല്ലാവരും തന്നെ പ്രതീക്ഷയറ്റവരും ഭാവി ചിന്തകളോ സ്വപ്നങ്ങളോ ഇല്ലാത്തവരുമാകാമെന്ന് പറയുന്നതും ശരിയല്ലതന്നെ.</u>**

മയക്കുമരുന്നിനായും. എന്നോടൊപ്പമെത്തുന്ന ആരെയും പക്ഷേ, എനിക്ക് കാണാനായില്ല. ഞാൻ ചിന്തിക്കാറുണ്ടായിരുന്നു; ഉച്ചക്ക് രണ്ടുമണിക്ക് എന്നോടൊപ്പം മദ്യഷാപ്പിൽ വരാൻ ആര് സന്മനസ്സ് കാണിക്കും? ഇല്ല. ആർക്കുമാകില്ല. ഭ്രാന്തമായ ഈ അനുഭവങ്ങൾക്കായി ഞാൻ കൊതിച്ചു. എന്നാലിതിൽ നൂറു ശതമാനം സംതൃപ്തി നേടാൻ എനിക്കായതുമില്ല. അവധിക്കാലത്ത് ബെൽഫാസ്റ്റിലെ പഴയ കൂട്ടുകാരുമായി ഒത്തുകൂടുമ്പോൾ ഇതെല്ലാം കൂടുതൽ ബലപ്പെടുമായിരുന്നു".

ലണ്ടൻ ക്ലബ്ബ് വേദിയിലെ പതിവുകാരായിരുന്നു ഹാജറും കൂട്ടുകാരികളും. ഡിസ്ക്ജോക്കിങ്ങും സംഘംചേർന്ന മദ്യപാനവും സംഘനൃത്തവും സൽക്കാര സദസ്സുകളും മറ്റുമായി അവൾ കഴിഞ്ഞുകൂടി. മറ്റുള്ളവരപ്പോലെ ചിത്രപ്രദർശനങ്ങളും ഗാലറി സന്ദർ ശനങ്ങളുമെല്ലാമായി ഇണക്കമാർന്ന സമീപനമുള്ളവളും യാത്രാതൽപരയായിരുന്നു അവൾ. പണം കൈവരുമ്പോൾ അവൾ യൂറോപ്യൻ നാടുകളും അമേരിക്കയും സന്ദർശിക്കുമായിരുന്നു.

**ഫെമിനിസ്റ്റുകളും റിബലുകളും**

ഇസ്‌ലാമിലേക്ക് കടന്നുവന്നവരിലധികവും അന്വേഷികളായിരുന്നു. പൊരുൾ തേടുന്ന സത്യാന്വേഷികൾ. ആയതിനാൽ തന്നെ ഇസ്‌ലാമിലേക്കാനയിക്കാനുതകുന്ന വിവിധ തത്ത്വചിന്തകളിലേക്ക് ആകർഷിക്കപ്പെട്ടവരായിരുന്നു അവരെന്നത് അസാധാരണമല്ല- എന്റെ കറുത്ത ദേശീയത പോലെ. *സാറ*യുടെ ഇസ്‌ലാമിലേക്കുള്ള യാത്ര വളഞ്ഞു പുളഞ്ഞതും ഏറെ മുൻകരുതലോടെയുള്ളതുമായിരുന്നു. അവൾ പറഞ്ഞതുപോലെ:

"ഏതോ ഒരു പൊരുൾതേടി ഞാനെപ്പോഴും യാത്രയിലായിരുന്നു. ഞാനതുപേക്ഷിച്ചതേയില്ല. ജീവിതത്തിനൊരു സൽപാന്ഥാവുണ്ടെന്ന ബോധ്യം എനിക്കുണ്ടായിരുന്നു. പക്ഷേ, അതേതെന്ന് കണ്ടെത്തിയിരുന്നില്ല എന്നു മാത്രം. അങ്ങനെ അതിനായുള്ള സാഹസികയാത്ര തുടങ്ങിയപ്പോൾ ഞാനൊരു തികഞ്ഞ രാഷ്ട്രീയക്കാരിയായി. മൂന്നാം ലോകം എന്ന് വിളിക്കപ്പെട്ടിരുന്നിടത്തെ പുരോഗമന വിഷയങ്ങളിൽ വിശിഷ്യാ ഞാനാകൃഷ്ടയായി. സോഷ്യലിസത്തോട് താത്പര്യം വളർന്നിരുന്നു. പതിനേഴിന്റെ പ്രാരംഭത്തിൽ തന്നെ ഞാനൊരു സ്ത്രീപക്ഷവാദികൂടിയായി. എനിക്കായി ആത്മാർപ്പണം ചെയ്തിരുന്ന എന്റെ പിതാവ് വേർപിരിഞ്ഞപ്പോൾ നിസ്സീമമായ സ്നേഹം നഷ്ടപ്പെട്ടതായി ഞാനറിഞ്ഞു. ഫെമിനിസത്തോടുള്ള അടുപ്പത്തിന് ഇതൊരു ഹേതുവാണ്. എന്റെ ആലോചനകളിലത് ഏറെ സ്വാധീനം നേടുകയും അങ്ങനെ സ്ത്രീപക്ഷ ചിന്തയുടെ വിവിധ തത്ത്വങ്ങളെക്കുറിച്ചുള്ള വായന തുടങ്ങുകയും ചെയ്തു. ഒട്ടേറെ പുസ്തകങ്ങൾ ഞാൻ വിഴുങ്ങി. Shere Hite, Naomi Wolf, Germaine Greer, തുടങ്ങിയവക്ക് പുറമെ Simone de Beauvoir പോലുള്ള മഹാ സാഹിത്യങ്ങളും ഞാൻ സശ്രദ്ധം വായിച്ചു".

RIOT GRRRLS എന്ന രഹസ്യ ഫെമിനിസ്റ്റ് സംഘത്തിലായിരുന്നു *ക്ലാര* തന്റെ സ്വത്വം ദർശിച്ചത്. യാന്ത്രിക വ്യക്തിത്വത്തോട് സദാ വിദ്വേഷം പുലർത്തുന്നവളായിരുന്നു അവൾ. ഈ സംഘടനാ തൽപരതയെക്കുറിച്ച് അവളെന്നോട് പറഞ്ഞു:

"സംഗീതത്തോടുള്ള അഭിനിവേശമാണ് RIOT GRRRLS നോട് എന്നെ അടുപ്പിച്ചത്. ലീഡ് ഗിറ്റാർ വായിച്ചിരുന്ന സുഹൃത്തുമൊത്ത് ഞാൻ ബാസ്സ് ഗിറ്റാർ വായിക്കുക പതിവായിരുന്നു. RIOT GRRRLSന്റെ പാട്ടുകൾ ഒരു സുഹൃത്തിന്റെ കടയിൽ നിന്നും കിട്ടിയപ്പോൾ ഞാനതിലാകൃഷ്ടയായി. കവിതകളുമായി അടുപ്പമുള്ള കാലമായിരുന്നു അതെന്നതിനാൽ അവരുടെ ഈരടികൾ എനിക്കേറെ ഹൃദ്യമായി. ആക്ഷേപ ഹാസ്യത്തിന്റെ ചുവയുള്ളവയായിരുന്നു ആ വരികൾ.

**ഇനിയെന്ത്?**

വിദ്യാഭ്യാസവും ധനവും കൂട്ടുകാരും വിനോദങ്ങളും എല്ലാമുണ്ടായിരിക്കെത്തന്നെ ഈ സ്ത്രീകളുടെ ജീവിതത്തിൽ എന്തോ ഒരഭാവം ദൃശ്യമായിരുന്നു. ചിലരതിനെക്കുറിച്ച് ബോധവതികളായിരുന്നുവെങ്കിൽ മറ്റു ചിലരതിനെ അവഗണിക്കാൻ ശ്രമിക്കുന്നവരായിരുന്നു. പക്ഷേ, ലോകത്തിലെ സകല വിനോദങ്ങൾക്കും നികത്താനാകാത്ത ഒരു ശൂന്യത അവരിലെവിടെയോ ഉണ്ടായിരുന്നു എന്നതിൽ സംശയമില്ല.

ജീവിതരീതിയുടെ ലക്ഷ്യബോധമില്ലായ്മയെക്കുറിച്ച് തികഞ്ഞ തിരിച്ചറിവുള്ളവളായിരുന്നു *ആലിയ*.

അവൾ പറയുന്നു:"മുസ്‌ലിമാകുന്നതിന് മുൻപ് ഞാൻ ഒരു അധമ തന്നെയായിരുന്നു. എല്ലാമുണ്ടെങ്കിലും എന്തോ ഒരു കുറവ് എനിക്കനുഭവപ്പെട്ടു. ഞാൻ ആലോചിക്കുമായിരുന്നു. ജീവിതം ഇതിലും അർഥവത്തായ ഒന്നാകേണ്ടതുണ്ട്. വിലയേറിയ കാറുകളിൽ പോകുന്ന പുരുഷന്മാർ ചുറ്റിക്കറങ്ങാൻ എന്നെ ക്ഷണിക്കുമായിരുന്നുവെങ്കിലും എനിക്കതൊന്നും ആകർഷകമായിരുന്നില്ല. സ്വയം ഒരു റോബോട്ട് പോലെയാണെന്ന് തോന്നിയിരുന്നത്. ജോലിക്ക് പോകുക, ശമ്പളം വാങ്ങുക, ചെലവഴിക്കുക, തിരികെ വീട്ടിലെത്തുക- അതു മാത്രമാണോ ജീവിതം? അതിൽ ഒരു ദിശാബോധമുള്ളതായി തോന്നിയില്ല. ഏറെക്കാലമായി ഞാനെന്തോ തിരയുകയായിരുന്നു. 'നാമെന്തിന് ജീവിക്കുന്നു?' എന്നതുപോലുള്ള ചോദ്യങ്ങൾക്ക് ഉത്തരമന്വേഷിക്കുകയായിരുന്നു".

പേക്കൂത്തുകൾക്കു ശേഷം വീട്ടിലെത്തി ജനലിനരികിലിരുന്ന് നിശാവാനം നോക്കി അത്ഭുതം കൂറാറുണ്ടായിരുന്നതായി *ഉമ്മു മുഹമ്മദ്* പറഞ്ഞു: ജീവിതമെന്നത് കൂടുതൽ അർഥപൂർണമായിരിക്കില്ലേ? തന്റെ ജീവിതത്തിന് ഉന്നതമായ ഒരുദ്ദേശ്യമില്ലാതിരിക്കുമോ?

*ക്ലാര*യുടെ വഴിവിട്ട വിനോദങ്ങളിൽ വേരുറച്ചുപോയ ജീവിതരീതിയുടെ പൊലിമപോലും നഷ്ടമാകാൻ തുടങ്ങിയിരുന്നു. അവൾ പറഞ്ഞു: "ഒരുരാത്രി, കൂട്ടമായി പുറത്തുപോയി ഞങ്ങൾ മയക്കുമരുന്നുപയോഗിക്കുകയായിരുന്നു. അന്ന് ഇത്തരം എല്ലാ താൽപര്യങ്ങളും അവസാനിച്ചതായി എനിക്ക് തോന്നി. ഇനിയുമിത് തുടരാൻ എനിക്കാകില്ല. ഇത് ശരിയായ ഒരേർപ്പാടായി തോന്നുന്നില്ല. നിർവികാരയായി ഞാൻ വീട്ടിലേക്ക് തിരിച്ചു. ഇനിയുമിത് ആ

**ഹാജറിന്റെ ഇസ്‌ലാമുമായുള്ള സമാഗമം ആസൂത്രിതമല്ലാതിരുന്നതുപോലെ അവിചാരിതവുമായിരുന്നില്ല. ഒരു നൃത്ത സംഗീത സദസ്സിൽ പങ്കെടുക്കവെ അവൾ അടുത്തിടെ ഇസ്‌ലാം സ്വീകരിച്ച ഒരു വ്യക്തിയെ കണ്ടുമുട്ടുകയും സൗഹൃദം പങ്കിടുകയുമുണ്ടായി. തന്റെ മൂന്നു വയസ്സുള്ള മകനെ സ്കൂളിലേക്കയക്കുന്നതിലുള്ള ആശങ്കകൾ അവൾ പലപ്പോഴും പ്രകടിപ്പിക്കുമായിരുന്നു.**

വർത്തിക്കാനാകില്ല എന്നു തന്നെയായിരുന്നു തീരുമാനം. സകല ഇഷ്ടങ്ങളും അഭിനിവേശങ്ങളും നഷ്ടപ്പെട്ടു. നനുത്ത സന്ധ്യയിൽ എല്ലാമെനിക്ക് ഭീതിതമായി തോന്നി".

വ്യത്യസ്തമായൊരു കഥയായിരുന്നു *ഉമ്മു താരീഖി*ന് പറയാനുണ്ടായിരുന്നത്. കുടുംബ പ്രാരാബ്ധങ്ങളിലും ജോലിയിലുമെല്ലാമായി അമ്പതുകളിലെത്തിയപ്പോഴാണ് താൻ വളർന്ന വിശ്വാസത്തെക്കുറിച്ച് അവർ ചിന്തിക്കാൻ തുടങ്ങിയത്. അവർ പറഞ്ഞു:

"ഞാൻ മരിക്കുകയാണെങ്കിൽ? ഞാനാലോചിച്ചു. തീർത്തും മോശമായ പര്യവസാനമെന്നറിയുന്ന നരകത്തിന്റെ ആർത്തനാദം കേട്ടാണ് നിങ്ങൾ വളരുന്നത്. മരണമടുത്തുവെന്നും മരണാനന്തരം നിങ്ങൾക്കെന്ത് സംഭവിക്കുമെന്നും നിശ്ചയമായും നിങ്ങളറിയുന്നുമുണ്ട്. ദൈവാരാധനയെക്കുറിച്ച് ഞാൻ കൂടുതൽ ഗൗരവമായി ചിന്തിക്കാൻ തുടങ്ങി".

ഇതവരെ അന്വേഷണാത്മകമായ ഒരു യാത്രയിലേക്ക് നയിച്ചു. ശരിയായ ദൈവാലയം-ശരിയാംവിധം ദൈവം ആരാധിക്കപ്പെടുന്ന ഒരു ചർച്ച് - കണ്ടെത്താനുള്ള യാത്രയിലേക്ക്.

**ഇസ്‌ലാമുമായുള്ള സമാഗമം**

ഹാജറിന്റെ ഇസ്‌ലാമുമായുള്ള സമാഗമം ആസൂത്രിതമല്ലാതിരുന്നതുപോലെ അവിചാരിതവുമായിരുന്നില്ല. ഒരു നൃത്ത സംഗീത സദസ്സിൽ പങ്കെടുക്കവെ അവൾ അടുത്തിടെ ഇസ്‌ലാം സ്വീകരിച്ച ഒരു വ്യക്തിയെ കണ്ടുമുട്ടുകയും സൗഹൃദം പങ്കിടുകയുമുണ്ടായി. തന്റെ മൂന്നു വയസ്സുള്ള മകനെ സ്കൂളിലേക്കയക്കുന്നതിലുള്ള ആശങ്കകൾ അവൾ പലപ്പോഴും പ്രകടിപ്പിക്കുമായിരുന്നു. മകനെ നല്ലനിലയിൽ വളർത്തപ്പെട്ട കുട്ടികൾക്കിടയിൽ പാർപ്പിക്കാനായിരുന്നു അവളുടെ താൽപര്യം. എന്നാൽ സ്വകാര്യ സ്കൂളുകളിലേക്കയക്കാനവൾ ഇഷ്ടപ്പെട്ടതുമില്ല. അവളുടെ സുഹൃത്ത് കുട്ടിയെ ഒരു മുസ്‌ലിം സ്കൂളിലേക്കയക്കാനാണ് ഉപദേശിച്ചത്.

"ഒരു നിലയ്ക്കുമില്ല!" അതായിരുന്നു അവരുടെ ആദ്യ പ്രതികരണം. അവൾ പറയട്ടെ: "ആ മതവിശ്വാസികളാൽ അവനെ ഒരു മസ്തിഷ്കപ്രക്ഷാളനം ചെയ്യപ്പെട്ടവനാക്കാൻ ഞാനാഗ്രഹിക്കുന്നില്ല. എന്നാൽ കുറെ ചർച്ചകൾക്കു ശേഷം ഞങ്ങളുടെ പ്രദേശത്തുള്ള ഒരു മുസ്‌ലിം സ്കൂൾ സന്ദർശിക്കാൻ ഞാൻ തീരുമാനിച്ചു. കറുപ്പിൽ പൊതിഞ്ഞ ഒരു സഹോദരിയാണ് എന്നെ സ്വീകരിച്ചത്. ഈ അവസ്ഥയിൽ മുന്നോട്ടുപോകണോ എന്ന ശങ്കയിൽ ഞാൻ നിന്നു. എന്നാൽ ആ മൂടുപടത്തിനു പിന്നിലെ സ്വാഗത സ്വരം എന്നെ ഉത്കണ്ഠാകുലയാക്കി. ഞാൻ അകത്തേക്ക് ക്ഷണിക്കപ്പെട്ടു. എന്റെ ജിജ്ഞാസയെ സമാശ്വസിപ്പിച്ചുകൊണ്ട് ഹെഡ്മിസ്ട്രസ്സ്; നഴ്സറിയിൽ ഒഴിവില്ലെന്ന സത്യമറിയിച്ചു".

ഒരാഴ്ചക്കു ശേഷം ഹാജറിനെയും കുട്ടിയെയും ഒരഭിമുഖത്തിന് ക്ഷണിച്ചുകൊണ്ട് സ്കൂളിൽ നിന്നുംക്ഷണമുണ്ടായി. ഇതൊരു താൽകാലികം മാത്രമെന്ന നിശ്ചയത്തോടെയാണ് അവനെയവിടെ ചേർത്തത്. അങ്ങനെ കൊച്ചു ഫാരിസ് മുസ്‌ലിം സ്കൂളിൽ പോയിത്തുടങ്ങി.

"ഒടുവിലവനെ മുസ്‌ലിംസ്കൂളിൽ ചേർക്കാൻ എന്നെ നിർബന്ധിതയാക്കിയതെന്തെന്ന് എനിക്കറിയില്ല. ഏറെ ശാന്തപ്രകൃതരായ മതവിശ്വാസികളുടെ കൂടെയാണല്ലൊ അവൻ. എന്നാൽ അവനൊരു മതമുള്ളവനായി വരണമെന്ന് ഞാനാശിച്ചിരുന്നില്ല. നല്ല പെരുമാറ്റ മര്യാദകളുള്ള ഒരു കുട്ടിയാകണം, അത്രമാത്രം".

നിശ്ചയമായും ഫാരിസിന് തന്റെ പുതിയ സ്കൂൾ ഇഷ്ടപ്പെട്ടു എന്നു മാത്രമല്ല താൽപര്യജനകമായ കഥകളുമായാണ് അവനെന്നും വീട്ടിലെത്തിയിരുന്നത്. എന്നാൽ അവൻ കൊണ്ടുവന്നിരുന്ന ഇസ്‌ലാമിക നിയമങ്ങളും മര്യാദകളും അംഗീകരിക്കാൻ ഹാജർ ഒരിക്കലും തയാറുള്ളവളായിരുന്നില്ല.

"ഇസ്‌ലാമിക ദൃഷ്ട്യാ എന്തെങ്കിലുമൊന്ന് അനുവദനീയമല്ല എന്നവൻ പറയുമ്പോഴെല്ലാം ഞാൻ പറയുമായിരുന്നു: "ഫാരിസ്, നമ്മുടെ ജീവിതം അനുശാസിക്കേണ്ടത് ഈ ആളുകളല്ല. നാമിങ്ങിനെ ജീവിക്കുന്നു. നീ അവിടെ പഠിക്കാൻപോകുന്നു; അത്രമാത്രം. എന്നാൽ ഒരു ദിവസം അവൻ ഖുർആനോതുന്നത് കേൾക്കാനിടയായി. മനോഹരമായിരുന്നു അത്. ഒരു നാൾ സ്കൂളിൽ നിന്നും വന്ന അവനെന്നോട് അബ്രഹാമി(ഇബ്റാഹീം)ന്റെ കഥ പറഞ്ഞു. തീയിലെറിയപ്പെട്ട അദ്ദേഹത്തിന് അല്ലാഹു തണുപ്പേകിയ സംഭവം. ചേതോഹരമായിരുന്നു അത്. അങ്ങനെ അവൻ കഥ പറയവെ ഞാൻ പറഞ്ഞു: ഇത് നിന്നെ ആകർഷിച്ചതുപോലെ എന്നെയും ആകർഷിച്ചിരിക്കുന്നു".

തന്റെ മകനെന്താണ് പഠിക്കുന്നതെന്ന് നോക്കാനുള്ള പരിശ്രമത്തിലേക്ക് ഹാജറിനെ നയിച്ചതിതായിരുന്നു. ഫാരിസിന്റെ പ്രധാനാധ്യാപികയോടും കളിക്കൂട്ടുകാരോടുമൊപ്പം അവൾ സമയം ചെലവിടാൻ തുടങ്ങി. താമസിയാതെ പള്ളിയിലെ വെള്ളിയാഴ്ച ഖുത്ബയിലവൾ പങ്കെടുക്കാനാരംഭിച്ചു. ആ സമയത്ത് ജോലി സംബന്ധമായ കരാറുകളിലൊന്നുമേർപ്പെടാതിരിക്കാൻ അവൾ പ്രത്യേകം ശ്രദ്ധിച്ചു.

"അവിടത്തെ പ്രസംഗങ്ങളോരോന്നും എനിക്കൊരു വെളിപാടുപോലെയായിരുന്നു. ഞാനതിനെ ഒരുപ്രതിവാര പതിവാക്കി മാറ്റി. മോടിപിടിപ്പിച്ച ലിനൻകോട്ടും ഷിഫോൺ സ്കാർഫും ധരിച്ചായിരുന്നു എന്റെ പതിവു യാത്ര. ആത്മീയ നിർവൃതിയോടെ ജോലിയിൽ തിരിച്ചെത്തുമ്പോൾ ആരും കാണാതിരിക്കാൻ ഞാനത് അഴിച്ചുമാറ്റുമായിരുന്നു. ആ വസ്ത്രത്തിന്റെ സാന്ത്വനം ആസ്വാദ്യമായിത്തുടങ്ങിയിട്ടില്ലാതിരുന്നതിനാൽ ഓരോ തവണയുമെനിക്കിത് ക്ലേശകരമായ അനുഭവമായിരുന്നു. എന്നിൽ രണ്ടു പ്രതിരൂപങ്ങൾ, രണ്ട് വ്യക്തിത്വങ്ങൾ, രണ്ട് ജീവിതങ്ങൾ രൂപപ്പെടുന്നതുപോലെ എനിക്ക് തോന്നി. ഈ രണ്ട് ജീവിതത്തെയും നിരീക്ഷിക്കുവാനും അതിൽ കൂടുതൽ ഗുണകരവും സംതൃപ്തവുമേതെന്ന് നിർണയിക്കാനും ഞാൻ നിശ്ചയിച്ചു. രണ്ടിന്റെയും ഗുണദോഷങ്ങൾ അവലോകനം ചെയ്തശേഷം അവസാനം നിസ്സംശയം ഞാൻ തീരുമാനിച്ചു: എനിക്കിതുവരെ പരിചയമുണ്ടായിരുന്ന ജീവിത

**<u>തന്റെ മകനെന്താണ് പഠിക്കുന്നതെന്ന് നോക്കാനുള്ള പരിശ്രമത്തിലേക്ക് ഹാജറിനെ നയിച്ചതിതായിരുന്നു. ഫാരിസിന്റെ പ്രധാനാധ്യാപികയോടും കളിക്കൂട്ടുകാരോടുമൊപ്പം അവൾ സമയം ചെലവിടാൻ തുടങ്ങി. താമസിയാതെ പള്ളിയിലെ വെള്ളിയാഴ്ച ഖുത്ബയിലവൾ പങ്കെടുക്കാനാരംഭിച്ചു. ആ സമയത്ത് ജോലി സംബന്ധമായ കരാറുകളിലൊന്നുമേർപ്പെടാതിരിക്കാൻ അവൾ പ്രത്യേകം ശ്രദ്ധിച്ചു.</u>**

രീതികളെക്കാളേറെ വാഗ്ദാന ദായകവും ആസ്വാദ്യകരവുമാണ് എന്റെ പുതിയ ജീവിത രീതി. എന്റെ 'കൊക്കൂൺ' പൊട്ടാൻ പാകമായിരുന്നു!"

യഥാർഥ ദൈവാരാധന നടക്കുന്ന ഒരു ചർച്ചിനായുള്ള അന്വേഷണത്തിനിടയിലാണ് *ഉമ്മുത്വാരീഖി*ന്റെ ഇസ്‌ലാമുമായുള്ള സമാഗമമുണ്ടായത്. വിശ്വാസ ദൃഢീകരണത്തിന് പ്രതിജ്ഞയെടുത്ത അവർ വിവിധ ചർച്ചുകളെക്കുറിച്ചന്വേഷിക്കുകയായിരുന്നു.

"നിർദേശിക്കപ്പെട്ടത് പെന്തക്കോസ്ത് പള്ളിയായിരുന്നു. കുറച്ചുകാലം ഞാനവിടെപ്പോയി. അവർ പാടിയിരുന്ന പാട്ടുകൾ ആകർഷണീയമായിരുന്നു. ഞാൻ കരുതി: അതെ, ഇതു തന്നെയാണത്. എന്നാൽ ഇവർ ആരാധിക്കുന്നത് ദൈവത്തെയല്ല എന്ന് താമസിയാതെ ഞാൻ തിരിച്ചറിഞ്ഞു. യേശു എങ്ങനെയാണ് പ്രാർഥിച്ചത്? ആരോടാണ് പ്രാർഥിച്ചത്? അവർ യേശുവിനോടാണ് പ്രാർഥിച്ചിരുന്നത്, ദൈവത്തോടല്ല. എന്നാൽ യേശു എല്ലായ്പോഴും ദൈവത്തോടാണ് പ്രാർഥിച്ചത്. ബൈബിൾ പറയുന്നതുപോലെ പിതാവിനോട്. ആയതിനാൽ ഞാൻ ചിന്തിച്ചു; ഇത് സത്യമാകാനിടയില്ല. സത്യത്തിൽ ഞാനൊരിക്കലും ക്രൈസ്തവതയെ ചോദ്യം ചെയ്തിട്ടില്ല. പക്ഷേ, വ്യത്യസ്ത ചർച്ചുകളെ താരതമ്യം ചെയ്ത് ആലോചിക്കുകയായിരുന്നു. സത്യം അവയിലെവിടെയോ ഉണ്ട്. എനിക്കതെങ്ങനെ കണ്ടെത്താം?"

അവരുടെ മകനും മരുമകളും നേരത്തേ ഇസ്‌ലാമാശ്ലേഷിച്ചിരുന്നു. അവർ പറയട്ടെ:

"ഇസ്‌ലാമിനെക്കുറിച്ച് ഒരിക്കലും കേട്ടിട്ടില്ലാതിരുന്നതിനാൽ എന്റെ മകൻ മുസ്‌ലിമായി എന്നറിഞ്ഞപ്പോൾ ഞാൻ സ്തബ്ധയായി. ഇതപരിചിതമാണ്. ഞാനിത് കേട്ടിട്ടുപോലുമില്ല. ഇത് പുതിയ എന്തോ ഒന്നാണ്. അതിനാൽ ഞാനവരോട് പറയുമായിരുന്നു: സത്യം നിങ്ങൾ സ്വീകരിച്ചതല്ല. അത് ക്രൈസ്തവത തന്നെയാണ്. ശരിയായ ഒരു ചർച്ച് കണ്ടെത്തുക മാത്രമാണ് മാർഗം".

"മകൻ പറഞ്ഞു: 'അമ്മേ, നമ്മിലൊരാൾ തെറ്റായ പാതയിലാണുള്ളത്'. ഞാൻ പറഞ്ഞു: 'ശരി, എന്നാൽ അതു ഞാനല്ല'. അവനുമായി ദേഷ്യപ്പെടുക പതിവായിരുന്നുവെങ്കിലും ആരാണ് സത്യത്തിന്റെ പാതയിലെന്നറിയാനുള്ള അതിയായ ആഗ്രഹം എനിക്കുണ്ടായിരുന്നു. ബർണബാസിന്റെ സുവിശേഷവുമായി മകൻ വീട്ടിലെത്തിയ അന്നാണ് കാര്യങ്ങളെല്ലാം ശരിക്കും മാറിമറിഞ്ഞത്. തുറന്ന മനസ്സോടെ ഞാനത് വായിച്ചു. യേശു കുരിശിൽ മരണപ്പെട്ടിട്ടില്ല എന്ന് എനിക്കത് പറഞ്ഞുതന്നു. സത്യസന്ധമായി പറയട്ടെ, അതുമൂലം ദൈവമെന്നെ നേർമാർഗത്തിലേക്ക് നയിക്കുകയായിരുന്നു. അതെന്നെ പിടിച്ചുനിർത്തി ചിന്തിപ്പിച്ചു: ദൈവം എന്തിനും കഴിവുറ്റവനാണ്. എന്തിനവൻ യേശുവെന്ന മഹാനായ പ്രവാചകന് ഇത്തരം വേദനയേറിയ മരണം നൽകി? ഞാനാ ഗ്രന്ഥം വായിച്ചുകൊണ്ടേയിരുന്നു. അതായിരുന്നു സകലതിനും അന്ത്യം കുറിച്ചത്. അല്ലാഹു എന്റെ ഹൃദയത്തിലെ മറ എടുത്തുമാറ്റി. ഞാൻ വിശ്വാസിനിയായി".

തന്റെ സർവകലാശാലാ സുഹൃത്തുക്കളിലൂടെയാണ് *മേയി* ഇസ്‌ലാമിനെ പരിചയപ്പെട്ടത്. അവൾ അവധിക്ക് വീട്ടിൽപോയ വർഷം അവരിലേറെപേർ ഇസ്‌ലാമാശ്ലേഷിച്ചിരുന്നു. അവരെക്കാണാൻ കാമ്പസിലെത്തിയ മേയിയോടവർ അവളുടെ താൽപര്യമാരാഞ്ഞു:

"ഞാൻ പറഞ്ഞു: ഇത്തരം മതത്തിൽ ഞാൻ തൽപരയല്ല. ഇസ്‌ലാമിന്റെ പഞ്ചസ്തംഭങ്ങൾ പോലെ ചിലത് ഞാൻ സ്കൂളിൽ പഠിച്ചിരുന്നു. അതൊഴികെയെല്ലാം ഞാൻ മറന്നുപോയിരുന്നു. എനിക്കൊരു മതമുണ്ടെങ്കിൽ അതേതാണെന്നവർ എന്നോട് ചോദിച്ചു. ഞാൻ പറഞ്ഞു: എനിക്കൊരു മതമുണ്ടായിരുന്നു. പക്ഷേ, അതിനൊരു പേരില്ലായിരുന്നു. അപ്പോൾ അതെന്തായിന്നുവെന്നായി അവർ. ഞാൻ പറഞ്ഞു: ഞാൻ ഒരു ദൈവത്തിൽ വിശ്വസിക്കുന്നു. പക്ഷേ, അവന്റെ രൂപമെങ്ങനെ എന്ന് നമുക്കറിയില്ല. അവനേവരെയും കേൾക്കാം - അവരവനെ ആവശ്യപ്പെടുമ്പോൾ. നിങ്ങൾക്കെന്തും ചെയ്തുതരുവാൻ പ്രാപ്തനാണവൻ".

"പുറംവേദനയുണ്ടായിരുന്നതിനാൽ അക്കാലത്തു ഞാൻ യോഗക്ക് പോകുമായിരുന്നു. ചന്ദ്രാസനം എനിക്ക് നല്ലതാണെന്നാണ് അവർ പറഞ്ഞത്. എന്റെ കൂട്ടുകാർ പറഞ്ഞു: 'നിനക്കറിയുമോ, മുസ്‌ലിംകൾ ദിനേന അഞ്ചുനേരം നമസ്കരിക്കുമ്പോൾ ചെയ്യുന്നതാണിത്'.

"ഇത് ശരിതന്നെയോ എന്നായി ഞാൻ. എന്റെ മതം ഇസ്‌ലാമിനോട് സമാനമാണെന്ന് എന്റെ സുഹൃത്ത് പറഞ്ഞു. വിഡ്ഢിത്തരം പറയരുതെന്ന് ഞാനും. എന്നാൽ ഞങ്ങൾ ഇസ്‌ലാമിനെക്കുറിച്ച് ചർച്ചചെയ്യാൻ തുടങ്ങി. അതെല്ലാം ഏറെ അർഥവത്തായിരുന്നു. രാവും പകലും ഇസ്‌ലാമിനെക്കുറിച്ച് മാത്രമാ യി സംസാരം. എന്നിട്ടും ഞാൻ കരുതിയത് സ്വയം ഒരു മുസ്‌ലിമായി അനുഭവപ്പെടാത്തതിനാൽ ഇസ്‌ലാം എനിക്ക് ചേർന്നതല്ല എന്നാണ്".

"അപ്പോൾ ഇങ്ങനെയൊരു ചോദ്യാവലിയുടെ കടലാസ് എനിക്കാരോ തന്നു: താങ്കൾ ദൈവത്തിൽ വിശ്വസിക്കുന്നുവോ? (ഉണ്ട്). മാലാഖമാരിൽ വിശ്വാസമുണ്ടോ? (ഉണ്ട്). പ്രവാചകന്മാരിൽ നിങ്ങൾ വിശ്വസിക്കുന്നുവോ? (ഓ, തീർച്ചയായും). ചോദ്യങ്ങൾക്കൊടുവിലായി അതിലു ണ്ടായിരുന്നത് ചോദ്യങ്ങൾക്കെല്ലാം 'ഉണ്ട്' എന്നാണുത്തരമെങ്കിൽ നിങ്ങൾ മുസ്‌ലിമാണ് എന്നായിരുന്നു".

"എനിക്ക് വീർപ്പുമുട്ടി! ഹോ, ഞാനൊരു മുസ്‌ലിമാണ്. എന്റെ ദൈവമേ, എനിക്ക് മുസ്‌ലിമാകാൻ കഴിയില്ല. എന്റെ രക്ഷിതാക്കളെന്നെ കൊന്നുകളയും. പക്ഷേ, ഞാനെന്റെതായ തീരുമാനമെടുത്തിരുന്നു. എന്നാലത് എന്റെ മാതാപിതാക്കൾക്ക് വേണ്ടിയല്ല, എന്റെ യഥാർഥ രക്ഷിതാവിനു വേണ്ടിയായിരുന്നുവെന്ന് ഞാൻ പൊടുന്നനെ തിരിച്ചറിഞ്ഞു".

ഇസ്‌ലാം തങ്ങൾക്കു മുമ്പിൽ സമർപ്പിക്കപ്പെട്ട മാത്രയിൽതന്നെ ജീവിതത്തിലേക്കതിനെ സ്വാഗതം ചെയ്യുകയോ അംഗീകരിക്കുകയോ ചെയ്തവരായിരുന്നില്ല ഇവരാരും.

(അവസാനിക്കുന്നില്ല).

**യഥാർഥ ദൈവാരാധന നടക്കുന്ന ഒരു ചർച്ചിനായുള്ള അന്വേഷണത്തിനിടയിലാണ് ഉമ്മുത്വാരിഖിന്റെ ഇസ്‌ലാമുമായുള്ള സമാഗമമുണ്ടായത്. വിശ്വാസ ദൃഢീകരണത്തിന് പ്രതിജ്ഞയെടുത്ത അവർ വിവിധ ചർച്ചുകളെക്കുറിച്ചന്വേഷിക്കുകയായിരുന്നു.**

### സമർപ്പണത്തിൻെറ രാജപാതയിലേക്ക്

**ആത്മീയമായ വെളിച്ചം തേടി അലയുകയും ഒടുവിൽ ഇസ്‌ലാമിൻെറ ശാദ്വല തീരത്തിലേക്ക് വന്നെത്തുകയും ചെയ്ത പാശ്ചാത്യരായ കുറെ വനിതകളുടെ അനുഭവങ്ങൾ വിവരിക്കുകയാണ് അവരിൽ പെട്ട ഒരാളായ നാഇമ ബി. റോബർട്ട്.**

# എന്റെ സഹോദരിമാരുടെ വഴികൾ

നാഇമ ബി. റോബർട്ട്

വിദൂര ദേശങ്ങളിലെ വിവിധ വർഗത്തിൽ പെട്ടയാളുകൾ ഇസ്‌ലാം സ്വീകരിച്ച കഥകൾകേട്ട് ഒരിക്കലും മടുത്തവരല്ല മുസ്‌ലിംകൾ. വ്യത്യസ്ത ചുറ്റുപാടുകളിലെ വ്യക്തികൾ ജീവിതത്തിന്റെ അർഥത്തെ പ്രതി ഒരുപൊതു ബോധ്യത്തിൽ ഒന്നിക്കുന്നതിനെ ഓർമപ്പെടുത്തുക എന്നത് ഒരു പ്രചോദനം തന്നെയാണ്. ഇസ്‌ലാമിനുള്ളിലെ സഹോദരിമാരായിക്കൊണ്ട്, ആ വൃത്തത്തിനുള്ളിലെ ഭാഗം എന്ന നിലയ്ക്ക് ഇത്തരം ആകർഷകമായ കഥകൾ ഞങ്ങൾക്ക് സുപരിചതമാണ്. അവർ ഞങ്ങളുടെ ചരിത്രത്തിന്റെ ഏടുകളാണ്. എന്നാൽ അമുസ്‌ലിം സ്ത്രീകൾക്ക് അവ ദുരൂഹമായിത്തന്നെ നിലനിൽക്കുന്നു എന്നും ഞങ്ങളുടെ വഴിയിൽ കണ്ടുമുട്ടുന്ന, അങ്ങുദൂരെ താമസിക്കുന്ന, ഞങ്ങളുടെ കുട്ടികളോടൊപ്പം പഠിക്കുന്നവരുടെ മാതാക്കളാണവരെങ്കിലും. ആ അകത്തളം തുറക്കാൻ സമയമായി എന്നെനിക്ക് തോന്നുന്നു. വിവിധ ദേശക്കാരൂ വിവിധ നിറങ്ങളിലുള്ളവരും വ്യത്യസ്ത പശ്ചാത്തലങ്ങളുള്ളവരും പല പ്രായക്കാരുമായ ആളുകളെ സംയോജിപ്പിക്കുന്ന ഒരു ആത്മീയ യാത്രയുടെ അത്ഭുതങ്ങൾ പങ്കുവെക്കാനുതകുമാറ്, കഴിഞ്ഞ ആറുവർഷക്കാലമായി അതിന്റെ ഭാഗമാകാനുള്ള ഭാഗ്യം സിദ്ധിച്ച എനിക്ക് ആ വൃത്തത്തിൽ നിന്നും നേടാനായത് പങ്കിടാൻ ഞാനാഗ്രഹിക്കുകയാണ്.

**അയലത്തെ പെൺകൊടികൾ**

ഇവിടെ പ്രതിപാദിക്കുന്ന സ്ത്രീകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഒരുകാര്യം അവരെല്ലാം ഈ സമൂഹത്തിന്റെ ഉൽപന്നങ്ങളാണെന്നതാണ്. അവരതിൽ പിറന്നവരാണ്. അതിന്റേതായ രീതിയിൽ വിദ്യാഭ്യാസം നേടിയവരാണ്. അതിന്റെ വിശ്വാസമുൾക്കൊണ്ടവരാണ്. അതിന്റെ പ്രതീക്ഷകൾക്കൊത്ത് ജീവിച്ചവരുമാണ്. ഓകസ്ഫഡ് സ്ട്രീറ്റിലും എജ്‌വെയർ റോഡിലും 'മുഖം മറച്ച' മുസ്‌ലിം സ്ത്രീകളായി അറബിപ്പെണ്ണുങ്ങളെ മാത്രം കണ്ടിരുന്ന അതിവിദൂരമല്ലാത്ത ഒരു കാലമുണ്ടായിരുന്നു. ഏതായാലും സമകാല ഇംഗ്ലണ്ടിൽ കാണുന്ന 'മൂടുപടത്തിനു പിന്നിലെ' സഹോദരിമാരെ ഒറ്റ നോട്ടത്തിൽപോലും മധ്യേഷ്യരെന്ന് പറയേണ്ടിവരില്ല. മുസ്‌ലിമായതിനു ശേഷം ഇംഗ്ലീഷുകാരും വെയ്ൽസുകാരും അമേരിക്കക്കാരും ആഫ്രിക്കയിൽ നിന്നുള്ള കറുത്ത സഹോദരിമാരുമുൾപ്പെടെ ചൈന, മലേഷ്യ, തയ്‌വാൻ എന്നിവിടങ്ങളിൽ നിന്നെല്ലാമുള്ള സ്ത്രീകളെ ഇസ്‌ലാമി

**ഇസ്‌ലാമിനെ 'കണ്ടെത്തുന്നവരി'ൽ പാശ്ചാത്യ അമുസ്‌ലിംകൾ മാത്രമല്ല ഉള്ളത്. മുസ്‌ലിമായി ജനിച്ച് അൽപമെല്ലാം അപ്രകാരം വളർന്ന മുസ്‌ലിം നാമധാരികളായ ഇക്കാലത്തെ യുവതീ യുവാക്കൾ ജീവിക്കുന്നത് പീറ്ററിനെയും ജയിനെയും പോലെ 'പാശ്ചാത്യ'രായാണ്. 'അല്ലാഹ്' എന്ന നാമം അവർക്കപരിചിതവും ഇസ്‌ലാമിക വിശ്വാസ–കർമാനുഷ്ഠാനങ്ങൾ അന്യവുമാണ്.**

ലേക്ക് തിരിച്ചുവന്നവരായി എനിക്ക് കാണാൻ കഴിഞ്ഞിട്ടുണ്ട്. ഏറെ വിദൂരമായ ന്യൂസിലണ്ടിൽനിന്നും- അതെ, ശരിയായ കിവി- ആസ്ത്രേലിയയിൽനിന്നുപോലും ഇസ്‌ലാം സ്വീകരിച്ചവരെ ഞാൻ കണ്ടുമുട്ടി.

വ്യത്യസ്തമായ സംസ്കാരമാർന്ന മുസ്‌ലിം സ്ത്രീയല്ലെങ്കിൽത്തന്നെയും അവൾ നിലകൊള്ളുന്ന ആശയത്തെ സംബന്ധിച്ച് വളരെ എളുപ്പത്തിൽ സാമാന്യവത്കരിക്കപ്പെടുകയും അപമാനിക്കപ്പെടുകയും ചെയ്യും: "അതെ, അവൾ നമ്മെപ്പോലെയല്ല, അല്ലേ?".

വാസ്തവത്തിൽ ഈ സ്ത്രീ നിങ്ങളുടെ തൊട്ട അയൽവാസി തന്നെയാകാം. നിങ്ങളുടെ മകളോടൊത്ത് സ്കൂളിൽ പോകുന്നവളാകാം. അതുമല്ലെങ്കിൽ നിങ്ങളുടെ മകൻ വിവാഹമാഗ്രഹിച്ചിരുന്നവളാകാം. അവളൊരു പക്ഷേ, മാളികയിലോ മണിമാളികയുടെ ചായ്പിലോ വളർന്നവളാകാം. പട്ടണത്തിലെ ഉച്ചാരണ ശുദ്ധിയോടെ സംസാരിക്കുന്നവളോ ഗ്രാമത്തിലെ താളാത്മക ശൈലിയിൽ മൊഴിയുന്നവളോ ആകാം.

**കടപുഴകിയ മുസ്‌ലിംകൾ**

ഇസ്‌ലാമിനെ 'കണ്ടെത്തുന്നവരി'ൽ പാശ്ചാത്യ അമുസ്‌ലിംകൾ മാത്രമല്ല ഉള്ളത്. മുസ്‌ലിമായി ജനിച്ച് അൽപമെല്ലാം അപ്രകാരം വളർന്ന മുസ്‌ലിം നാമധാരികളായ ഇക്കാലത്തെ യുവതീ യുവാക്കൾ ജീവിക്കുന്നത് പീറ്ററിനെയും ജയിനെയും പോലെ 'പാശ്ചാത്യ'രായാണ്. 'അല്ലാഹ്' എന്ന നാമം അവർക്കപരിചിതവും ഇസ്‌ലാമിക വിശ്വാസ-കർമാനുഷ്ഠാനങ്ങൾ അന്യവുമാണ്. വിവിധങ്ങളായ കാരണങ്ങളാൽ മക്കളെ ബോധപൂർവം 'ഇസ്‌ലാമില്ലാതെ' വളർത്താൻ പ്രതിജ്ഞയെടുത്ത മാതാപിതാക്കളുമുണ്ട്. ചിലർ തങ്ങളുടെ സന്താനങ്ങൾ അവർ ജീവിക്കുന്ന സമൂഹവുമായി ചേർന്ന് മുന്നേറുവാനെങ്കിൽ മറ്റു ചിലർ മതത്തിൽ വശംവദരായി വിദ്യാഭ്യാസത്തിലെ ശ്രദ്ധ നഷ്ടമാകാതിരിക്കുവാനാണ്. എന്നാലിനിയും ചിലർ സാംസ്കാരിക ഭാരം അവരുടെ പുരോഗതിക്ക് തടസ്സമാകാതിരിക്കുവാനാണ്. ഇവരൊക്കെ പക്ഷേ, തങ്ങളുടെയും കുട്ടികളുടെയും ജീവിതത്തിന് ഇസ്‌ലാം ഗുണകരമാകുമോ എന്ന് രഹസ്യമായി സംശയിക്കുന്നവരാണ്. അതിനാൽ ഇവിടെ പ്രതിപാദിക്കപ്പെടുന്നവരിൽ അമുസ്‌ലിം കൂട്ടുകാരൊത്ത് സ്കൂളിൽ പോകുകയും അവരുടെ സ്വഭാവ രീതികളും വിശ്വാസങ്ങളുമുൾക്കൊണ്ട് അവരുടെ സാംസ്കാരിക പ്രചോദനങ്ങൾക്ക് ഇരയാകുന്ന മുസ്‌ലിം പാരമ്പര്യമുള്ള സ്ത്രീകളുണ്ട്. ഈ സമൂഹത്തിന്റെ തന്നെ ഭാഗമായ അവരുടെ ഇസ്‌ലാമിലേക്കുള്ള പ്രവേശനം മറ്റു പാശ്ചാത്യ സ്ത്രീകളെ അപേക്ഷിച്ച് അസാധാരണമോ അപ്രതീക്ഷിതമോ അല്ലതന്നെ.

ഇസ്‌ലാമിക സ്വാധീനം ഒട്ടുമില്ലാതിരുന്ന വീട്ടിലാണ് *സാറ* വളർന്നത്. അവളെന്നോട് പറഞ്ഞു:

"അനുഷ്ഠാനങ്ങളേതുമില്ലാതിരുന്ന ഒരു മുസ്‌ലിമായിരുന്നു എന്റെ പിതാവ്. പന്നിയിറച്ചി കഴിക്കാതിരിക്കുക എന്നതുമാത്രമാണ് ഇസ്‌ലാമിൽ നിന്നും അദ്ദേഹം കൈക്കൊണ്ട ഏക നിബന്ധന. അദ്ദേഹമെപ്പോഴെങ്കിലും അല്ലാഹുവെക്കുറിച്ച് സംസാരിക്കുന്നതോ, നമസ്കരിക്കുന്നതോ, റമദാനിൽ വ്രതമെടുക്കുന്നതോ മറ്റെന്തെങ്കിലുമോ ഞാൻ കണ്ടിട്ടില്ല. എന്നെ സംബന്ധിച്ചിടത്തോളമത് തികച്ചും അന്യമായിരുന്നു. എന്റെ പിതാവ് യൂറോപ്യൻ സംസ്കാരവുമായി ശരിക്കും പ്രണയത്തിലായിരുന്നു. പാക്കിസ്താനിലെ വിപത്തുകളെ അപേക്ഷിച്ച് യൂറോപ്യൻ സാമൂഹ്യ വ്യവസ്ഥിതി അദ്ദേഹത്തിന് ആകർഷണീയവും തന്റെ ചിന്താഗതിയുമായിണങ്ങുന്നതുമായിരുന്നു. കലയും സംഗീതവും ഭാഷകളും ഇഷ്ടപ്പെട്ടിരുന്ന അദ്ദേഹത്തിന് 'ഉന്നത സാംസ്കാരിക കേന്ദ്രങ്ങള്'ലേക്കുള്ള യാത്ര ആനന്ദപ്രദമായിരുന്നു.

തീർച്ചയായും കൂട്ടുകാരികളിലൂടെ മാത്രമായിരുന്നു സാറയുടെ ഇസ്‌ലാമുമായുള്ള സമാഗമമുണ്ടായത്. അവളുമായുള്ള താദാത്മ്യം അംഗീകരിച്ചിരുന്നുവെങ്കിലും അതിന്റെ അനിവാര്യ പരിണിതിയെ സംബന്ധിച്ച് അവൾ തീരെ ബോധവതിയായിരുന്നില്ല.

ഞാനോർക്കുകയാണ്, എന്റെ ഒരു പാക്കിസ്താനീ സുഹൃത്ത് അവളുടെ സഹോദരന് സമ്മാനിക്കാനായി കണ്ടെത്തിയ മോതിരത്തിൽ 'അല്ലാഹ്' എന്നെഴുതിയിരുന്നു.

"എന്താണതിന്റെ അർത്ഥം?" ഞാൻ ചോദിച്ചു.

"അത് ദൈവത്തിന്റെ പേരാണ്. മുസ്‌ലിംകൾ എന്ന നിലക്ക് ഞങ്ങളുടെ വിശ്വാസമതാണ്"- അവൾ പറഞ്ഞു.

മുസ്‌ലിം വ്യക്തിത്വത്തിൽ നിന്നും ഞാൻ പൂർണമായി വേർപെട്ടിരുന്നു. ഒരു മുസ്‌ലിം നമസ്കരിക്കുന്നത് ജീവിതത്തിലന്നോളം ഞാൻ കണ്ടിരുന്നില്ല. പ്രാർഥനയെക്കുറിച്ച എന്റെ സങ്കൽപം കൈകൂപ്പി നില്ക്കുക എന്നതായിരുന്നു!" മറ്റു മിക്ക പാക്കിസ്താനീ കുട്ടികളും വൈകുന്നേരങ്ങളിൽ മദ്രസയിൽ (അറബി എഴുതാനും വായിക്കാനും ഖുർആൻ ഓതാനും പഠിപ്പിക്കുന്ന ക്ലാസ്സ്) പോകുമ്പോൾ തികച്ചും ഭിന്നമായി *സാറ* 'ബ്രൗണി'കളും 'ഗേൾഗൈഡു'കളുമൊത്ത് 'സൺഡേ സ്കൂളി'ലേക്കാണ് പോയിരുന്നത്.

ഫ്രാൻസിൽ ജനിച്ചു വളർന്ന *ഹാജറിന്റെ*യും വേരുകൾ അറ്റുപോയിരുന്നു. ഫ്രാൻസിലെ കുടിയേറ്റക്കാരായ അനേകം ഉത്തരാഫ്രിക്കക്കാരെപ്പോലെ അറബികളുടെ വലിയ എസ്റ്റേറ്റുകളിലോ, അൾജീരിയക്കാരുടെ ആകർഷണീയ വലയത്തിലോ അല്ല അവൾ വളർന്നത്. അൾജീരിയൻ സ്വാതന്ത്ര്യ സമരത്തിൽ പോരാടിയ *ഹർഖികൾ* അൾജീരിയൻ *ബെർബേഴ്സ്* ആയിരുന്നു. അവരിലൊരാളായിരുന്നു ഹാജറിന്റെ പിതാവ്.

ഹർഖികളുടെ മക്കളെ ഫ്രഞ്ചുകാരായാണ് വളർത്തിയത്. കാരണം അൾജീരിയൻ പൗരത്വത്തിന് യാതൊരു വിലയുമില്ലായിരുന്നു. അവൾ പറഞ്ഞു: "എന്റെ പിതാവ് അറേബ്യൻ സ്വാധീനത്തിൽ നിന്നും ഞങ്ങളെ സദാ മാറ്റിനിർത്തി. ഞങ്ങൾ കഴിഞ്ഞത് ശരിയായ ഫ്രഞ്ചുകാർക്കൊപ്പമായിരുന്നു. വീട്ടിൽ ഫ്രഞ്ചുകാരെന്നോ അൾജീരിയനെന്നോ ഉള്ള വിവേചനത്തിന്റെ വ്യാകുലതയില്ലായിരുന്നുവെങ്കിലും ഫ്രഞ്ചുകാരെന്ന

**മറ്റു മിക്ക പാക്കിസ്താനീ കുട്ടികളും വൈകുന്നേരങ്ങളിൽ മദ്രസയിൽ (അറബി എഴുതാനും വായിക്കാനും ഖുർആൻ ഓതാനും പഠിപ്പിക്കുന്ന ക്ലാസ്സ്) പോകുമ്പോൾ തികച്ചും ഭിന്നമായി സാറ 'ബ്രൗണി'കളും 'ഗേൾഗൈഡു'കളുമൊത്ത് 'സൺഡേ സ്കൂളി'ലേക്കാണ് പോയിരുന്നത്.**

രീതിയിൽ തന്നെയാണ് ഞങ്ങൾ വളർന്നത്. എനിക്കൊരിക്കലും ഒരറബി, അല്ലെങ്കിൽ മുസ്‌ലിം സുഹൃത്തുണ്ടായില്ല. എന്റെ കൂട്ടുകാരെപ്പോഴും കാരീൻ, എവ്‌ലിൻ, ഇസബെല്ല.. തുടങ്ങിയ ഫ്രഞ്ചുകാർ മാത്രം".

ചുറ്റും അറബ് സ്വാധീനങ്ങളൊന്നുമില്ലായിരുന്നുവെങ്കിലും ഇസ്‌ലാമിന്റെ വിലപ്പെട്ട നുറുങ്ങുകൾ അവിടെയുണ്ടായിരുന്നു.

"ഞങ്ങളുടെ വീട്ടിൽ ഇസ്‌ലാം ഒട്ടുമില്ലായിരുന്നു. മതം തന്നെയില്ല. എന്നാൽ വിവാഹം, ചേലാകർമം എന്നിവ ബെർബർ പാരമ്പര്യമെന്നോണം എന്റെ മാതാപിതാക്കൾ പിൻപറ്റിയിരുന്നു".

ബംഗ്ലാദേശുകാരായിരുന്നു മാതാപിതാക്കളെങ്കിലും *ജമീല* വളർന്നത് അനിസ്‌ലാമികമായ അന്തരീക്ഷത്തിലായിരുന്നു.

"ഏഷ്യയിലെ മുസ്‌ലിം കുടുംബമാകേണ്ട ഒരു തറവാട്ടിലാണ് ഞാൻ വളർന്നതെങ്കിലും അതങ്ങനെയല്ലായിരുന്നു. അതിനാൽതന്നെ എന്റെപേര് ജയിൻ എന്നും സഹോദരന്റേത് ഗാവിനെന്നുമായി. യൂപ്, ഗാവിൻ, ജയിൻ!"

ഈ സ്ത്രീകളുടെ ഇസ്‌ലാമുമായുള്ള സമാഗമം അവരുടെ അമുസ്‌ലിം സഹകാരികൾക്കനുഭവപ്പെട്ടതുപോലെ പുതുമയാർന്നതും അസാധാരണവുമായിരുന്നു. നിഷ്ഠയുള്ള ഒരു മുസ്‌ലിമാകാൻ പ്രചോദകമായ യാതൊന്നും അവരുടെ ചുറ്റുപാടിലുണ്ടായിരുന്നില്ല. അവർക്ക് ഇസ്‌ലാമിനെ സ്വയം കണ്ടെത്തി പുതുമയോടെ പുൽകേണ്ടി വന്നു.

**ക്രിസ്തീയ ദേവാലയവും ക്ഷേത്രവും**

എന്നിൽ നിന്നും വ്യത്യസ്തമായി മിക്ക സഹോദരികളും ഏതെങ്കിലും വിധത്തിലുള്ള ഒരു മതവിശ്വാസവുമായാണ് വളർന്നത്. അവ സുദൃഢവും അസാധുവുമായ അവസ്ഥാന്തരങ്ങളിലുള്ള ക്രിസ്തീയ വിശ്വാസങ്ങളും അതുപോലെ താവോയിസത്തിൽ നിന്ന് ജൂതായിസംവരെ, സിക്കിസത്തിൽ നിന്ന് ഹിന്ദൂയിസംവരെ വിവിധങ്ങളുമായിരുന്നു. സകല മതവിശ്വാസങ്ങളിലുമുള്ള സഹോദരിമാരെ എനിക്ക് കണ്ടുമുട്ടാനായി. ചിലരെല്ലാം അവരുടെ വിശ്വാസങ്ങൾ ഞാനുമായി പങ്കുവെക്കുകയുമുണ്ടായി.

സ്വന്തം തലമുറയിലെ മിക്ക കരീബിയൻ സ്ത്രീകളെപ്പോലെ *ഉമ്മു താരീഖും* ഒരു യാഥാസ്ഥിതിക ക്രിസ്ത്യാനിയായിട്ടാണ് വളർന്നത്. അവർ പറയുന്നു: "ഞങ്ങളുടെ മാതാപിതാക്കൾ സദാ ദൈവഭയമുള്ളവരും ദൈവത്തെ അംഗീകരിക്കാനും അവനോട് നന്ദി പറയാനും ഞങ്ങളെ പഠിപ്പിക്കുന്നവരുമായിരുന്നു. അതിനാൽ വളർന്നു വരുമ്പോൾ തന്നെ ഞങ്ങളുടെ മനസ്സിൽ ദൈവഭയമുണ്ടായിരുന്നു".

*ഉമ്മു മുഹമ്മദ്* വളർന്നതും ഉറച്ച മത സ്വാധീനത്തിൽ തന്നെയായിരുന്നു: "എന്റെ മാതാവ് ഞങ്ങളെ വളർത്തിയത് ക്രിസ്ത്യാനിയായിട്ടാണ്. പള്ളിയിലേക്കും സൺഡേ സ്കൂളിലേക്കും ഞങ്ങൾ പോയിരുന്നു. ദൈവത്തെ ഭയപ്പെടുവാനും ദൈവം സദാ നമ്മെ കണ്ടുകൊണ്ടിരിക്കുന്നുവെന്നറിയാനും അവർ ഞങ്ങളെ പഠിപ്പിച്ചിരുന്നു. അത് ശരിക്കുമൊരു പശ്ചിമേന്ത്യൻ പാലനമായിരുന്നു".

*ആലിയ* വളർന്നത് ഒരു മതമുക്ത പശ്ചിമേന്ത്യൻ കുടുംബത്തിലായിരുന്നു. അവളുടെ മുത്തച്ഛന്റെ ക്രിസ്തീയ പ്രമാണങ്ങളിലുള്ള മക്കടമുഷ്ടിയാണതിന് ഹേതുവായത്: "ഞങ്ങൾ മതവിശ്വാസികളായിരുന്നില്ല. ഒരു പക്ഷേ, എന്റെ മുത്തച്ഛൻ 'സെവൻത്ത്ഡേ അഡ്വെന്റിസ്റ്റ്' ആയതുകൊണ്ടായിരിക്കാം അങ്ങനെയായത്. അദ്ദേഹത്തിന്റെ വിശ്വാസ തീവ്രത ഏതു മതത്തിൽ പെട്ടവരായിരുന്നാലും കൊച്ചുകുട്ടികളെപ്പോലും ആട്ടിയോടിക്കും വിധമായിരുന്നു".

*മേയി ലിംഗ്* ചെറുപ്പത്തിൽ തന്നെ ദൈവ വിശ്വാസിയായിരുന്നു: "എനിക്കോർമവെച്ച നാൾ മുതൽ തന്നെ ദൈവ വിശ്വാസം എന്നിൽ സന്നിവേശിക്കപ്പെട്ടിരുന്നു".

താവോയിസത്തിൽ ദൃഢമായി വിശ്വസിച്ചിരുന്ന മുത്തശ്ശിയോടൊപ്പം അവൾ ജീവിതത്തിന്റെ അഞ്ചുവർഷം ചിലവിട്ടിരുന്നു. ഇംഗ്ലണ്ടിൽ സ്ഥിരതാമസമാക്കിയിരുന്ന തന്റെ മാതാപിതാക്കളോടൊത്തുചേരാനായി ക്ഷേത്രത്തിൽ അവരോടൊപ്പം പോകവെ സ്ഥിരമായി പ്രാർഥിക്കുമായിരുന്നു.

"എന്റെ മാതാപിതാക്കൾ താവോയിസ്റ്റുകളായിരുന്നുവെങ്കിലും അനുഷ്ഠാനങ്ങളുള്ളവരായിരുന്നില്ല. മുത്തശ്ശി പക്ഷേ, ശരിക്കും അതിന്റെ ആളായിരുന്നു. ശക്തയായ അവരെ ഞങ്ങൾ നിർലോഭം പിൻപറ്റുകയായിരുന്നു. അവരെ സന്തുഷ്ടയാക്കാൻ മാത്രം എല്ലാ കർമാനുഷ്ഠാനങ്ങളിലും ഞങ്ങൾ പങ്കെടുത്തു. എന്തായിരുന്നാലും, അമ്പലത്തിലെ ബിംബങ്ങളെ ഞാനിഷ്ടപ്പെട്ടിരുന്നില്ല. എനിക്കവ ദൈവങ്ങളല്ല; മറിച്ച് വെറും അലങ്കാരങ്ങൾ മാത്രമായിരുന്നു. ദൈവം എന്നിലുണ്ടെന്നാണ് ഞാൻ കരുതിയിരുന്നത്. അവനേതായാലും ഈ സുവർണ പ്രതിമകളിൽ ഇല്ലതന്നെ".

ഒരിക്കൽ ബ്രിട്ടണിൽ വെച്ച് ക്രിസ്തു മതാധ്യാപനങ്ങളിൽ മേയി ആകർഷിക്കപ്പെടുകയുണ്ടായി. ചർച്ച് സ്കൂളിലെ പഠനമായിരുന്നു അതിന് ഭാഗികമായി ഹേതുവായത്. 'എ' ലെവലിൽ തിയോളജി പഠനത്തിൽ ബൈബിളിനെക്കുറിച്ചും അതിന്റെ ഉത്ഭവത്തെക്കുറിച്ചുമെല്ലാം മനസ്സിലാക്കിയപ്പോൾ അവളുടെ വിശ്വാസം വേദനാജനകമാംവിധം പരീക്ഷിക്കപ്പെടുകയായിരുന്നു.

"ബൈബിൾ പുതിയ നിയമമെന്നത് മെനഞ്ഞെടുത്ത കെട്ടുകഥകൾ മാത്രമാണെന്ന തിരിച്ചറിവ് എന്നിൽ നടുക്കവും ഭയവുമുളവാക്കി. ദ്രവിച്ചുപോയ അവലംബങ്ങളിൽ നിന്നും കണ്ടംതുണ്ടങ്ങളാൽ എഴുതപ്പെട്ടതാണ് പുതിയ നിയമം... നിലത്തുവീണ് ഏടുകൾ തെറിച്ചുപോയ ഒരു പുസ്തകം പേജു നമ്പററിയാതെ പെറുക്കി കെട്ടിയതുപോലെയാണത്. തീർത്തും നിരർഥകം. സ്കൂളിലുണ്ടായിരുന്ന പെൺകുട്ടികളിലധികവും വികാരിമാരുടെ മക്കളായിരുന്നു. ഒരു ക്ലാസ്സ്റൂം ചർച്ചയിൽ അവരിലൊരാൾ പറഞ്ഞു:'ബൈബിൾ കെട്ടിയുണ്ടാക്കിയതാണെങ്കിലും ഞാനതിൽ വിശ്വസിക്കുന്നു. എന്റെ മതത്തിൽ ഞാനുറച്ചു നിൽക്കുന്നു'. അന്നാണ് ഞാനെന്റെ കുരിശ് ഇറക്കിവെക്കുകയും അത് മറന്നുകളയാൻ തീരുമാനിക്കുകയും ചെയ്തത്".

**(വിവ. അബൂഹംന, കാരത്തൂർ)**

ഈ സ്ത്രീകളുടെ ഇസ്‌ലാമുമായുള്ള സമാഗമം അവരുടെ അമുസ്‌ലിം സഹകാരികൾക്കനുഭവപ്പെട്ടതുപോലെ പുതുമയാർന്നതും അസാധാരണവുമായിരുന്നു. നിഷ്ഠയുള്ള ഒരു മുസ്‌ലിമാകാൻ പ്രചോദകമായ യാതൊന്നും അവരുടെ ചുറ്റുപാടിലുണ്ടായിരുന്നില്ല. അവർക്ക് ഇസ്‌ലാമിനെ സ്വയംകണ്ടെത്തി പുതുമയോടെ പുൽകേണ്ടിവന്നു.

### സമർപ്പണത്തിൻെറ രാജപാതയിലേക്ക്

**ആത്മീയമായ വെളിച്ചം തേടി അലയുകയും ഒടുവിൽ ഇസ്‌ലാമിൻെറ ശാദ്വല തീരത്തിലേക്ക് വന്നെത്തുകയും ചെയ്ത പാശ്ചാത്യരായ കുറെ വനിതകളുടെ അനുഭവങ്ങൾ വിവരിക്കുകയാണ് അവരിൽ പെട്ട ഒരാളായ നാഇമ ബി. റോബർട്ട്.**

# അവൾ എന്തിന് പുതുവഴി സ്വീകരിച്ചു?

നാഇമ ബി. റോബർട്ട്

ഒരു മുസ്‌ലിം പുരുഷനുമായുള്ള പ്രണയബന്ധത്തിനിടയിൽ ഒരു സ്ത്രീ ഇസ്‌ലാം സ്വീകരിച്ചാൽ അത് അവനെ തൃപതിപ്പെടുത്താൻ, അവനെ സ്വന്തമാക്കാൻ, അവനു വേണ്ടി എന്നെല്ലാമാണ് ഏവരും കരുതുക.

എന്നാൽ ഇത് സത്യത്തിൽ നിന്നും അതിവിദൂരമെന്ന് ഞാൻ കണ്ടു. മിക്ക സംഭവങ്ങളിലും പുരുഷ പങ്കാളി ഒരു ഉൽപ്രേരകം മാത്രമായി വർത്തിക്കുകയും സ്ത്രീകൾ അവരുടെ വിശ്വാസം സ്വീകരിക്കുന്നതിന് മുമ്പ് 'ദീനിനെ' സ്വതന്ത്രവും ഗവേഷണാത്മകവുമായ പഠനത്തിന് വിധേയമാക്കുകയും ചെയ്യുമായിരുന്നു.

ഉദാഹരണമായി, 'ക്ലാര' യൂണിവേഴ്സിറ്റിയിൽ വെച്ച് 'ഗാരത്തി'നെ പരിചയപ്പെടുമ്പോൾ അനുഷ്ഠാനങ്ങളൊന്നുമില്ലാതിരുന്നിട്ടും അയാൾ ഒരു മുസ്‌ലിമാണെന്നാണ് പറഞ്ഞത്. എന്നാൽ, ഒരു വർഷം 'വേനലവധിക്കു ശേഷം തിരിച്ചുവന്നപ്പോൾ, ഇസ്‌ലാമിനെക്കുറിച്ചറിയാനുള്ള ആഗ്രഹം അദ്ദേഹത്തെ ചിന്താധീനനാക്കിയതായി അവൾ കണ്ടു. ക്ലാര പറയട്ടെ:

"ഞങ്ങൾ കണ്ടുമുട്ടിയപ്പോൾ ആത്മീയതയെക്കുറിച്ച് ഏറെ സംസാരിച്ചു. ക്രമേണ അദ്ദേഹം ഇസ്‌ലാമികാനുഷ്ഠാനങ്ങൾ ആരംഭിക്കുകയായിരുന്നു. 'ദീനിനെ'ക്കുറിച്ചെന്നോട് കുറച്ചൊക്കെ പറയുമായിരുന്നു. എന്റെ ചിന്താമണ്ഡലങ്ങളിൽ ഗാഢമായിത്തന്നെ മതം കടന്നുവരാറുണ്ടായിരുന്നു. ഒളിഞ്ഞും തെളിഞ്ഞും അതെന്റെ പിറകെത്തന്നെയുണ്ടായിരുന്നു. എന്നാൽ 'എന്ത്?' എന്ന ഭാവമായിരുന്നു എന്റേത്. നിങ്ങളിഷ്ടപ്പെടുന്നതെന്തോ അതിൽ വിശ്വസിക്കുക എന്നതിൽ കവിഞ്ഞ് ഒന്നിന്റെയും പിന്നിൽ കൂടേണ്ടതില്ല. പുസ്തകങ്ങൾ വായിക്കാൻ അദ്ദേഹം എന്നെ പ്രേരിപ്പിക്കുമായിരുന്നുവെങ്കിലും ഞാൻ വായിക്കാറില്ലായിരുന്നു. കാരണം ഞാനൊരു കത്തോലിക്കക്കാരിയായിരുന്നു; അത് വലിയ സമാശ്വാസപ്രദമൊന്നുമല്ലായിരുന്നുവെങ്കിലും. അതെ, ഞാനൊരു കത്തോലിക്കക്കാരിയായിരുന്നു. അതിൽ നിന്നും വിഭിന്നമായ യാതൊന്നും എനിക്കാവശ്യമില്ലായിരുന്നു".

എന്നാൽ ഗാരത്ത് ഇസ്‌ലാമിനെക്കുറിച്ചവളോട് പറഞ്ഞുകൊണ്ടേയിരുന്നു. അവളുടെ വിശ്വാസത്തെക്കുറിച്ച് സംസാരിക്കാൻ പ്രേരിപ്പിച്ചുകൊണ്ട് ഇസ്‌ലാമിക വിശ്വാസങ്ങളെക്കുറിച്ച് പറയുമായിരുന്നു.

"സത്യം പറഞ്ഞാൽ ഇസ്‌ലാമാണ് സത്യം എന്നെനിക്ക് ഗ്രഹിക്കാനായി. എന്നാൽ അതിലെ വിധിവിലക്കുകൾ കണ്ടു

**എന്നാൽ ഇത് സത്യത്തിൽ നിന്നും അതിവിദൂരമെന്ന് ഞാൻ കണ്ടു. മിക്ക സംഭവങ്ങളിലും പുരുഷ പങ്കാളി ഒരു ഉൽപ്രേരകം മാത്രമായി വർത്തിക്കുകയും സ്ത്രീകൾ അവരുടെ വിശ്വാസം സ്വീകരിക്കുന്നതിന് മുമ്പ് 'ദീനിനെ' സ്വതന്ത്രവും ഗവേഷണാത്മകവുമായ പഠനത്തിന് വിധേയമാക്കുകയും ചെയ്യുമായിരുന്നു.**

കൊണ്ട് അതിൽനിന്നും ഒഴിഞ്ഞുമാറാൻ എനിക്കായതുമില്ല".

ആദ്യമായി ഗാരത്തിന്റെ സ്വദേശം സന്ദർശിച്ചപ്പോൾ തന്നെ അയാളവളെ ഇതിനകം മുസ്‌ലിമായിക്കഴിഞ്ഞിരുന്ന തന്റെ സഹോദരിയുമൊത്ത് ഇസ്‌ലാമാശ്ലേഷിച്ച മറ്റൊരു സ്ത്രീയുടെ അടുക്കലേക്കയച്ചു. ക്ലേശകരമായ ആ സന്ദർശനത്തിനു ശേഷം മടക്കയാത്രയിൽ തീവണ്ടിയിൽവെച്ച് ക്ലാര അയാളോടു പറഞ്ഞു: "നോ, ഞാനൊരു മുസ്‌ലിമല്ല. മാത്രമല്ല, നിങ്ങൾ മനസ്സിലാക്കുക, ഞാനൊരു മുസ്‌ലിമാകാൻ പോകുന്നുമില്ല. ഇതേക്കുറിച്ച് വീണ്ടും സംസാരിക്കാൻ ഞാനിഷ്ടപ്പെടുന്നുമില്ല".

കുറെ കാലം അങ്ങനെത്തന്നെ കഴിഞ്ഞുപോയി. അവരതിനെക്കുറിച്ച് വീണ്ടും സംസാരിക്കുന്നതിന് മുമ്പു തന്നെ ഇസ്‌ലാമിനെക്കുറിച്ചും മുസ്‌ലിമാകുന്നതിനെക്കുറിച്ചുമെല്ലാം ക്ലാര ചിന്തിക്കുകയായിരുന്നു.

"ഞാൻ കാര്യമായി പരിഗണിച്ചിരുന്ന എന്റെ ജീവിത രീതികളെക്കുറിച്ച് ചിന്തിക്കാനിടനൽകുന്ന ചില സംഭവങ്ങളുണ്ടായി. ക്ലബ്ബിലും മയക്കുമരുന്നിലുമെല്ലാം എനിക്ക് താത്പര്യം കുറഞ്ഞിരുന്നുവെങ്കിലും ആരോടുമത് വെളിപ്പെടുത്തിയില്ല. ഞാനതെല്ലാം ഉള്ളിലൊതുക്കുകയായിരുന്നു. ഗാരത്തിന്റെ ആശയങ്ങൾ അംഗീകരിക്കുക എന്നത് ഒരു പക്ഷേ, യുദ്ധത്തിൽ തോൽവി സമ്മതിക്കുന്നതുപോലെയാണ് എനിക്കനുഭവപ്പെട്ടത്. ആ മർക്കട മുഷ്ടി അപ്പോഴും നിലനിന്നിരുന്നു. സംശയമില്ല; എന്റെ ക്രൈസ്തവത തന്നെ! ഞാനൊരു യൂണിവേഴ്സിറ്റി ബുക്ഷോപ്പിൽ ജോലിചെയ്യവെ, പണ്ടദ്ദേഹം എന്റെ മുറിയിൽ ഇട്ടേച്ചുപോയ ഇസ്‌ലാമിക പുസ്തകങ്ങൾ ഞാൻ വായിച്ചിരുന്നു. അങ്ങനെ ഒരു രാത്രി, കൂട്ടുകാരെല്ലാം ഫ്ളാറ്റുവിട്ടുപോയ സമയം, ഞാൻ ഗാരത്തുമൊത്ത് പുറത്തെ മുറിയിൽ സംസാരിച്ചിരിക്കുകയായിരുന്നു. അനുനയത്തോടെ അദ്ദേഹം ചോദിച്ചു: "ഒരു മുസ്‌ലിമാകാൻ തയാറായിക്കഴിഞ്ഞുവെന്ന് നീയിപ്പോൾ കരുതുന്നുണ്ടോ?"

ഞാനതിന് തയാറായിരുന്നു എന്നതാണ് വാസ്തവം. ആയതിനാൽ ഞാൻ ശഹാദത്ത്- വിശ്വാസത്തിന്റെ സത്യസാക്ഷ്യം- പ്രഖ്യാപിച്ചു. എന്തുകൊണ്ടെന്ന് വിശദീകരിക്കുക അസാധ്യമാണ്. അല്ലാഹു എന്റെ ഹൃദയത്തെ പരിവർത്തിപ്പിച്ചിരിക്കുന്നു! ഞാൻ ഒരു മുസ്‌ലിമായിരിക്കുന്നു!

ഉമ്മു മുഹമ്മദിന് ഇസ്‌ലാമിനെക്കുറിച്ചറിയാനായത് അവളുടെ പങ്കാളിയായ അബ്ദുറഹീമിലൂടെയാണ്.

"അബ്ദുറഹീമിന് താൽപര്യമുള്ള ഒന്നായിരുനു ഇസ്‌ലാം എന്നെനിക്കറിയാമായിരുന്നു. ഇടയ്ക്കെല്ലാം എന്നോടതേക്കുറിച്ച് പറയുമായിരുന്നു. പക്ഷേ, അദ്ദേഹത്തിനതിലിത്രയും ഗൗരവമുണ്ടെന്ന് ഞാനറിഞ്ഞിരുന്നില്ല. ശനിയാഴ്ചയിലെ പുലർക്കാല ഷോപ്പിംഗ് ആവേശത്തിന് ശേഷം മടങ്ങവെ ഹയ്റോഡിൽ നിന്നും അദ്ദേഹം എനിക്കെതിരെ വന്നു. പള്ളിയിൽപോയി ശഹാദത്ത് ചൊല്ലിയാണ് വരുന്നത് എന്നെന്നോട് പാറഞ്ഞു. 'ഓ.., ശരി, ഇതിലായിരുന്നു വല്ലേ താങ്കളുടെ വിശ്വാസം' എന്ന പ്രതികരണം മാത്രമായിരുന്നു എന്റേത്. മുസ്‌ലിമായതിനു ശേഷം അദ്ദേഹമെനിക്കൊരു ഖുർആൻ വാങ്ങിത്തന്നു".

ഇസ്‌ലാമിക്കുറിച്ച് വായിച്ചുകൊണ്ടിരുന്നപ്പോഴെല്ലാം അതാണ് സത്യമെന്നുള്ള ബോധ്യം ഉമ്മു മുഹമ്മദിൽ വർധിച്ചു വന്നു. എന്നാൽ തന്റെ വിനോദ നിർഭരമായ ജീവിത രീതി മാറ്റുക ക്ലേശകരമായതിനാൽ അവളൊരു തീരുമാനത്തിലെത്തിയില്ല. എന്തായാലും മുഹമ്മദിന്റെ ജനന ശേഷം അവന്റെ പിതാവ് ശരിയാംവിധം ഇസ്‌ലാമിക അനുഷ്ഠാനങ്ങൾ ആരംഭിച്ചു. ഉമ്മു മുഹമ്മദിനോട് ഇസ്‌ലാമിനെക്കുറിച്ച് കൂടുതൽ സംസാരിക്കുകയും എങ്ങനെ പ്രാർഥിക്കണമെന്ന് പഠിപ്പിക്കുകയും ചെയ്തു.

"ഞാനപ്പോഴേ തൽപരയായിരുന്നുവെങ്കിലും അത് പ്രാവർത്തികമാക്കാൻ ഭയപ്പെട്ടു. ഇസ്‌ലാമിൽ കുറെ ബാധ്യതകളുണ്ടെന്നറിഞ്ഞിരുന്നതിനാൽ അവയെല്ലാം പാലിക്കാനാകുമോ എന്നായിരുന്നു എന്റെ ഭയം. ഉറുദുവും ബംഗാളിയും അറബിയുമെല്ലാം പറയുന്ന പ്രായം ചെന്നവരായിരിക്കും എല്ലാവരും. എന്നെപ്പോലെ ആരുമുണ്ടാകില്ല എന്നെല്ലാം ഞാൻ കരുതി. ആ ഒരു നീക്കത്തെ നിശ്ചയമായും ഞാൻ പേടിച്ചിരുന്നു. പക്ഷേ, ഞാനപ്പോൾ പ്രാർഥന ആരംഭിച്ചിരുന്നു. 'ദി മെസ്സേജ്' എന്ന സിനിമ ഞാൻ കാണുകയുണ്ടായി. ഖുർആനിലും ഹദീഥിലും ഞാൻ വായിച്ചവയെക്കുറിച്ച് ഒരു സമഗ്ര വീക്ഷണം നൽകാൻ ഇസ്‌ലാമിന്റെ പ്രാരംഭ കാലത്തെക്കുറിച്ചുള്ള ആ സിനിമക്ക് കഴിഞ്ഞു. രണ്ടു മാസത്തിനു ശേഷം കുഞ്ഞു ജനിച്ചപ്പോൾ, അബ്ദുറഹീം എന്നെ വിട്ട് പള്ളിയിൽപോയി താമസിക്കാൻ തീരുമാനിച്ചു. ഞങ്ങൾ തുടർന്നു പോന്നിരുന്ന അവസ്ഥയിൽ നിലനിൽക്കാൻ അദ്ദേഹം തയാറായിരുന്നില്ല. അങ്ങനെ ഞങ്ങൾ വേർപിരിഞ്ഞു. അദ്ദേഹത്തെ ഏറെ സ്നേഹിച്ചിരുന്നതിനാൽ ഞാനാകെ തകർന്നുപോയി. ഇനിയും മാറാൻ ഞാൻ തയാറല്ലാത്തതിനാലാണ് അദ്ദേഹമിത് ചെയ്തതെന്ന് ഞാനറിഞ്ഞു. ശനിയാഴ്ചകളിൽ അദ്ദേഹം വരുമായിരുന്നു; മുഹമ്മദിനെ കാണാൻ. ഞങ്ങളപ്പോഴും വിവാഹിതരല്ലായിരുന്നു എന്നതിനാൽ ഞാനുമായി സമയം പങ്കിടില്ലായിരുന്നു. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ഒരു മുസ്‌ലിമാകാൻ പോകുന്ന തന്റെ വഴിയിൽ ഒരു തടസ്സവും പാടില്ലായിരുന്നു".

പിന്നീട് ഉമ്മു മുഹമ്മദ് ഒരുകൂട്ടം മുസ്‌ലിം യുവതികളെ കണ്ടുമുട്ടി. വിവിധ വർഗങ്ങളിൽ നിന്നുള്ള, വ്യത്യസ്ത പശ്ചാത്തലത്തിൽ നിന്നുള്ളവരായിരുന്നു അവരത്രയും. ഉമ്മുമുഹമ്മദിന്റെ കുറെ ചോദ്യങ്ങൾക്ക് മറുപടി പറഞ്ഞ അവർ അറബിക് ക്ലാസ്സിലേക്കവളെ ക്ഷണിച്ചു. അതേ വർഷം തന്റെ ജന്മദിനത്തിന് പതിവുപോലെ വസ്ത്രങ്ങൾ വാങ്ങാനിറങ്ങിയ അവൾ മുഹമ്മദിന്റെ പിതാവ് ജോലിചെയ്തിരുന്ന കടയിലെ മുസ്‌ലിം യുവാവിനെ കണ്ടു.

"അബ്ദു റഹീമിന്റെ കുഞ്ഞിന്റെ അമ്മയാണ് താനെന്നറിഞ്ഞ അയാൾ ആശ്ചര്യപ്പെടുകയും ഒപ്പം ഞങ്ങളുടെ വേർപിരിവിൽ ദു:ഖിക്കുകയും ചെയ്തു".

ഇസ്‌ലാമിനെക്കുറിച്ച് എന്തറിയാമെന്നുള്ള ചോദ്യത്തിന് അവൾ നൽകിയ മറുപടിയുടെ ഒഴുക്ക് അയാളെ സ്തബ്ധനാക്കി. പള്ളിയിൽപോകാം, അവിടെയുള്ള സഹോദരന്മാരോട് സംസാരിക്കാം- അയാൾ നിർദേശിച്ചു.

"അവരെന്നോട് അല്ലാഹുവിനെക്കുറിച്ചും ഇസ്‌ലാമിനെക്കുറിച്ചും എന്തറിയാമെന്ന് ചോദിച്ചു. പിന്നെ, ഇതെല്ലാം സത്യ

അബ്ദുറഹീമിന് താൽപര്യമുള്ള ഒന്നായിരുനു ഇസ്‌ലാം എന്നെനിക്കറിയാമായിരുന്നു. ഇടയ്ക്കെല്ലാം എന്നോടതേക്കുറിച്ച് പറയുമായിരുന്നു. പക്ഷേ, അദ്ദേഹത്തിനതിലിത്രയും ഗൗരവമുണ്ടെന്ന് ഞാനറിഞ്ഞിരുന്നില്ല. ശനിയാഴ്ചയിലെ പുലർക്കാല ഷോപ്പിംഗ് ആവേശത്തിന് ശേഷം മടങ്ങവെ ഹയ്റോഡിൽ നിന്നും അദ്ദേഹം എനിക്കെതിരെ വന്നു. പള്ളിയിൽ പോയി ശഹാദത്ത് ചൊല്ലിയാണ് വരുന്നത് എന്നെന്നോട് പാറഞ്ഞു.

മെന്ന് വിശ്വസിക്കുവോ എന്നും ആരാഞ്ഞു. 'നിശ്ചയമായും' എന്ന് ഞാൻ പറഞ്ഞു. 'പിന്നെ നിങ്ങളെന്തിനാണ് കാത്തു നിൽക്കുന്നത്?' എന്ന ചോദ്യമാണുയർന്നത്. ഞാനും ചിന്തിച്ചു; എന്താണ് ഞാൻ കാത്തു നിൽക്കുന്നത്? വസ്ത്രം ധരിച്ച് തെരുവിലൂടെ നടക്കുക എന്നതല്ലാതെ എന്നെ തടയുന്ന യാതൊന്നുമില്ലായിരുന്നു. പിന്നെ, മുസ്ലിമാകാൻ തയാറാണോ എന്നായി ചോദ്യം. ഞാനാലോചിച്ചു; എന്റെ ശഹാദത്ത് എന്തുകോണ്ടിപ്പോൾ പ്രഖ്യാപിച്ചുകൂടാ? അങ്ങനെ ഞാൻ ശഹാദത്ത് ചൊല്ലുകയായിരുന്നു.

വിജയകരമായ തൊഴിലും ആവേശോജ്ജ്വലമായ പൊതുജീവിതവുമാസ്വദിച്ച് കഴിയവെയാണ്, ആലിയ അഹ്മദുമായി പരിചയപ്പെടുന്നത്. അവരുടെ ബന്ധത്തിന്റെ തുടക്കത്തിൽ തന്നെയുള്ള അയാളുടെ ഇസ്ലാമിലേക്കുള്ള പരിവർത്തനം വലിയ ഒരു പരീക്ഷണവും ഇസ്ലാമിനെക്കുറിച്ച് കയ്പും മധുരവും നിറഞ്ഞ ഒരഭിമുഖവുമായിരുന്നു. മകൻ ജമീലിനെയുംകൊണ്ട് പല്ലു ഡോക്ടറെ കാണാൻ പോയ അഹ്മദ് നാലു മണിക്കൂറിലേറെ വൈകിയപ്പോൾ ആലിയ ആകെ പരിഭ്രാന്തയായി.

"പിന്നെ, മുഖത്ത് വിടർന്ന ചിരിയുമായി അയാൾ വന്നു. ഞാൻ ശരിക്കുമോർക്കുന്നു; അതെ, അയാൾ പ്രശോഭിതനായിരുന്നു"- അവളെന്നോട് പറഞ്ഞു.

"നിങ്ങളെവിടെയായിരുന്നു? ഞാനാകെ ഭയന്നുപോയി'' ഞാൻ ചോദിച്ചു.

അദ്ദേഹം പറഞ്ഞു: " ഞാൻ മുസ്ലിമായി".

അത്രമാത്രം. അദ്ദേഹം പാർക്കിൽ വെച്ച് ഒരു സഹോദരനെ കണ്ടുമുട്ടുകയും ഇസ്ലാമിനെക്കുറിച്ച് സംസാരിക്കുകയുമുണ്ടായി. കാര്യങ്ങളത്രയും അദ്ദേഹത്തിന് ബോധ്യമായപ്പോൾ നേരെ മസ്ജിദിലേക്ക് പോയി ശഹാദത്ത് പ്രഖ്യാപിക്കുകയായിരുന്നു. ഞാൻ ഞെട്ടിത്തരിച്ചുപോയി. വിവിധ വികാരങ്ങളാൽ നിർഭരയായി.

"എന്താണ് പറയുന്നത്? ഒരു മുസ്ലിമായി എന്നോ?ദന്തഡോക്ടറെ കാണാനെന്നും പറഞ്ഞ് പോയ നിങ്ങൾ ഇപ്പോൾ മുസ്ലിമായി എന്ന് പറയുന്നു!"

"ഇതൊന്നു കേൾക്കൂ, ഈ ടേപ്പ് ഒന്ന് കേൾക്കൂ"- അദ്ദേഹം ഖുർആൻ പാരായണത്തിന്റെ ടേപ്പ് ഓൺ ചെയ്തു. താളം തെറ്റിയ ഒരു ഏഷ്യൻ സംഗീതം പോലെയാണെനിക്കത് അനുഭവപ്പെട്ടത്. അദ്ദേഹം ഏതോ ഉത്തുംഗതയിലായിരുന്നു. ഇസ്ലാമിനെക്കുറിച്ചല്ലാതെ ഒന്നും പറയാനില്ല. മണിക്കൂറുകൾക്കകം കഴിഞ്ഞ ആറുമാസങ്ങൾ കടന്നുപോയതുപോലെയായിരുന്നു. അദ്ദേഹവുമായി എന്തെങ്കിലുമൊരു പൊരുത്തം അവശേഷിക്കുന്നതായി എനിക്ക് തോന്നിയില്ല. അങ്ങനെ ഞാൻ പറഞ്ഞു:

"ഇത് നടക്കാൻ പോകുന്നില്ല".

പുലർച്ചക്കെഴുന്നേറ്റ് നമസ്കാരത്തിനായി പള്ളിയിലേക്ക് പോകും. അദ്ദേഹം പുലർത്തിപോന്ന ഇസ്ലാമികാനുഷ്ഠാനങ്ങളെല്ലാം കൂടുതൽ കൂടുതൽ വികലമായി എനിക്ക് തോന്നി. ആരോ ഏതോ ശൂന്യാകാശ ലോകത്തേക്ക് കൊണ്ടുപോയി മുച്ചൂടും മാറ്റി തിരികെ കൊണ്ടുവിട്ടതുപോലെ. തികച്ചും വിഭിന്നമായ ഒരു വ്യക്തിത്വത്തെ അഭിമുഖീകരിക്കുന്നതു പോലെയാണെനിക്ക് തോന്നിയത്. പള്ളിയുമായി അദ്ദേഹം സദാ അടുപ്പമുള്ളവനായി. സഹോദരന്മാരിൽ നിന്നും നല്ല അറിവ് നേടി. വീട്ടിൽ വന്ന് പഠിച്ചതെല്ലാം പറഞ്ഞുകൊണ്ടിരിക്കും. ഞാൻ വെറുതെ അലറിക്കൊണ്ടുമിരിക്കും. പിന്നെ ചിലതെല്ലാം തനിക്ക് അനുവർത്തികാനാകില്ല. കാരണം അവ.... ആണ്. അദ്ദേഹം ഉപയോഗിച്ച പദം 'ഹറാം' (നിഷിദ്ധം) എന്നായിരുന്നു. അദ്ദേഹം പറയുന്നത് പോലും എനിക്ക് ഗ്രഹിക്കാൻ കഴിയാതായിരിക്കുന്നു! 'ഈ പാവാട ഞാൻ ധരിച്ചുകൂടാ, എന്റെ ഈ വസ്ത്ര ധാരണമൊന്നും ശരിയല്ല' എന്നെല്ലാം അദ്ദേഹം പറയാൻ തുടങ്ങി.

എന്റെ വസ്ത്രങ്ങൾ പൊതിഞ്ഞ്കെട്ടി വാതിൽക്കൽ നിന്ന് പറഞ്ഞത് ഞാനിന്നും ഓർക്കുന്നു:

"എനിക്കിതിനൊന്നുമാകില്ല. ഞാൻ തയാറുമല്ല. നിങ്ങൾക്കൊരു മുസ്ലിമാകാമെന്നോ, ഞാൻ നിങ്ങളെ പിൻപറ്റുമെന്നോ കരുതേണ്ടതുമില്ല."

"പതിവായി മുഖംമൂടി നടക്കുന്ന ഒരു കറുത്ത പെൺകുട്ടിയെ എനിക്ക് പരിചയമുണ്ടായിരുന്നു. സമനില തെറ്റിയ ഒരുവളായാണ് ഞങ്ങളവളെ കണ്ടിരുന്നത്. ആ വിധം വസ്ത്രം ധരിച്ച് ലോകത്തിൽ അവളെ മാത്രമെ ഞാൻ കണ്ടിട്ടുള്ളൂ. ഏറെ അതിശയത്തോടെ ഞങ്ങൾ നോക്കിനിൽക്കാറുണ്ടായിരുന്നു. ഞാനാലോചിച്ചു, ഞാനുമിങ്ങനെയാകണമെന്നാണോ നിങ്ങൾ കരുതുന്നത്? അതിന് തരമില്ല!

അദ്ദേഹം പക്ഷേ, പോകാതിരിക്കാൻ എന്നെ നിർബന്ധിച്ചു. ഞങ്ങളേറെ സംവദിച്ചു. അദ്ദേഹം എന്നെ പള്ളിയിലേക്ക് ക്ഷണിച്ചു. എനിക്കൊരു സ്കാർഫ് വാങ്ങിത്തന്ന് പള്ളിയോടുള്ള ആദരവ് പ്രകടിപ്പിക്കാൻ അത് ധരിക്കണമെന്ന് പറഞ്ഞു. അന്ന് താടിയോടത് ചേർത്തുപിടിച്ചുകൊണ്ട് പോയത് ഞാനിപ്പോഴുമോർക്കുന്നു. ഞാനകത്തു കടന്നപ്പോൾ ഒരു സഹോദരി ചോദിച്ചു: "നിങ്ങൾക്കത് സൂചികുത്തി വെക്കാമല്ലോ, എളുപ്പമാണത്...." അവരെനിക്ക് ഹിജാബ് സൂചികുത്തിത്തന്നു. അവിടെയുണ്ടായിരുന്നവർ ഞാൻ മുസ്ലിമാണോ എന്നന്വേഷിച്ചു. അല്ലെന്ന് ഞാൻ പറഞ്ഞു. ഞങ്ങളങ്ങനെ സംസാരമാരംഭിച്ചു. പിന്നീട് കുറെ ഇസ്ലാമിക പരിപാടികളിൽ ഞാൻ സംബന്ധിച്ചു. കാരണം ദിനേന എന്തെങ്കിലുമൊന്നുണ്ടാകും; പ്രസംഗം പോലെ, അല്ലെങ്കിൽ ഒത്തുചേരൽ പോലെ.

അങ്ങനെ ഒരു ദിവസം, അടുത്തുള്ള സ്കൂളിൽ ഒരു ഇസ്ലാമിക പ്രഭാഷണത്തിന് ഞങ്ങൾ പോയി. സത്യത്തിൽ അതേറെ ആകർഷകമായിരുന്നു. അന്ന് കുറെ സഹോദരിമാരുമായി ഞാൻ സംസാരിച്ചു. അത് വളരെ ഹൃദ്യമായ അനുഭവമായിരുന്നു. പിരിഞ്ഞുപോരാൻ നിൽക്കവെ ഒരു സഹോദരിയുമായി സംസാരിച്ചു നിന്ന ഞാൻ ഇങ്ങനെയാണവസാനിപ്പിച്ചത്:"നീയറിയുമോ, ഒരു മുസ്ലിമാകണം എന്നെനിക്ക് തോന്നുന്നു".

കുറച്ചു ദിവസങ്ങൾക്കു ശേഷം പള്ളിയിലിരിക്കവെ ഞാൻ പറഞ്ഞു: "എനിക്കിപ്പോൾ തന്നെ ശഹാദത്ത് പ്രഖ്യാപിക്കണം".

"അവരെന്നെ മുകളിലേക്ക് കൊണ്ടുപോയി. ഞാൻ ശഹാദത്ത് ചൊല്ലി. സഹോദരിമാരെല്ലാം അതിയായി സന്തോഷിച്ചു. ഒരു വലിയ പാർട്ടിപോലെയായിരുന്നു അന്ന്".

പുലർച്ചക്കെഴുന്നേറ്റ് നമസ്കാരത്തിനായി പള്ളിയിലേക്ക് പോകും. അദ്ദേഹം പുലർത്തിപോന്ന ഇസ്ലാമികാനുഷ്ഠാനങ്ങളെല്ലാം കൂടുതൽ കൂടുതൽ വികലമായി എനിക്ക് തോന്നി. ആരോ ഏതോ ശൂന്യാകാശ ലോകത്തേക്ക് കൊണ്ടുപോയി മുച്ചൂടും മാറ്റി തിരികെ കൊണ്ടുവിട്ടതുപോലെ. തികച്ചും വിഭിന്നമായ ഒരു വ്യക്തിത്വത്തെ അഭിമുഖീകരിക്കുന്നതു പോലെയാണെനിക്ക് തോന്നിയത്.

നമ്മൾ കണ്ടതുപോലെ, ഒരു സ്ത്രീയുടെ ഇസ്ലാമാശ്ലേഷത്തിന് ചിലപ്പോഴെല്ലാം പുരുഷൻ ഒരു ഉൽപ്രേരകമാകാറുണ്ട്. എന്നാൽ, സ്വയം ദീൻ പഠിച്ച്, അതുമായി മല്ലിട്ട് അവസാനമത് സ്വയം അംഗീകരിക്കുക എന്ന നിലക്കല്ലാതെ ഒരു സ്ത്രീയെ കാണുക വിരളമാണ്.

**മസ്തിഷ്ക പ്രക്ഷാളനം അല്ലെങ്കിൽ ഭീഷണി**

എന്റെ മിക്ക സഹോദരിമാരുടെ കഥകളിലും ഇസ്ലാമികാശ്ലേഷത്തിനുള്ള തീരുമാനമെടുക്കുന്ന വിഷയത്തിൽ സാമ്യത പുലർത്തിയ ഒന്നായിരുന്നു. ചോദ്യം ചെയ്യുക, വായിക്കുക, പഠിക്കുകഎന്നത്. മിക്ക ആളുകളും, വിശിഷ്യാ മാതാപിതാക്കൾ കരുതുന്നത് നാം ഇസ്ലാമിലേക്ക് മടങ്ങിയ യുവതികൾ ശഹാദത്ത് പ്രഖ്യാപിക്കുന്നത് ഭീഷണിയോ മസ്തിഷ്ക പ്രക്ഷാളനമോ മൂലമാണെന്നാണ്. സഹോദരിമാരിലധികവും സ്വയം കീഴൊതുങ്ങുന്നതിന് മുൻപായി വിശ്വാസത്തിന്റെ അകവും പുറവും പഠനവിധേയമാക്കിയവരാണ്. ബുദ്ധിപരവും മതപരവുമായ തെളിവുകളിലൂടെ ദീനിന്റെ സത്യതയിൽ സ്വയം ബോധ്യം വന്നവരാണ് അവർ.

ഖുർആനിന്റെ ആദ്യ വായന അവളെ വിശ്വാസത്തിലേക്കടുപ്പിച്ചില്ല. അവളുടെ കൂട്ടുകാരൻ മുഹമ്മദ് നബി(ﷺ)യുടെ വചനങ്ങളുടെ (ഹദീഥ്) ഗ്രന്ഥം നൽകിയതിനു ശേഷമാണ് സത്യത്തിൽ അവളതിൽ ശ്രദ്ധ പതിപ്പിക്കാൻ തുടങ്ങിയത്.

“ഹദീഥ് വായന എന്നെ തൊട്ടുണർത്തി. ദീനിന്റെ വിവിധ തലങ്ങളെക്കുറിച്ചുള്ള ആ വായന എന്നെ ചിന്തിപ്പിച്ചു”.

“ഒരാവർത്തികൂടി ഖുർആൻ വായിച്ചപ്പോൾ അതിലെ ഏകദൈവ വിശ്വാസവും യേശു ക്രൂശിക്കപ്പെടാതെ ഉയർത്തപ്പെട്ടതും എന്റെ ശ്രദ്ധയാകർഷിച്ചു. ബർണബാസിന്റെ സുവിശേഷവും എന്നെ അതേവിധം ആകർഷിക്കുകയുണ്ടായി. കുറെ പുസ്തകങ്ങൾ തുടർന്ന് വായിച്ചപ്പോൾ ഇസ്ലാം സത്യമതം തന്നെയെന്ന തോന്നൽ എന്റെ ഹൃദയത്തിലുയർന്നു”.

ഇബ്റാഹീം നബിയെക്കുറിച്ചും അഗ്നിയെക്കുറിച്ചും തന്റെ മകൻ പറഞ്ഞ കഥയിലൂടെ വായന ആരംഭിച്ച ഹാജർ ഇസ്ലാമിനെക്കുറിച്ച് കൂടുതൽ പഠിക്കാൻ തൽപരയായി. ഇബ്റാഹീം നബിയെക്കുറിച്ചുള്ള ഒരു പുസ്തകത്തിൽ ആകൃഷ്ടയായ അവൾ പ്രവാചകന്മാരെക്കുറിച്ചുള്ള പഠനമാരംഭിച്ചു. മുഹമ്മദ് നബി (ﷺ)യുടെ ജീവിതവും അവൾ പഠിച്ചു. ഈ വായന നൽകിയ പ്രചോദനത്താൽ, കൂടുതൽ അടുത്തറിയാനുള്ള താത്പര്യത്താൽ, അവിടെയുള്ള ഒരു ഗ്രന്ഥശാലാലയിലെ സന്ദർശനം അവൾ പതിവാക്കി.

ഉമ്മു താരീഖിന്റെയും സംശയങ്ങളെ ആർദ്രമാക്കിയത് ബർണബാസിന്റെ സുവിശേഷമായിരുന്നു. താനവസാനം ദീനിൽ തൽപരയായി എന്ന് ‘ഗാരത്ത്’ അറിയാതിരിക്കാൻ യൂണിവേഴ്സിറ്റി ലൈബ്രറിയിലെ ജോലിക്കിടയിൽ രഹസ്യമായി ഇസ്ലാമിക വായന നടത്തിയിരുന്ന ഒരു സഹോദരിയായിരുന്നു ക്ലാര.

സ്വയം മുൻകയ്യെടുത്ത് ചിന്തിച്ചുകൊണ്ടാണ് ജമീല മുഴുവനായും ദീനിന് കീഴൊതുങ്ങിയത്. വീട്ടിൽ നിന്നിറങ്ങിയ അവളെ ‘സൗത്ത് ലണ്ടൻ മുസ്ലിം കമ്യൂണിറ്റി’യിലെ ബഹുമാനിത വ്യക്തിത്വങ്ങളായ ആസിയയും സിറാജുമൊത്ത് അവളുടെ സഹോദരൻ താമസിപ്പിക്കുകയായിരുന്നു. തന്റെ നിലപാടുകളെ അവളിങ്ങനെയോർക്കുന്നു:“പരിചയപ്പെടുന്നവർക്ക് ഏറെ ക്ലേശകരമായി മാത്രം ഇടപെടാൻ കഴിയുന്ന ഒരു പ്രകൃതമായിരുന്നു എന്റേത്. ആരും എന്നോടൊന്നും പറയരുത് - വിശിഷ്യാ ദീൻ. അതായിരുന്നു അവസ്ഥ. ഈ വിധം ഞാൻ തീർത്തും മർക്കടമുഷ്ടിക്കാരിയായിരുന്നു. ‘ഇതേക്കുറിച്ച് നിന്റെ അഭിപ്രായമെന്താണ്? ഇസ്ലാം ഇങ്ങനെ പറയുന്നു, നീ എന്തു പറയുന്നു?’ എന്നെല്ലാം എന്റെയരികിലിരുന്ന് ആരെങ്കിലും പറയുന്നതു പോലും ഞാനിഷ്ടപ്പെട്ടില്ല. അത്രയുമാകുമ്പോഴേക്കും അക്ഷരാർഥത്തിൽ ഞാൻ മുറിവിട്ടിറങ്ങുമായിരുന്നു’.

“എന്തായാലും ഈ ലോലമായ സംഗതികളെല്ലാം തന്നെ എന്നെ സ്പർശിക്കുന്നവയായിരുന്നു, ഇസ്ലാമിലേക്ക് കീഴൊതുങ്ങുവാൻ എന്നെ രൂപപ്പെടുത്തുന്നവയായിരുന്നു എന്ന് ഞാനറിഞ്ഞു. ആസിയയുടെ സ്വഭാവം, അവളുടെ പ്രകൃതം, അവൾ എന്നോടും മറ്റുള്ളവരോടും അവളുടെ കുട്ടികളോടുമെല്ലാം ഇടപെട്ടിരുന്ന രീതി എല്ലാം ഏറെ ആകർഷകമായിരുന്നു”.

ജമീല സിറാജിനെ കാണുവാൻ ആരുമറിയാതെ ആശുപത്രിയിൽ പോവുക പതിവാക്കി. ഈ സന്ദർശനവേളകളിലൊന്നിലാണ് അവൾ തന്നിലേക്കും തന്റെ ജീവിതത്തിലേക്കും സത്യസന്ധമായ ഒരവലോകനം നടത്തിയത്.

“ഒരിക്കലദ്ദേഹം എന്നോടു പറഞ്ഞ കാര്യമൊരു പക്ഷേ, അപരിചിതവും അപ്രസക്തവുമായി തോന്നാവുന്നതാണ്. പക്ഷേ, അതായിരുന്നു വാസ്തവത്തിൽ എന്റെ വഴിത്തിരിവിന് നിദാനമായത്”.

“നീ ആവശ്യപ്പെടുന്നതെന്താണ്?” അദ്ദേഹം ചോദിച്ചു.

ഞാൻ പറഞ്ഞു: “ഞാൻ വിശ്വസിക്കുന്നില്ല എന്നല്ല ഞാൻ പറയുന്നത്. തീർച്ചയായും ദൈവം ഏകനാണെന്നും മുഹമ്മദ് അന്ത്യ പ്രവാചകനാണെന്നും നിശ്ചയമായും ഞാൻ വിശ്വസിക്കുന്നു. എന്നാൽ അതിൽ കവിഞ്ഞൊന്നും എനിക്കാവില്ല, എനിക്കാവശ്യവുമില്ല. അതൊന്നും എന്റെ തലയിൽ കേറ്റാൻ എനിക്കു വയ്യ. എനിക്ക് എന്റേതായ സ്വാതന്ത്ര്യമാണ് വേണ്ടത്. എനിക്ക് ഇതും അതും എല്ലാം ചെയ്യാനാകണം....”

സശ്രദ്ധം കേട്ടുകൊണ്ട് അദ്ദേഹം എഴുന്നേറ്റിരുന്നപ്പോൾ താഴ്ത്തിവെച്ച ഓക്സിജൻ ജാർ വിട്ടുപോകാതെ പിടിക്കേണ്ടിവന്നു. വിളറിമെലിഞ്ഞ് ഏറെ ദയനീമായ ഒരവസ്ഥയിലായിരുന്നു അയാൾ.

“എന്നെ നോക്കൂ”- അദ്ദേഹം പറഞ്ഞു തുടങ്ങി. “മരണം എന്നെ സമീപിക്കുകയാണ്. എന്റെ സമയം എണ്ണപ്പെട്ടിരിക്കുന്നു. ഇപ്പോൾ തന്നെ നിന്നോടെനിക്ക് സംസാരിക്കണം. നാളെയൊരു പക്ഷേ, എനിക്കതിനാകില്ല...”

തന്റെ ഉപദേശകനും സുഹൃത്തുമായ വ്യക്തിയുടെ മരണവുമായുള്ള സാമീപ്യം അവളെ വല്ലാതെ സ്വാധീനിച്ചു. അതേക്കുറിച്ചവൾ എത്രമാത്രം ചിന്തിച്ചുവോ അത്രയും അവൾ മുറുകെപിടിച്ചിരുന്നവയെല്ലാം നിറംമങ്ങി അപ്രസക്തമായിവന്നു.

മരണം ഒരാൾക്ക് ജീവിതത്തെക്കുറിച്ച്

**എന്റെ മിക്ക സഹോദരിമാരുടെ കഥകളിലും ഇസ്ലാമികാശ്ലേഷത്തിനുള്ള തീരുമാനമെടുക്കുന്ന വിഷയത്തിൽ സാമ്യത പുലർത്തിയ ഒന്നായിരുന്നു. ചോദ്യം ചെയ്യുക, വായിക്കുക, പഠിക്കുകഎന്നത്. മിക്ക ആളുകളും, വിശിഷ്യാ മാതാപിതാക്കൾ കരുതുന്നത് നാം ഇസ്ലാമിലേക്ക് മടങ്ങിയ യുവതികൾ ശഹാദത്ത് പ്രഖ്യാപിക്കുന്നത് ഭീഷണിയോ മസ്തിഷ്ക പ്രക്ഷാളനമോ മൂലമാണെന്നാണ്.**

**പാശ്ചാത്യ വനിതകളുടെ ഇസ്‌ലാമാശ്ലേഷം ഏറെ ശ്രദ്ധേയവും മതിപ്പുളവാക്കുന്നതുമാണ്. കാരണം മിക്കവരുടെയും മുൻധാരണൽകൾക്കെതിരെയായിരുന്നു അവരുടെ നീക്കം: പാശ്ചാത്യ ജീവിതരീതിയും വിശ്വാസാചാരങ്ങളുമാണ് ഏതിനെക്കാളും – ഇസ്‌ലാമിനെക്കാളും – ഉന്നതം എന്ന മുൻവിധിക്ക്.**

കൂടുതൽ വീക്ഷണങ്ങൾ നൽകുമെന്നത് പൊതുവെ പറയപ്പെടുന്ന കാര്യമാണ്. ജമീലയുടെ വിഷയത്തിലും അതാണ് സംഭവിച്ചത്.

" ആ നിമിഷം മുതൽ ഞാൻ തീരുമാനിച്ചു. എനിക്കിനിയുമിങ്ങനെ പാഴ്ജീവിതം വയ്യ. അതിനെല്ലാം സമയവുമില്ല. ഇതെല്ലാം എന്നെ വേദനിപ്പിക്കുന്നു. ഇത്തവണ അത് എന്നെത്തന്നെയാണ് വേദനിപ്പിച്ചത്. ഇന്നോളമതെല്ലാം സഹോദരനുവേണ്ടിയായിരുന്നു. എന്നാലിപ്പോഴത് സ്വന്തത്തിനുവേണ്ടിയാണെന്ന് ഞാൻ തിരിച്ചറിഞ്ഞു. അതായിരുന്നു വ്യത്യാസം. ഈ തിരിച്ചറിവ് സ്വയമേവയായിരുന്നു എന്നത് ഏറെ പ്രാധാന്യമർഹിക്കുന്നു. ആരെങ്കിലും നിർബന്ധപൂർവം അടിച്ചേൽപിച്ചുവെങ്കിൽ നിങ്ങൾക്കത് നിർബന്ധിതാവസ്ഥയും അടിച്ചമർത്തലുമെല്ലാമായി അനുഭവപ്പെട്ടേക്കാം. അത് അല്ലാഹു നിങ്ങൾക്ക് സന്മാർഗം നൽകുന്ന നിമിഷത്തിലാണ് സംഭവിക്കേണ്ടത്. അത്രമാത്രം. എന്നെ സംബന്ധിച്ചിടത്തോളം പാഴാക്കാൻ ഒട്ടും സമയമില്ലായിരുന്നു. എന്റെ വിശ്വാസവും, വിശ്വാസദാർഢ്യവും അതിശക്തമായിരുന്നു; ആകാശം മുട്ടെ ഉയർന്നതായിരുന്നു. അതെ, ഞാനതിൽ സന്തുഷ്ടയാണ്. ഞാനിനിയുമാ പ്രതിസന്ധിയിൽ അല്ല എന്നതാണ് എന്നെ സന്തോഷിപ്പിച്ചത്''.

പാശ്ചാത്യ വനിതകളുടെ ഇസ്‌ലാമാശ്ലേഷം ഏറെ ശ്രദ്ധേയവും മതിപ്പുളവാക്കുന്നതുമാണ്. കാരണം മിക്കവരുടെയും മുൻധാരണൽകൾക്കെതിരെയായിരുന്നു അവരുടെ നീക്കം: പാശ്ചാത്യ ജീവിത രീതിയും വിശ്വാസാചാരങ്ങളുമാണ് ഏതിനെക്കാളും – ഇസ്‌ലാമിനെക്കാളും – ഉന്നതം എന്ന മുൻവിധിക്ക്. പാശ്ചാത്യൻ സ്വാതന്ത്ര്യങ്ങളെ, അവർ കരുതുന്നതുപോലെ, സമർപ്പണത്തിന്റെയും വിധിവിലക്കുകളുടെയും വേദിയിലേക്ക് കൈമാറാനുതകുന്ന എന്തൊന്നാണ് ഈ ഭൂലോകത്തുള്ളത് എന്നവർ രഹസ്യമായി ആശ്ചര്യപ്പെടുമായിരുന്നു. ഈ കഥകൾ നാമെല്ലാവരോടുമാണ് പറയുന്നത് എന്ന് ഞാൻ വിശ്വസിക്കുന്നു. ഈ കഥകൾ നമ്മുടെ ചരിത്രത്തിന്റെ ഭാഗമാണ്. തിരിച്ചെത്തിയവർ എന്ന നിലയ്ക്ക്, മുസ്‌ലിംകൾ എന്ന നിലയ്ക്ക്, സ്ത്രീകൾ എന്ന നിലയ്ക്ക്, പാശ്ചാത്യർ എന്ന നിലയ്ക്ക് - അവരുടെ വിവിധ തലങ്ങൾ നാമോരോരുത്തരോടും സംവദിക്കുന്നതാണ്.

ശേഖരിക്കാനായ ഏതാനും കഥകളിലൂടെ കടന്നുപോകവെ അവയുടെ മൂല്യത്തക്കുറിച്ച് ഞാൻ ബോധവതിയായി. അവ വെളിപ്പെടുത്തുന്നത് ഇസ്‌ലാമിന്റെ സാർവദേശീയമായ അംഗീകരമാണ്. ഈ പുസ്തകത്തിൽ പ്രതിപാദിക്കപ്പെടുന്ന സഹോദരിമാരുടെ ജീവിത പശ്ചാത്തലത്തിന്റെയും അനുഭവങ്ങളുടെയും കേവല വൈവിധ്യം പ്രകടമാകുന്നത് ഇസ്‌ലാമിന് ആരുമായും സംവദിക്കാമെന്നാണ്. ഏതു മൂശയിലും അച്ചുതകിടിലും എളുപ്പത്തിൽ ഒതുക്കാവുന്നവരല്ല അവർ. അവർക്കേവർക്കും സ്വന്തമായ, തനതായ വ്യക്തിത്വവും സ്വരവുമുണ്ട്.

ഒരു കാലത്തവർ കടുത്ത സ്ത്രീപക്ഷവാദികളും ആഫ്രിക്കൻ ദേശീയതാ വാദികളും രഹസ്യ അരാചക വാദികളും സംഗീത ഭ്രാന്തരും ഉറച്ച വിപ്ലവകാരികളും ഡിസ്കോരാജ്ഞികളും ആത്മാർഥതയുള്ള ചർച്ച് സന്ദർശകരും കായികതാരങ്ങളും മോഡലുകളും ഉദ്യോഗസ്ഥകളും ബിരുദാനന്തര ബിരുദ വിദ്യാർഥിനികളും ക്രിസ്ത്യാനികളും സിക്കുകാരും നിരീശ്വര വാദികളും തുടങ്ങി എല്ലാ വർഗത്തിലും പശ്ചാത്തലത്തിലും പ്രായത്തിലുമുള്ളവരായിരുന്നു.

ഇസ്‌ലാമിന്, തീർത്തും അപ്രതീക്ഷിതമായി അവരെ എത്തിപ്പിടിക്കാൻ, അവരുടെ ഹൃദയങ്ങളോട് സംവദിക്കാൻ, അവരന്വേഷിച്ചിരുന്ന ഉത്തരങ്ങൾ നൽകാൻ, എന്നെന്നേക്കുമായി അവരുടെ ജീവിതത്തെ മാറ്റിമറിക്കാൻ കഴിഞ്ഞു.

**-വിവ: അബൂ ഹംന, കാരത്തൂർ**

"അവർ അവിടെ (നരകത്തിൽ) വെച്ച് മുറവിളികൂട്ടും: ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളെ നീ പുറത്തയക്കണമേ. (മുമ്പ്) ചെയ്തിരുന്നതിൽ നിന്ന് വ്യത്യസ്തമായി ഞങ്ങൾ സൽകർമം ചെയ്തുകൊള്ളാം. (അപ്പോൾ നാം പറയും:) ആലോചിക്കുന്നവന് ആലോചിക്കാൻ മാത്രം നിങ്ങൾക്ക് നാം ആയുസ്സ് തന്നില്ലേ? താക്കീതുകാരൻ നിങ്ങളുടെ അടുത്ത് വരികയും ചെയ്തു. അതിനാൽ നിങ്ങൾ അനുഭവിച്ചുകൊള്ളുക. അക്രമികൾക്ക് യാതൊരു സഹായിയുമില്ല". (ഖുർആൻ 35:37)

### സമർപ്പണത്തിൻെറ രാജപാതയിലേക്ക്

**ആത്മീയമായ വെളിച്ചം തേടി അലയുകയും ഒടുവിൽ ഇസ്ലാമിൻെറ ശാദ്വല തീരത്തിലേക്ക് വന്നെത്തുകയും ചെയ്ത പാശ്ചാത്യരായ കുറെ വനിതകളുടെ അനുഭവങ്ങൾ വിവരിക്കുകയാണ് അവരിൽ പെട്ട ഒരാളായ നാഇമ ബി. റോബർട്ട്.**

# ആഹ്ലാദത്തിൻെറ സുദിനങ്ങൾ

**നാഇമ ബി. റോബർട്ട്**

ഇസ്ലാമിലേക്കുള്ള എന്റെ യാത്ര അവർണനീയമായ ഒന്നായിരുന്നു. പ്രഭാത കിരണങ്ങൾ ഭൂമിയിൽ പതിക്കുന്നതിനു മുമ്പുള്ളപ്രാർഥന, നമസ്കാരത്തിലേക്കുള്ള ശ്രുതിമധുരമായ വിളി, ഇളം ചൂടാർന്ന മണലിൽ സപ്താംഗ പ്രണാമം... ഒരു മുസ്ലിമാവുക എന്നതിലെ എല്ലാ ആശയങ്ങളുമായി ഞാൻ പ്രണയത്തിലാവുകയായിരുന്നു. മറ്റു സ്ത്രീകളിൽ നിന്നും വ്യത്യസ്തമായി, മുസ്ലിമാകുവാൻ തീരുമാനിക്കുന്നതിന് മുമ്പ് ഇസ്ലാമിനെക്കുറിച്ച് ഞാൻ ആഴത്തിൽ പഠിച്ചിരുന്നില്ല. എന്നെ സംബന്ധിച്ചു പറഞ്ഞാൽ എനിക്കിന്നുള്ള ഇസ്ലാമിക പരിജ്ഞാനം എന്നത് മുസ്ലിമായതിനു ശേഷം നേടിയതാണ്.

പുരുഷനും സ്ത്രീയും, കറുത്തവനും വെളുത്തവനും, പണക്കാരനും ദരിദ്രനുമെല്ലാമടങ്ങിയ മുസ്ലിംകളെ ഐക്യപ്പെടുത്തുന്ന സുശക്തമായ വിശ്വാസകാര്യങ്ങൾ തന്നെയാണ് തങ്ങളുടെ വഴികേടുകളിൽ നിന്നും ഈ സഹോദരിമാരെയും മോചിപ്പിച്ചത്. അന്വേഷികളായിരുന്നു ചിലരെങ്കിൽ മറ്റുള്ളവർ അങ്ങനെയായിരുന്നില്ല. പക്ഷേ, അവസാനം കുതറിമാറാനോ തിരസ്കരികാനോ കഴിയാത്ത, ഒരു യാഥാർഥ്യം അവരെ അല്ലാഹുവിനുള്ള സമർപ്പണത്തിലേക്ക് സുശക്തമായ പ്രതികരണശേഷിയോടെ നയിക്കുകയായിരുന്നു.

ഇസ്ലാമിക വിശ്വാസ സംഹിതയെപ്പറ്റി ചെറിയൊരു പരിചയപ്പെടുത്തൽ നടത്തുന്നത് നന്നായിരിക്കുമെന്ന് കരുതുന്നു.

**ഇസ്ലാം - അടിസ്ഥാന തത്ത്വങ്ങൾ**

മുസ്ലിംകൾ വിശ്വസിക്കുകയും ആരാധിക്കുകയും ചെയ്യുന്നത് അല്ലാഹുവിനെ—ഏകനായ ദൈവത്തെ-യാണ്. മോശയുടെയും അബ്രഹാമിന്റെയും യേശുവിന്റെയും മറ്റെല്ലാ പ്രവാചകരുടെയും ദൈവത്തെ. ഏതാണ്ട് ആയിരത്തി നാനൂറ് വർഷങ്ങൾക്ക് മുൻപ്, പ്രവാചകൻ മുഹമ്മദ് നബി(ﷺ)ക്ക് വെളിവാക്കപെട്ട ഗ്രന്ഥമായ ഖുർആനിൽ ദൈവത്തിന് പറയുന്ന നാമമാണ് 'അല്ലാഹു' എന്നത്. അത് മാനവകുലത്തോട് ഏകനായ ദൈവത്തെമാത്രം ആരാധിക്കുവാൻ കൽപിക്കുന്നു. ഇതാണ് ഇസ്ലാമിക വിശ്വാസത്തിന്റെ അധാര ശില -തൗഹീദ്- പരിശുദ്ധവും മായം ചേർക്കപ്പെടാത്തതുമായ ഏക ദൈവവിശ്വാസം.

ഇസ്ലാമിക ജീവിതരീതി എന്നത്, പങ്കാളികളേതുമില്ലാതെ സ്രഷ്ടാവിനെ മാത്രം ആരാധിക്കുക എന്നതുമായി വലയം ചെയ്തിരിക്കുന്നു. അവിടെ മധ്യവർത്തികളില്ല,

**ഇസ്ലാമിലേക്കുള്ള എന്റെ യാത്ര അവർണനീയമായ ഒന്നായിരുന്നു. പ്രഭാത കിരണങ്ങൾ ഭൂമിയിൽ പതിക്കുന്നതിനു മുമ്പുള്ളപ്രാർഥന, നമസ്കാരത്തിലേക്കുള്ള ശ്രുതിമധുരമായ വിളി, ഇളം ചൂടാർന്ന മണലിൽ സപ്താംഗ പ്രണാമം... ഒരു മുസ്ലിമാവുക എന്നതിലെ എല്ലാ ആശയങ്ങളുമായി ഞാൻ പ്രണയത്തിലാവുകയായിരുന്നു.**

പൗരോഹിത്യമില്ല, കുമ്പസാരത്തിനായി പാതിരിമാരില്ല, വിളിക്കപ്പെടുന്ന പുണ്യവാളന്മാരില്ല, ബലികഴിക്കപ്പെടേണ്ട പ്രവാചകരില്ല, പ്രസാദിപ്പിക്കപ്പെടാൻ ദേവഗണങ്ങളില്ല, പൈതൃക ചർച്ചകളില്ല. ഇസ്‌ലാമിൽ ആരാധന എന്നത് വ്യക്തിയെ സമൂലം വിമലീകരിക്കുന്ന ഔഷധമാണ്. ആരാധനയുടെ സകല രൂപങ്ങളും സർവലോകങ്ങളുടെയും നാഥനിലേക്ക്, ഏകദൈവമായ അല്ലാഹുവിലേക്കാണ് തിരിക്കപ്പെടുന്നത്. നമസ്കാരം, വ്രതാനുഷ്ഠാനം, ദാനധർമം, ഖുർആൻ പാരായണം തുടങ്ങിയ കർമാനുഷ്ഠാനങ്ങളിൽ മാത്രം പരിമിതപ്പെടുന്നതല്ല ആരാധന. ഭക്ഷണ-പാനീയങ്ങൾ, ഉറക്കം, വസ്ത്രധാരണം, മല-മൂത്ര വിസർജനം, വിവാഹം, ലൈംഗികാസ്വാദനം തുടങ്ങിയ വ്യക്തിപരമായ കാര്യങ്ങളിൽ പാലിക്കേണ്ട മര്യാദകളിലേക്കും വിധിവിലക്കുകളിലേക്കും, നിരുപാധികസ്നേഹം, ആത്മാർഥ സമർപ്പണം, ഭയം, ആശ്രയത്വം തുടങ്ങിയ മാനസിക വ്യവഹാരങ്ങളിലേക്കുമെല്ലാം അത് വ്യാപിച്ചു കിടക്കുന്നു.

ഇസ്‌ലാമിക ഏകദൈവ വിശ്വാസത്തിന്റെ ആഴവും പരപ്പും എന്റെ ചിന്തയെ പ്രോജ്വലമാക്കി. ഇത്രയും അദ്വിതീയമായി, ഏകമാനമായി, ദൈവത്തെമാത്രം ആരാധിക്കുന്ന മറ്റൊരു വിശ്വാസ ദർശനത്തെക്കുറിച്ച് എനിക്ക് ചിന്തിക്കാൻ പോലുമാകുന്നില്ല. പരീക്ഷകൾ ജയിക്കാൻ, പുതിയ ജോലികിട്ടാൻ, നല്ലൊരു ഭർത്താവിനെ ലഭിക്കാൻ തുടങ്ങിയ സകല ഇഹപര നേട്ടങ്ങൾക്കും സർവാധിപതിയോട്- ദൈവത്തോട്- ചോദിക്കണം, അല്ലാതെ ദൈവത്തിൻെറ ദാസന്മാരോട് തേടി സമയം പാഴാക്കുകയല്ല വേണ്ടത് എന്ന ഇസ്‌ലാമിന്റെ ആദർശം മാത്രമാണ് ഏറ്റവും കൃത്യമായ ആശയമായി ഞാൻ മനസ്സിലാക്കുന്നത്. പരിമിതവും പദാർഥികവുമായ ഈ ലോകത്തിൽ, ഇസ്‌ലാം ക്ഷണിക്കുന്നത് ദൈവസമർപ്പിതവും അനശ്വരവുമായ ഒരു ജീവിതത്തിലേക്കാണ്. നമ്മുടെ സൃഷ്ടിക്കു പിന്നിലുള്ള കാരണത്തെക്കുറിച്ച് അല്ലാഹു ഖുർആനിൽ പറയുന്നു:

"ജിന്നുകളെയും മനുഷ്യരെയും എന്നെ (മാത്രം) ആരാധിക്കുവാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല" (51: 56).

ജീവിതോദ്ദേശ്യത്തെക്കുറിച്ചുള്ള ചോദ്യങ്ങളിലേറ്റം സങ്കീർണമായതിന് എനിക്കിത് ഉത്തരം നൽകി. ജീവിതമെന്നാൽ അതർഥമാക്കിയത്, ഞാൻ സംശയിച്ചിരുന്നതു പോലെ, ഭൗതിക സൗകര്യങ്ങൾക്ക് പുറകിലുള്ള നെട്ടോട്ടത്തിനും, ഉന്നത സ്ഥാനങ്ങൾക്കായുള്ള മത്സരങ്ങൾക്കുമുപരിയായി മറ്റു പലതുമായിരുന്നു. എന്നെന്നും മാതാപിതാക്കളുടേയും ആചാര്യന്മാരുടെയും സമൂഹത്തിന്റെയുമെല്ലാം അനുമതി പ്രതീക്ഷിച്ച് കഴിയേണ്ടവളല്ല ഞാനെന്ന് അത് വിവക്ഷിക്കുന്നു. ഓരോ ദിനവും അർഥ സമ്പൂർണമാണ്, എന്റെ രക്ഷിതാവുമായുള്ള ഇടപാടിൽ അവന് സ്വീകാര്യമായ വല്ലതും ചെയ്തുകൂട്ടാനുള്ള അവസരങ്ങളാണ്. ഇപ്പോൾ ഓരോ പുഞ്ചിരിയും എല്ലാ ദാനധർമങ്ങളും സൽകർമങ്ങളും ശരിക്കും സാരവത്തായി-എന്റെ സ്രഷ്ടാവിനുള്ള ആരാധനയായി- കണക്കാക്കപ്പെടുന്നു. ഇതാണ് എന്റെ സൃഷ്ടിപ്പിന്റെ ശരിയായ സാധൂകരണവും.

ഏക ദൈവാരാധനക്കായി ഇബ്റാഹീം നബി(ﷺ) പണിതുയർത്തിയ കഅ്ബ നിലകൊള്ളുന്ന രാജ്യവും, പുരാതന കച്ചവട സംഘങ്ങളുടെ യാത്രാമാർഗവുമായിരുന്ന മക്ക എന്ന പട്ടണത്തിലാണ് ക്രിസ്താബ്ദം 570ൽ മുഹമ്മദിബ്നു അബ്ദുല്ലാഹ് ജനിച്ചു വളർന്നത്. അന്നേരം കഅ്ബ അറബികളാൽ ആരാധിക്കപ്പെട്ടിരുന്ന കുറെ ബിംബങ്ങളുടെ ഗേഹമായി മാറിയിരുന്നു. തന്റെ വിശ്വാസ്യതകൊണ്ടും സത്യസന്ധതകൊണ്ടും 'അൽ അമീൻ' എന്ന് വിളിക്കപ്പെട്ടിരുന്ന മുഹമ്മദ് നബി (ﷺ) തന്റെ ദേശക്കാരെയും മുഴുവൻ മനുഷ്യരെയും ഏകദൈവാരാധനയിലേക്ക് തിരികെ വിളിക്കാൻ പ്രവാചകനായി നിയോഗിക്കപ്പെട്ടു. മക്കയിൽ നിന്നും അദ്ദേഹം തന്റെ ക്ഷണം ആരംഭിച്ചു. നബിയുടെയും മറ്റുപല കുടുംബങ്ങളിലെയും ചിലയാളുകൾ ഈ 'പുതിയ വിശ്വാസ'ത്തെ ആശ്ലേഷിച്ചുവെങ്കിലും മക്കയിലെ ഭൂരിപക്ഷത്തിനും, വിശിഷ്യാ പ്രമാണിമാർക്ക് അവരുടെ പൂർവികരുടെ ബഹുദൈവാരാധനയെ സംബന്ധിച്ചുള്ള നബിയുടെ കണിശമായ നിഷേധത്തെ ദയാപുരസ്സരം കൈകാര്യം ചെയ്യാനായില്ല. അവസാനം മുസ്‌ലിംകൾ മക്കയിൽ നിന്നും തുരത്തപ്പെട്ടു. അവരാദ്യം നേഗസ് (നജ്ജാശി) ചക്രവർത്തിയുടെ അബിസീനിയയിലും പിന്നീട് യഥ്‌രിബ് (മദീന) എന്നറിയപ്പെട്ടിരുന്ന ചെറിയ പട്ടണത്തിലും അഭയാർഥികളായി. ആരാധനയും, നീതിന്യായവും, സാമൂഹിക ബന്ധങ്ങളുമെല്ലാം അല്ലാഹു ഖുർആനിൽ വെളിപ്പെടുത്തിയവിധം പ്രതിഫലിച്ചതവിടെയായിരുന്നു.

'ദ് മെസ്സേജ്' എന്ന സിനിമയും എന്നെ ഹഠാദാകർഷിച്ചു. കുറ്റമറ്റ ഒരു ചിത്രീകരണമായിരുന്നില്ല അതെങ്കിലും മുഹമ്മദ് നബി (ﷺ)യുടെ വ്യക്തിത്വത്തെക്കുറിച്ചൊരു അവബോധം അത് കൈമാറുന്നുണ്ട് - അദ്ദേഹത്തെ ഒരിക്കലും പ്രത്യക്ഷപ്പെടുത്താതെ തന്നെ. നബി(ﷺ)യുടെ ജീവിത കഥകൾ എന്നെ അവരിലേക്കടുപ്പിച്ചു. അവരുടെ ദുരിതാനുഭവങ്ങളിൽ ഞാനവർക്കായി കരഞ്ഞു. ആ ആദ്യകാല മുസ്‌ലിംകളുടെ സ്ഥൈര്യവും പൂർവികരുടെ ബിംബങ്ങളെ തിരസ്കരിച്ചതിനാൽ അവർക്കനുഭവിക്കേണ്ടി വന്ന പീഡനങ്ങളുടെ കഥകളും എന്നെയും സുഹൃത്തുക്കളെയും കൂടുതൽ ശക്തരാക്കി. പുതിയ വിശ്വാസം മൂലം അനുഭവിക്കേണ്ടി വന്ന ക്ലേശങ്ങളെ സധൈര്യം നേരിടാനുള്ള കരുത്ത് ഞങ്ങൾക്കത് പകർന്നു നൽകി.

ഞാനൊന്നാമതായി പഠിച്ചത് ഇസ്‌ലാമിന്റെ പഞ്ചസ്തംഭങ്ങളായിരുന്നു. ഇത് മതത്തിന്റെ ബാലപാഠം പഠിക്കുന്ന കുട്ടികളെ പഠിപ്പിക്കുന്നതാണ്. ശഹാദത്ത് (വിശ്വാസ സാക്ഷ്യം), സ്വലാത്ത് (നമസ്കാരം), സകാത്ത് (സമ്പത്തിൽ നിന്നുള്ള നിർബന്ധ ദാനം), സൗം (റമദാനിലെ വ്രതാനുഷ്ഠാനം), ഹജ്ജ് ( മക്കയിലേക്കുള്ള തീർഥയാത്ര) എന്നിവയാണത്.

മുസ്‌ലിം വിശ്വാസം അഥവാ 'ഈമാൻ' എന്നതും കൃത്യമായി ആറ് സ്തംഭങ്ങളെ അടിസ്ഥാനമാക്കുന്നു. അല്ലാഹുവിൽ വിശ്വസിക്കുക, അവന്റെ മലക്കുകളിലും, ദൂതന്മാരിലും (തൗറാത്തിലും ഇൻജീലിലും സബൂറിലും ഖുർആനിലും പറയപ്പെട്ട എല്ലാ പ്രവാചകരിലും), അവന്റെ വേദഗ്രന്ഥങ്ങളിലും (മുൻചൊന്ന ഗ്രന്ഥങ്ങളിൽ അവയുടെ യഥാർഥ രൂപത്തിൽ), അന്ത്യ ദിനത്തിലും (ഉയിർത്തെഴുന്നേൽപിന്റെ നാൾ), ഖദ്റിലും (വിധിയിലെ ഗുണ ദോഷങ്ങൾ) വിശ്വസിക്കുക എന്നതാണ് ഈമാനിന്റെ ആറ് സ്തംഭങ്ങൾ.

ആദ്യകാല മുസ്‌ലിംകളുടെ സ്ഥൈര്യവും പൂർവികരുടെ ബിംബങ്ങളെ തിരസ്കരിച്ചതിനാൽ അവർക്കനുഭവിക്കേണ്ടി വന്ന പീഡനങ്ങളുടെ കഥകളും എന്നെയും സുഹൃത്തുക്കളെയും കൂടുതൽ ശക്തരാക്കി. പുതിയ വിശ്വാസം മൂലം അനുഭവിക്കേണ്ടി വന്ന ക്ലേശങ്ങളെ സധൈര്യം നേരിടാനുള്ള കരുത്ത് ഞങ്ങൾക്കത് പകർന്നു നൽകി.

ഈമാനിന്റെ ആറും, ഇസ്‌ലാമിന്റെ അഞ്ചും അടിസ്ഥാന സ്തംഭങ്ങളെ ഞാനെളുപ്പം പഠിച്ചുവെങ്കിലും അത് ഇസ്‌ലാമിക വിജ്ഞാന ഹിമഗിരിയുടെ അഗ്രം മാത്രമായിരുന്നു. എന്റെ സുഹൃത്തുക്കളും ഞാനും ഇസ്‌ലാമിക പ്രഭാഷണങ്ങളിലും ക്ലാസുകളിലും പങ്കെടുക്കുകയും, ടേപ്പുകൾ കേൾക്കുകയും, പുതകങ്ങൾ വായിക്കുകയും, ഞങ്ങൾക്കിടയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യുകയുമെല്ലാം ചെയ്തപ്പോൾ ഞങ്ങളാശ്ലേഷിച്ച ദീനിന്റെ വ്യാപ്തി ശരിക്കും ബോധ്യപ്പെട്ടു. വിശ്വാസങ്ങൾ സ്വയം ലളിതമെങ്കിലും ഇസ്‌ലാമിന്റെ അകവും പുറവും സത്യത്തിൽ വിജ്ഞാന സാഗരം തന്നെ എന്ന് ഞങ്ങൾക്കറിയുമാറായി. ഞങ്ങളതിലേക്കങ്ങനെ ഊളിയിട്ടിറങ്ങുകയായിരുന്നു. ആലിയ പറയുന്നു:

"ആദ്യകാലങ്ങളിലെ ഏറ്റവും ഉത്തമമായ കാര്യങ്ങളിലൊന്ന് വായിക്കുന്ന സംഗതികളിലെ ഗൗരവം മനസ്സിലാക്കി അതനുസരിച്ച് പ്രവർത്തിക്കാൻ കഴിയുമായിരുന്നു എന്നതാണ്. എന്റെ ക്രിസ്തീയ കുടുംബം കാലങ്ങളായി ഇത് പഠിപ്പിച്ചുവെങ്കിലും അതൊരിക്കലും യുകതിസഹമായിരുന്നില്ല. എന്നാൽ അവസാനം എനിക്ക് ബുദ്ധിപരമായി തോന്നിയത് ഇസ്‌ലാമായിരുന്നു. അത് വെറുമൊരു മതമല്ല; ഒരു ജീവിത മാർഗ ദർശനമാണ്".

### ഒരു നവ മുസ്‌ലിം

ഞങ്ങൾ പരിലാളനങ്ങളോടെ സ്മരിക്കുന്ന, ഒരു നവമുസ്‌ലിമിന്റെ ജീവിതാനുഭവങ്ങളുടെ ഒട്ടേറെ ഭാവതലങ്ങളുണ്ട്. ശഹാദത്തിനെ അഥവാ വിശ്വാസ സാക്ഷ്യത്തെ കണ്ടെത്തൽ, പഠിക്കുകയും വിലയിരുത്തപ്പെടുകയും ചെയ്യുന്ന തൗഹീദ് (ഇസ്‌ലാമിക ഏകദൈവ വിശ്വാസം), നമസ്കാരത്തിന്റെ രുചി ആസ്വദിക്കൽ, വ്രതത്തെ അനുഭവിച്ചറിയൽ, ഞങ്ങളുടെ പുതിയ വസ്ത്രധാരണത്തിലെ ആശ്വാസം, പുതിയ സാമുദായിക ബോധം, ഞങ്ങളുടെ ജീവിതം ഏറ്റെടുത്ത ഔത്സുക്യമാർന്ന ദിശ, ദിനേനയുള്ള ഞങ്ങളുടെ ഇസ്‌ലാമിക തിരിച്ചറിയലുകൾ എല്ലാം തികച്ചും ആവേശജനകമായിരുന്നു. ഞങ്ങളുടെ പെരുമാറ്റങ്ങളും നിലപാടുകളും ഇവ്വിധം വിളിച്ചോതി: "സുഹൃത്തുക്കളേ, ഞങ്ങൾ മുസ്‌ലിംകളാണ്, ഞങ്ങൾക്ക് ഈ മഹത്തരമായ ദീനുണ്ട്, വിശ്വാസമുണ്ട്, നമ്മളേറ്റം സന്തുഷ്ടരാണ്". നിസ്സംശയം, അത് സന്തോഷത്തിന്റെ, ആനന്ദത്തിന്റെ, വിജയഭേരിയുടെ കാലഘട്ടമായിരുന്നു!

### ശഹാദത്ത്

ഇസ്‌ലാമിക വിശ്വാസത്തിലെ ഏറ്റവും പ്രാധാനമായ ഘടകങ്ങളിലൊന്ന് അന്നും ഇന്നും ശഹാദത്താണ്. ആയിരത്തി നാനൂറ് വർഷങ്ങളിലേറെയായി മുസ്‌ലിംകൾ ഉച്ചരിച്ചുവരുന്ന ആ പദങ്ങളാണ് ഇസ്‌ലാമിനോടുള്ള ഞങ്ങളുടെ പ്രതിബദ്ധതയെ സുദൃഢമാക്കിയത്.

ഇസ്‌ലാമിന്റെ പഞ്ച സ്തംഭങ്ങളിൽ ഒന്നാമത്തേതായ ശഹാദത്ത് (സാക്ഷ്യവാക്യം) ഇങ്ങനെയാണ്:

"അശ്ഹദു അൻ ലാ ഇലാഹ ഇല്ലല്ലാഹു; വ അശ്ഹദു അന്ന മുഹമ്മദർറസുലുല്ലാഹ്".

ഈ പ്രസ്താവന ഒരു നിഷേധത്തെയും ഒരു സ്ഥിരീകരണത്തെയും ഉൾക്കൊള്ളുന്നു. ലാ ഇലാഹ് (ആരാധ്യമായി ഒന്നുമില്ല) എന്ന പ്രസ്താവനയോടെ ഒരു മുസ്‌ലിം മറ്റെല്ലാ ആരാധനാമൂർത്തികളെയും -അതൊരു ശിലയാകട്ടെ, മരമാകട്ടെ, ബിംബമാകട്ടെ, പുണ്യപുരുഷനാകട്ടെ, എന്തുമാകട്ടെ- പാടെ നിഷേധിക്കുകയാണ്.

'ഇല്ലല്ലാഹ്' (അല്ലാഹുവല്ലാതെ) എന്ന വാക്ക് അല്ലാഹുവിന് മാത്രമുള്ള ആരാധനയെ അഥവാ ആരാധനക്കർഹൻ അവൻ മാത്രമാണെന്നതിനെ സ്ഥാപിക്കുന്നു.

"ഒരു മുസ്‌ലിമായി പിറന്നതിനാൽ ശഹാദത്ത് പ്രഖ്യാപിക്കേണ്ടതുണ്ട് എന്ന് ഞാൻ കരുതിയിരുന്നില്ല. അറിവില്ലായ്മയുടെയും വിജ്ഞാന സമ്പാദനത്തിന്റെയും അവസരങ്ങളിലെ വ്യതിരിക്തതയെ അടയാളപ്പെടുത്തുന്ന ആ നാഴികക്കല്ല് എങ്ങനെയെങ്കിലും സ്വായത്തമാക്കിയിരുവെങ്കിൽ എന്ന് ഞാനാഗ്രഹിച്ചു. ഔപചാരികമയി അത് നിർവഹിച്ചിട്ടില്ലാതിരുന്നതിനാൽ, ആ അടിത്തറ കൂടാതെയുള്ള വളർച്ച ക്ലേശകരമാണെന്നതിനാൽ, അതേക്കു റിച്ചുള്ള ഉറ്റാലോചനയിൽ ഞാനൊട്ടേറെ സമയം ചെലവഴിച്ചു" - സാറ.

ശഹാദത്തുമായി അനുയാത്രചെയ്യുന്ന വികാര വിചാരങ്ങൾ സത്യത്തിൽ വാക്കുകൾക്കതീതമാണ്. അതുച്ചരിക്കുന്നതോടെ നിങ്ങൾ പ്രവാചകൻെറ(ﷺ) ജനതയുടെ ഭാഗമായിത്തീരുന്നു. ഇസ്‌ലാമിക സമൂഹത്തിലേക്ക് നിങ്ങൾ പ്രവേശിക്കുന്നു. നിങ്ങളിപ്പോൾ ഒരു സമുദായത്തിന്റെ ഭാഗമായത് കൃത്രിമമായ ദേശാതിർത്തികൾക്കുള്ളിൽ പിറന്നുപോയതുകൊണ്ടല്ല, നിങ്ങൾ ഒരേ വിശ്വാസം പങ്കിടുന്നതിനാലാണ്.

പലരും ശഹാദത്ത് ഉച്ചരിച്ചത് ഉത്ക്കണ്ഠ, ആശ്വാസം, പ്രതീക്ഷ, സന്തോഷം തുടങ്ങി വിവിധ വികാരങ്ങളുടെ വേലിയേറ്റത്തോടൊപ്പമായിരുന്നു.

"നിങ്ങൾ ശഹാദത്ത് ചൊല്ലുമ്പോൾ പിറന്നു വീണ ശിശുകണക്കെ പാപവിമുക്തനാണ് എന്നാണ് പറയപ്പെട്ടിരിക്കുന്നത്. അപ്പോൾ, തികച്ചും വ്യത്യസ്തമായ ഒരു വ്യക്തിത്വമായി സ്വയം നിങ്ങൾക്കനുഭവപ്പെടും" - ഉമ്മു സ്വഫ്‌വാൻ.

ശഹാദത്ത് പ്രഖ്യാപനം ചില സഹോദരിമാർക്ക് വികാരപരമായ ഒരു ചുവടുവെപ്പായിരുന്നു. പലർക്കും ആ പ്രസ്താവനയുടെ അർഥവ്യാപ്തി ഉൾക്കൊള്ളാനായത് ദീനിൽ വളർന്ന് അറിവ് നേടിയപ്പോൾ മാത്രമാണ്. ഞാൻ മുസ്‌ലിമായ ആദ്യവർഷം ശഹാദത്തിന്റെ ശരിയായ താത്പര്യം ഗ്രഹിച്ചിരുന്നു എന്നെനിക്ക് പറയാനാകില്ല. സത്യത്തിൽ ഞാനതുച്ചരിക്കുമ്പോൾ അതിന്റെ നിബന്ധനകളെല്ലാം നിറവേറ്റിയിരുന്നില്ല. എന്നിരുന്നാലും വായിച്ചും ചോദ്യം ചെയ്തും ആ പദങ്ങളുടെ മഹത്ത്വവും അതെന്റെ ജീവിതത്തിന്റെ ഓരോതുറയിലും ചെലുത്തുന്ന സ്വാധീനവും ഞാൻ തിരിച്ചറിഞ്ഞു. ഞാനിവിടെയുള്ളത് അല്ലാഹുവിനെ മാത്രം ആരാധിക്കുവാനാണെന്ന് ഞാൻ ശരിക്കുമറിഞ്ഞിരിക്കെ അവനെന്നോട് കൽപിക്കുന്നതിനെതിരിൽ ഞാനെന്തിന് ന്യായീകരണം തേടണം? അല്ലാഹുവിന്റെ സംതൃപ്തിയെക്കാൾ പുരോഹിതന്മാരുടെ അംഗീകാരമാണോ പ്രാധാന്യമർഹിക്കുന്നത്? ശഹാദത്തിനെ ശരിയായി വിലയിരുത്താൻ ആരംഭിച്ചിരുന്നതിനാൽ ഈ ചോദ്യത്തിനുള്ള ഉത്തരമെന്തെന്നും എനിക്കറിയാമായിരുന്നു.

ശഹാദത്തിൻെറ രണ്ടാം ഭാഗം 'മുഹമ്മദുർറസൂലുല്ലാഹ്' എന്നാണ്. ഒരു മുസ്‌ലിം

**ഈ പ്രസ്താവന ഒരു നിഷേധത്തെയും ഒരു സ്ഥിരീകരണത്തെയും ഉൾക്കൊള്ളുന്നു. ലാ ഇലാഹ് (ആരാധ്യമായി ഒന്നുമില്ല) എന്ന പ്രസ്താവനയോടെ ഒരു മുസ്‌ലിം മറ്റെല്ലാ ആരാധനാമൂർത്തികളെയും -അതൊരു ശിലയാകട്ടെ, മരമാകട്ടെ, ബിംബമാകട്ടെ, പുണ്യപുരുഷനാകട്ടെ, എന്തുമാകട്ടെ- പാടെ നിഷേധിക്കുകയാണ്.**

മുഹമ്മദ് നബി(ﷺ)യെ അല്ലാഹുവിന്റെ പ്രവാചകനും ദൂതനുമായി അംഗീകരിച്ചുകൊണ്ട് അദ്ദേഹത്തിൻെറ മാതൃക പിൻപറ്റി, കൽപനകളനുസരിച്ചുകൊണ്ട് ജീവിക്കുകഎന്നാണതർഥമാക്കുന്നത്. മനുഷ്യരിലാരെക്കാളുമധികം ഒരു മുസ്‌ലിം ദൂതനായ മുഹമ്മദ് നബി(ﷺ)യെ സ്നേഹിക്കേണ്ടതുണ്ട്. അവിടുത്തെ സ്വഭാവം, മറ്റുള്ളവരുമായുള്ള സമ്പർക്കം തുടങ്ങി അദ്ദേഹത്തെക്കുറിച്ച് ശരിക്കും പഠിക്കുന്നതുവരെ അളന്നറിയാൻ പ്രയാസമുള്ള ഒന്നായിരുന്നു എനിക്കത്. മുഹമ്മദ് എന്ന കുടുംബനാഥന്റെ വ്യക്തിജീവിതത്തെക്കുറിച്ചറിയുമ്പോഴെല്ലാം എന്റെ മനസ്സ് അദ്ദേഹത്തിലേക്ക് തരളിതമായി നീങ്ങും. 1999ൽ വിവാഹിതയാകുന്നതിന് മുമ്പ്, അദ്ദേഹം തന്റെ കുടുംബത്തോടെങ്ങനെയാണ് വർത്തിച്ചിരുന്നതെന്നതിനെക്കുറിച്ചുള്ള ഒരു ടേപ്പ് കേട്ട് ഞാൻ കരഞ്ഞുപോയി. ആ സഹാനുഭൂതി, നർമം, വിനയം, കരുണ, ആശ്ചര്യകരമായ സൗഹൃദവും മാന്യതയും എല്ലാം, അത്തരമൊരു വ്യക്തിത്വത്തിന്റെ നുറുങ്ങുകളെങ്കിലുമുള്ള ഒരാളുമായുള്ള വിവാഹത്തിന് എന്നിൽ ആഗ്രഹം ജനിപ്പിച്ചു. സ്ഥിര പതിപ്പുകളായ സാധാരണ പരമ്പരാഗത മുസ്‌ലിം പുരുഷന്മാരിൽ നിന്നും അദ്ദേഹം എന്തുമാത്രം വ്യതിരിക്തനാണ് എന്നത് എന്നെ ഹഠാദാകർഷിച്ചു എന്ന് സമ്മതിക്കാതെ വയ്യ. നമ്മുടെ പ്രവാചകൻ (ﷺ) തന്റെ വീട്ടിൽ എങ്ങനെയായിരുന്നു എന്ന് പഠിപ്പിച്ചുകൊണ്ട് എന്റെ മകനെ അവന്റെ വീട്ടിൽ ഒരു യഥാർഥ മുസ്‌ലിമാക്കി ഒരുനാൾ എനിക്കഭിമാനിക്കാം എന്ന് ഞാനറിഞ്ഞു.

**ഖുർആനെ കണ്ടെത്തൽ**

ഖുർആൻ കഴിഞ്ഞാൽ ഏറ്റവും ആധികാരിക ഇസ്‌ലാമിക ഗ്രന്ഥമായ സ്വഹീഹുൽ ബുഖാരിയിൽ ഇങ്ങനെ രേഖപ്പെടുത്തിയതായി കാണാം: മുഹമ്മദ് നബി(ﷺ)ക്ക് നാൽപതാം വയസ്സിൽ ദൈവിക വെളിപാടുകൾ സ്വപ്നരൂപത്തിൽ ലഭിക്കാൻ തുടങ്ങി. സ്വപ്നങ്ങൾ യാഥാർഥ്യങ്ങളായി പുലരുക എന്നതായിരുന്നു അത്. അക്കാലങ്ങളിൽ അദ്ദേഹം ഏകാന്തത ഇഷ്ടപ്പെടുകയും ദിനങ്ങൾ നീണ്ടുനിൽക്കുവോളം അല്ലാഹുവെ ആരാധിക്കുവാൻ ഹിറാഗുഹയിലേക്ക് യാത്രപോവുക പതിവാക്കുകയും ചെയ്തു.

ഒരുനാൾ ഗുഹയിൽ തനിച്ചിരിക്കെ മോസസി(മൂസ)ന്റെയും മേരി(മറിയം)യുടെയും അരികിലേക്ക് ദൈവം അയച്ച ഗബ്രിയേൽ (ജിബ്‌രീൽ) എന്ന മാലാഖ (മലക്ക്) അദ്ദേഹത്തിനരികിലെത്തി.

"വായിക്കുക" മലക്ക് ആജ്ഞാപിച്ചു.

ബദുക്കളോടൊപ്പം മരുഭൂമിയിൽ തന്റെ ജീവിതമത്രയും കഴിച്ചുകൂട്ടിയ മുഹമ്മദ് നബി(ﷺ)ക്ക് എഴുത്തോ വായനയോ വശമില്ലായിരുന്നു. "വായിക്കാനെനിക്കറിയില്ല" -അദ്ദേഹം പറഞ്ഞു. അന്നേരം മലക്ക് അദ്ദേഹത്തെ ഗാഢമായി ചേർത്തുപിടിച്ചു. അസഹ്യമായ ആ പിടി വിട്ടുകൊണ്ട് വീണ്ടും കൽപിച്ചു: "വായിക്കുക".

തനിക്ക് വായനറിയില്ലെന്ന് വീണ്ടും പ്രതിവചിച്ച അദ്ദേഹത്തെ മലക്ക് തീർത്തും അസഹനീയമാവിധം അണച്ചുപിടിച്ചു. പിടിവിട്ട് മൂന്നാം തവണയും വായിക്കാൻ പറഞ്ഞു.

അപ്പോൾ നബി (ﷺ)ചോദിച്ചു: " ഞാനെന്ത് വായിക്കാൻ?" അവസാനമായൊന്നുകൂടി അദ്ദേഹത്തെ ചേർത്തുപിടിച്ച് ഈ വചനങ്ങൾ പാരായണം ചെയ്തു:

"സൃഷ്ടിച്ചവനായ നിന്റെ രക്ഷിതാവിന്റെ നാമത്തിൽ നീ വായിക്കുക.

മനുഷ്യനെ അവൻ ഭ്രൂണത്തിൽ നിന്ന് സൃഷ്ടിച്ചിരിക്കുന്നു.

നീ വായിക്കുക, നിന്റെ രക്ഷിതാവ് ഏറ്റവും വലിയ ഔദാര്യവാനാകുന്നു" (96:1-3).

അങ്ങനെ ഖുർആനിന്റെ ആദ്യ സൂക്തങ്ങൾ മുഹമ്മദ് നബി (ﷺ)ക്ക് നൽകിക്കൊണ്ട് ആ മലക്ക് കടന്നുപോയി. ഇസ്‌ലാമിലേക്കുള്ള ക്ഷണം ആരംഭിക്കുകയായി.

മുസ്‌ലിമാകുന്നതിന് മുമ്പ് ഖുർആൻ ആദ്യമായി വായിച്ചപ്പോൾ എനിക്കതൊട്ടും ഗ്രാഹ്യമായില്ല. ഒരു ക്രിസ്ത്യാനിയും ആയിരുന്നില്ല എന്നതിനാൽ ബൈബിളിൽ നിന്നു മതെങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു എന്നും മനസ്സിലാക്കാനായില്ല. അതുകൊണ്ടുതന്നെ അതിലെ വിധിവിലക്കുകളോട് ഒരു കുതിരപ്പടയാളിയുടെ മനോഭാവമായിരുന്നു ഞാൻ പുലർത്തിയത്. ബൈബിൾ പോലെ പുരുഷ രചനയായതിനാൽ ആണുങ്ങൾക്കും അധികാരി വർഗങ്ങൾക്കും ചേർന്നതാകാം ഇതുമെന്ന ധാരണയിൽ അതിൽ പലതും ഞാൻ ഗൗരവ ബുദ്ധ്യാ കണക്കാക്കിയതേയില്ല.

ഖുർആനിന്റെ ദിവ്യോൽപത്തി തിരിച്ചറിഞ്ഞ അന്നു മുതൽ മാത്രമാണ് എന്നിലെ ഇസ്‌ലാം ശക്തിപ്പെടാൻ തുടങ്ങിയത്. എന്റെ അഭിപ്രായത്തിന് പ്രാധാന്യം നൽകിക്കൊണ്ട് ആശ്വാസപ്രദമെന്ന് തോന്നുന്ന വിശ്വാസങ്ങളെയും ഏതാനും ചില നുറുങ്ങുകളെയും മാത്രമാണ് ഞാനതുവരെ സ്വീകരിച്ചത്. ഇസ്‌ലാമിനെക്കുറിച്ച് എന്തെങ്കിലുമറിയുന്ന ഏതൊരാൾക്കും ഇത് ശരിയായ രീതിയല്ല എന്ന് പറയാനാകും.

എന്നാൽ, ഖുർആൻ കൂടുതൽ പഠിക്കാൻ തുടങ്ങിയപ്പോൾ എന്നെയത് വല്ലാതെ ആകർഷിപ്പികയും അടുപ്പിക്കുകയും ഗഹനമായ ഒരു ഗവേഷണത്തിന് നിർബന്ധിതയാക്കുകയും ചെയ്തു. ജിബ്‌രീൽ എന്ന മലക്കു വഴി (ഗബ്രിയേൽ മാലാഖ) അല്ലാഹു മുഹമ്മദ് നബി(ﷺ)ക്ക് വെളിപ്പെടുത്തിയ വചനങ്ങൾ അറേബ്യയിലെ വിഗ്രഹാരാധകരെയാകെ വിസ്മയിപ്പിച്ചു. തങ്ങളുടെ ഭാഷയിലും കവിതയിലുമെല്ലാം ഏറെ പ്രാഗത്ഭ്യമുണ്ടായിരുന്ന ജനങ്ങൾക്ക് ഖുർആൻ അവയുടെയെല്ലാം ആശ്ചര്യചകിതമായ ഒരു ഉദാഹരണമായി. എന്നാൽ മരുഭൂവാസികളായ ഗോത്രവർഗക്കാർക്കിടയിൽ ജനിച്ചു വളർന്ന പ്രവാചകൻ(ﷺ) എഴുത്തും വായനയുമറിയുന്ന വ്യക്തിയായിരുന്നില്ല. ഈ നിരക്ഷരനെങ്ങനെ ഇത്രയും താളാത്മകമായ ആഖ്യാനം മെനെഞ്ഞെടുക്കും? അവിടെയെവിടെയുമുണ്ടായിരുന്ന റബ്ബികളിൽ നിന്നോ പുരോഹിതരിൽ നിന്നോ അദ്ദേഹമൊന്നും ഒരിക്കലും പഠിക്കുകയുണ്ടായിട്ടില്ല. പിന്നെയെങ്ങനെയാണദ്ദേഹത്തിന് ജൂതരുടെയും ക്രിസ്ത്യാനികളുടെയും കഥകൾ നിരത്തിവെക്കാനാകുന്നത്? ഒരു ശാസ്ത്രകാരനല്ലാത്ത അദ്ദേഹം ഭ്രൂണശാസ്ത്ര രഹസ്യങ്ങളളും ഭൂമിശാസ്ത്രത്തിന്റെയും ശൂന്യാകാശത്തിന്റെയുമെല്ലാം നിഗൂഢതകളും വിശദീകരിക്കുന്നതെങ്ങനെയാണ്? മാന്ത്രിക സ്ഫടികമൊന്നും കൈവശമില്ലായിരുന്ന അദ്ദേഹമെങ്ങനെയാണ് ഭൂതകാല സംഭവങ്ങളറിയുന്നത്? ചില ഭാവികാര്യങ്ങൾ പ്രവചിക്കുന്നത്? എന്നാൽ, ഖുർആൻ പോലെയൊന്ന് കൊണ്ടുവരുവാൻ മനുഷ്യ സമൂഹത്തെയാകമാനം വെല്ലുവിളിച്ചുകൊണ്ട് അത് തന്നിൽ നിന്ന് മാത്രമുള്ളതാണെന്നതിന് അല്ലാഹു സ്വയം സുവ്യക്തമായ തെളിവ്

<u>**മുസ്‌ലിമാകുന്നതിന് മുമ്പ് ഖുർആൻ ആദ്യമായി വായിച്ചപ്പോൾ എനിക്കതൊട്ടും ഗ്രാഹ്യമായില്ല. ഒരു ക്രിസ്ത്യാനിയും ആയിരുന്നില്ല എന്നതിനാൽ ബൈബിളിൽ നിന്നുമതെങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു എന്നും മനസ്സിലാക്കാനായില്ല. അതുകൊണ്ടുതന്നെ അതിലെ വിധിവിലക്കുകളോട് ഒരു കുതിരപ്പടയാളിയുടെ മനോഭാവമായിരുന്നു ഞാൻ പുലർത്തിയത്.**</u>

**അതുകൊണ്ടുതന്നെ അവതീർണമായ അതേ രൂപത്തിൽ ഖുർആൻ ഇന്നും നില നിൽക്കുന്നു. തുർക്കിയിലെ ഒരു മ്യൂസിയത്തിലുള്ള പുരാതന പതിപ്പും ഇന്ന് ഏത് പുസ്തകാലയത്തിൽ നിന്നും വാങ്ങാനാവുന്ന ഖുർആൻ പ്രതിയും തമ്മിൽ വ്യത്യാസമൊന്നുമില്ല തന്നെ. ഇത് ഞങ്ങൾ നവ മുസ്‌ലിംകളെ സംബന്ധിച്ചിടത്തോളം മഹത്തായ അഭിമാനത്തിന്റെ ഉറവിടം തന്നെയാണ്.**

നൽകുകയായിരുന്നു. ആദ്യം അതുപോലെയൊന്നും പിന്നീട് പത്തു വചനങ്ങളും പിന്നെ ഒരൊറ്റ സൂക്തമെങ്കിലും ഖുർആനിന് സമാനമായി കൊണ്ടുവരാനുള്ള വെല്ലുവിളിയെ ഇന്നോളമാരും നേരിട്ടിട്ടില്ല.

ഖുർആൻ മുതവാതിർ എന്നറിയപ്പെടുന്ന രൂപത്തിൽ തലമുറകളിലൂടെ കൈമാറിവന്നതാണ്. ഒരു വലിയ സംഘം ജനങ്ങളിൽ നിന്നും മറ്റൊരു ജനസഞ്ചയത്തിലേക്ക് പകർന്നുനൽകപ്പെട്ടു എന്നാണതർഥമാക്കുന്നത്. ആയതുകൊണ്ടുതന്നെ ഇതിൽ കൈകടത്തൽ നടത്തുവാനോ മാറ്റിത്തിരുത്തുവാനോ ഉള്ള ഗൂഢാലോചനകൾ പോലും അവർക്കസാധ്യമായിരുന്നു. അല്ലാഹുവിന്റെ വാക്കുകളുമായി തൻെറ വാക്കുകൾ കൂട്ടിച്ചേർക്കുവാൻ പ്രവാചകനു പോലും കഴിയില്ലെന്നും അതിന് ശ്രമിച്ചാൽ അത് വിജയിക്കില്ലെന്നും ശിക്ഷിക്കപ്പെടുമെന്നും അല്ലാഹു തന്നെ വ്യക്തമാക്കുന്നു:

“നമ്മുടെ പേരിൽ (പ്രവാചകൻ) വല്ലതും കെട്ടിച്ചമച്ചു പറഞ്ഞിരുന്നുവെങ്കിൽ അദ്ദേഹത്തെ നാം വലതുകൈകൊണ്ട് പിടികൂടുകയും എന്നിട്ട് അദ്ദേഹത്തിന്റെ ജീവനാഡി നാം മുറിച്ചുകളയുകയും ചെയ്യുമായിരുന്നു” (69: 44-46).

തന്റെ ഇരുപത്തിമൂന്നു വർഷത്തെ ശിഷ്ട ജീവിതത്തിലുടനീളം നബി(ﷺ)ക്ക് അല്ലാഹു ജിബ്‌രീൽ മുഖേന വെളിപാടുകൾ നൽകിക്കൊണ്ടിരുന്നു. അവയത്രയും നബി (ﷺ) തന്റെ ശിഷ്യന്മാർക്ക് പാരായണം ചെയ്തുകൊടുത്ത് പഠിപ്പിച്ചു. തങ്ങൾ പഠിച്ചെതെല്ലാം അവർ ഹൃദിസ്ഥമാക്കുകയും എഴുതിവെക്കുകയും ചെയ്തു. ആ ആദ്യകാല പാഠശാലങ്ങളത്രയും അവർക്ക് എളുപ്പത്തിൽ ലഭ്യമായ വിധം തുണിയിലും ഇലകളിലും മറ്റുമായി അറബിയിൽ രേഖപ്പെടുത്തപ്പെട്ടു. തന്റെ ജീവിതാവസാന കാലത്ത് നബി (ﷺ) റമദാനിന്റെ നാളുകളിൽ ജിബ്‌രീലുമൊത്ത് ഖുർആൻ പാരായണം ചെയ്യുമായിരുന്നു. അദ്ദേഹത്തോടൊപ്പം വിശ്വസ്ത ശിഷ്യന്മാരിലൊരാളായ സൈദ്ബിൻ സാബിതും(رضي الله عنه) പാരായണത്തിൽ പങ്കുചേർന്നിരുന്നു. ഹിജ്റ 24-25 ൽ ഖലീഫ ഉഥ്മാൻ ഖുർആൻ ഒരേ ഉച്ചാരണത്തിലുള്ള ഒരേകീകൃത ഗ്രന്ഥമാക്കാൻ കൽപന പുറപ്പെടുവിച്ചപ്പോൾ അത് പരിശോധിച്ച് തീർച്ചപ്പെടുത്തിയതും രണ്ടിലേയും അധ്യായങ്ങളുടെ ക്രമം ഒത്തുനോക്കിയതുമെല്ലാം സൈദ് ബിൻ സാബിത്(رضي الله عنه) ആയിരുന്നു.

അതുകൊണ്ടുതന്നെ അവതീർണമായ അതേ രൂപത്തിൽ ഖുർആൻ ഇന്നും നില നിൽക്കുന്നു. തുർക്കിയിലെ ഒരു മ്യൂസിയത്തിലുള്ള പുരാതന പതിപ്പും ഇന്ന് ഏത് പുസ്തകാലയത്തിൽ നിന്നും വാങ്ങാനാവുന്ന ഖുർആൻ പ്രതിയും തമ്മിൽ വ്യത്യാസമൊന്നുമില്ല തന്നെ. ഇത് ഞങ്ങൾ നവ മുസ്‌ലിംകളെ സംബന്ധിച്ചിടത്തോളം മഹത്തായ അഭിമാനത്തിന്റെ ഉറവിടം തന്നെയാണ്. ഞങ്ങൾ പഠിച്ചു വളർന്ന വേദഗ്രന്ഥങ്ങളിൽ നിന്നും തികച്ചും വിഭിന്നമായി ഖുർആൻ കളങ്കലേശമന്യെ കൈകടത്തലുകളില്ലാതെ നിലനിൽക്കുന്നു!

ഞങ്ങളിൽ മിക്കവരെയും ഖുർആൻ തന്നെയാണ് കീഴ്പ്പെടുത്തിയത്. ഒരു നവ മുസ്‌ലിമെന്ന നിലയ്ക്കുള്ള സന്തോഷത്തെക്കുറിച്ചും, ദീനിലേക്കാദ്യമായി പ്രവേശിച്ചപ്പോൾ ഇഷ്ടപ്പെട്ട കാര്യങ്ങളെക്കുറിച്ചും ചോദിക്കപ്പെട്ടപ്പോൾ നിശ്ശങ്കം ക്ലാര പറഞ്ഞത് 'ഖുർആൻ' എന്നായിരുന്നു: “ഞാനെക്കാലവും വായിച്ചവയിൽ അതിവിചിത്രമായത് ഖുർആനായിരുന്നു. സദാ ഷെയ്ക്സ്പിയർസാഹിത്യവും കവിതയുമെല്ലാം വായിച്ചിരുന്ന എനിക്ക് പക്ഷേ, ഖുർആൻ മഹത്തായ ഒരനുഭവം തന്നെയായിരുന്നു''.

ഖുർആൻ അതിന്റെ സന്ദേശത്തിലൂടെ, വാക്കുകളിലൂടെ, അർഥതലങ്ങളിലൂടെ, പാരായണത്തിന്റെ താളാത്മകമായ പ്രവാഹത്തിലൂടെയെല്ലാം ദശലക്ഷങ്ങളുടെ മനസ്സുകളെ മാറ്റിമറിച്ചു. ഇസ്‌ലാമിന്റെ അരുണോദയം മുതൽ ലോകത്തിന്റെ ഓരോ കോണിലുമുള്ള മുസ്‌ലീങ്ങൾ എന്നും പ്രാധാന്യം നൽകിവന്ന ഒന്നാണ് ഖുർആൻ പാരായണം. ഒരുപക്ഷേ, ആയിരങ്ങൾക്ക് ആദ്യാവസാനം മനപ്പാഠമുള്ള ലോകത്തിലെ ഏക ഗ്രന്ഥം ഇതായിരിക്കും.... എനിക്ക് അതിലെ ചെറിയ സൂക്തങ്ങൾ മനപ്പാഠമാക്കൽ പോലും അത്യാഹ്ലാദകരമായിരുന്നു. ഗിനിയയിൽ വെച്ച് മൂന്ന് സൂക്തങ്ങൾ ഉച്ചാരണ ശുദ്ധിയോടെ ഞാൻ പഠിക്കുകയും മടക്കയാത്രയിൽ കൂടുതൽ പഠിക്കാൻ ഏറെ ശ്രദ്ധിക്കുകയും ചെയ്തു. എല്ലാ നവ മുസ്‌ലിംകളെയും പോലെ ഞാനും ഖുർആനിന്റെ മുപ്പതാം ഭാഗമായ 'അമ്മ ജുസ്ഇലെ' സൂക്തങ്ങൾ മുതൽ ആരംഭിച്ചു. തീവണ്ടിയിൽ ജോലിക്കു പോകുമ്പോൾ പോലും എന്റെ കയ്യിലുള്ള ചെറിയ പച്ച പുസ്തകത്തിൽ നിന്നും അറബി പദങ്ങളുടെ ഉച്ചാരണം പഠിക്കുകയും പ്രാർഥനയിൽ പാരായണം ചെയ്യുവാനായി സൂക്തങ്ങൾ ആവർത്തിച്ച് ഉരുവിട്ടുകൊണ്ടിരിക്കുകയും ചെയ്യുമായിരുന്നു. വാക്മാനിലും, ബെസ്റ്റ് സെല്ലർ വായനയിലുമായി മറ്റുള്ളവർ മുഴുകുമ്പോൾ ഞാൻ ഖുർആൻ പാരായണത്തിലായിരിക്കും. ദൈവിക സംഭാഷണത്തിന്റെ ആരോഹണാവരോഹണങ്ങളിൽ ഞാൻ ആശ്വാസം കണ്ടെത്തി.

ഒരു നാൾ, ഈസ്റ്റ് ലണ്ടനിലെ ഏറ്റവും വലിയ ഇസ്‌ലാമിക് ബുക്ഷോപ്പിൽ പുസ്തകങ്ങളും ടേപ്പുകളും മറ്റ് ഇസ്‌ലാമിക സാധനങ്ങളും തിരയുകയായിരുന്നു. നമസ്കാരക്കുപ്പായവും പല്ലുതേക്കുന്ന മിസ്‌വാക്കും അത്തറുമെല്ലാം പെറുക്കിയെടുത്ത് സാവധാനം നീങ്ങവെ അവിടെ പശ്ചാത്തലത്തിൽ പ്രവർത്തിപ്പിച്ചിരുന്ന ടേപ്പ് ശ്രദ്ധയിൽപ്പെട്ടു. കാറ്റ് സ്റ്റീവൻസിൻെറ (യൂസുഫ് ഇസ്‌ലാം) ടേപ്പായിരുന്നു അത്. 'പ്രവാചകന്റെ ജീവിതം' എന്നതിന് നാമകരണം ചെയ്തിരുന്നു. പ്രവാചകൻെറ (ﷺ) അന്ത്യ പ്രസംഗം വിവരിക്കാൻ തുടങ്ങിയപ്പോൾ ഞാൻ ശ്രദ്ധയോടെ കേട്ടു നിന്നു. മുസ്‌ലിം സാഹോദര്യം, സ്ത്രീകളുടെ അവകാശ സംരക്ഷണം, വർഗ സമത്വം, അല്ലാഹുവിനുള്ള അനുസരണം മുറുകെപ്പിടിക്കൽ തുടങ്ങി അതിൽ പറയപ്പെട്ട ആ വാക്കുകളുടെ സ്വാധീനം ഇന്നും എന്നോടൊപ്പമുണ്ട്. എന്റെ അകത്തലങ്ങളെ അവ പിടിച്ചുകുലുക്കി. ആ ടേപ്പ് വാങ്ങുവാൻ പൈസക്കായി ഞാൻ ധൃതിയിൽ പുറത്തിറങ്ങിയപ്പോൾ കവിൾത്തടങ്ങളിലൂടെ കണ്ണുനീർ ഒഴുകിവീണുകോണ്ടേയിരുന്നു. ഞാനും പങ്കാളിയായിത്തീർന്നിട്ടുള്ള വിശ്വാസത്തിന്റെ സൗന്ദര്യം പെട്ടെന്നൊരു നിമിഷം തിരിച്ചറിഞ്ഞതു പോലെയാണെനിക്ക് തോന്നിയത്. ഇസ്‌ലാമിന്റെ മഹത്തായ സാധ്യതകളെ തിരിച്ചറിഞ്ഞ ആ ദിനത്തിന്റെ മാധുര്യം ചിരകാലം എനിക്കൊപ്പമുണ്ടാകും - തീർച്ച.

**-അബൂ ഹംന, കാരത്തൂർ**

## സമർപ്പണത്തിൻെറ രാജപാതയിലേക്ക്

**ആത്മീയമായ വെളിച്ചം തേടി അലയുകയും ഒടുവിൽ ഇസ്ലാമിൻെറ ശാദ്വല തീരത്തിലേക്ക് വന്നെത്തുകയും ചെയ്ത പാശ്ചാത്യരായ കുറെ വനിതകളുടെ അനുഭവങ്ങൾ വിവരിക്കുകയാണ് അവരിൽ പെട്ട ഒരാളായ നാഇമ ബി. റോബർട്ട്.**

# വിശ്വാസത്തിൻെറ മാധുര്യം

നാഇമ ബി. റോബർട്ട്

### പ്രവാചക ചര്യ

നബി(ﷺ)യുടെ വചനങ്ങൾ, പ്രവൃത്തികൾ, അനുവാദം എന്നിവയെല്ലാം ചേർന്നതിനെയാണ് പ്രവാചകന്റെ സുന്നത്ത് എന്ന് പറയുന്നത്. മുസ്ലിംകൾ അതിന്റെ വിധിവിലക്കുകളാൽ നിയന്ത്രിതരാണ്. രേഖപ്പെടുത്തപ്പെട്ടിരിക്കുന്ന ഈ വചനങ്ങളും പ്രവൃത്തികളുമെല്ലാമാണ് ഹദീഥ് എന്നറിയപ്പെടുന്നത്.

ഹദീഥ് നിദാനശാസ്ത്ര പഠനം എന്നിൽ ദീനിനോടുള്ള സ്നേഹവും ആദരവും വർധിപ്പിച്ചു. ഒരു വേനൽക്കാലത്ത് പള്ളിയിൽ, ലോകപ്രശസ്തരായ ഇസ്ലാമിക വിദ്യാർഥികളുടെ അധ്യാപനങ്ങളോടെ സപ്ത ദിന സെമിനാർ സംഘടിപ്പിക്കുകയുണ്ടായി. കുട്ടികളും മറ്റ് വ്യാകുലതകളും ഒന്നുമില്ലാതെ ഞങ്ങൾ വിവിധ ഇസ്ലാമിക മര്യാദകളെക്കുറിച്ച് ഗഹനമായ പഠനം തന്നെ നടത്തി. അവയിലൊന്ന് ഹദീഥ് നിദാന ശാസ്ത്രമായിരുന്നു.

ഹദീഥുകൾ നബി(ﷺ)യുടെ ശിഷ്യന്മാർ രേഖപ്പെടുത്തുകയും തലമുറകളിലേക്ക് അവ ഉദ്ധരണികളായി പകർന്ന് നൽകപ്പെടുകയുമുണ്ടായി എന്ന് ഞാൻ മനസ്സിലാക്കി. ഈ ആഖ്യാനങ്ങൾ തുടർ കണ്ണികളായി പകർത്തപ്പെട്ടു. ഈ ശൃംഖലയിലെ ഓരോ കണ്ണിയും പേരെടുത്ത് പറയപ്പെട്ടവരും അറിയപ്പെട്ടവരുമാണ്. ഉദാഹരണമായി, പ്രവാചകൻ(ﷺ) ഇങ്ങനെ പറയുന്നതായി അബൂബക്കർ കേൾക്കുകയും അദ്ദേഹത്തിൽ നിന്നും ഇന്നയാൾ കേൾക്കുകയും അദ്ദേഹത്തിൽ നിന്നും ഇന്നയാൾ കേൾക്കുകയും അയാളിൽ നിന്നും ഇന്നയാൾ കേട്ട് എന്നോട് പറയുകയും ചെയ്തു എന്നുമാണ് ഒരു ഹദീഥ് ഉദ്ധരിക്കുന്ന വ്യക്തി പറയുക. ആധികാരികതയെ അടിസ്ഥാനമാക്കി ഹദീഥ് തരംതിരിക്കപ്പെട്ടിട്ടുണ്ട്. വിശ്വസനീയം(സ്വഹീഹ്), നല്ലത് (ഹസൻ), ദുർബലം (ദഈഫ്), കെട്ടിച്ചമച്ചത്(മൗദൂഅ്). ഈ നിർണയ രീതിശാസ്ത്രം ആദ്യമെന്നെ വിസ്മയിപ്പിച്ചു. ഈ വ്യത്യസ്ത വിഭജനത്തെക്കുറിച്ച് മനസ്സിലാക്കിയപ്പോൾ ഞാനെത്രകണ്ട് ഹർഷപുളകിതയും സ്ഥൈര്യവതിയുമായി എന്നത് വിവരണാതീതമാണ്! തദ്വിഷയകമായി ഒരു കവിതയെഴുതുവാൻ പോലും ഞാൻ പ്രചോദി തയായി! നിവേദകന്മാരുടെ ചങ്ങലയിലെ -ഇസ്നാദ്- കണ്ണിയായ ഒരു വ്യക്തി അ പ്രത്യക്ഷമായിട്ടുണ്ടെങ്കിൽ പോലും ആ ഹദീഥ് ആധികാരികമായി വിശ്വാസയോ ഗ്യമെന്ന് ഗണിക്കാറില്ലെന്ന് ഞാൻ മനസ്സിലാക്കി. വിശ്വാസയോഗ്യരല്ലാത്ത വ്യക്തികൾ ഈ പരമ്പരയിലുണ്ടെങ്കിലും ഇതുതന്നെയാണ് അവസ്ഥ. സ്ഥലകാല ബന്ധിതമായി നിവേദക

**<u>പഴയതും പുതിയതുമായ പണ്ഡിതന്മാരുടെ ഹദീഥുകളെ പഠിച്ച് വിലയിരുത്തി തരം തിരിക്കുന്നതിലുള്ള ശാസ്ത്രീയവും കാർക്കശ്യമാർന്നതുമായ രീതി എന്നെ വല്ലാതെ ആകർഷിക്കുകയുണ്ടായി. അതി ലൂടെ സ്വയം സസൂക്ഷ്മം കടന്നു പോകാത്ത ഒരാൾക്ക് അത്ര തന്നെ കൗതുകം തോന്നണമെന്നില്ല. എന്നാൽ സത്യത്തിലിത് ഇസ്‌ലാമിക പാണ്ഡിത്യത്തിന്റെ ആഴങ്ങളിലേക്കുള്ള ഒളിനോട്ടങ്ങളാണ്.</u>**

ർക്കിടയിൽ വ്യക്തമായ സമ്പർക്കത്തിനുള്ള സാധ്യതയില്ലെങ്കിലും, പ്രവാചകൻെറ (ﷺ) സംഭാഷണ ശൈലിയിൽ നിന്ന് വ്യത്യസ്ത പുലർത്തുന്നതോ, ദീനിലറിയപ്പെട്ട വസ്തുതകൾക്ക് നിരക്കാത്തതോ ആയ അവസ്ഥയുണ്ടെങ്കിലും അത്തരം നിവേദനങ്ങൾ സ്വീകാര്യമായി ഗണിക്കാറില്ല. നിശ്ചയമായും, ഹദീഥിന്റെ വ്യക്തതയിൽ സംശയം ജനിപ്പിക്കുന്ന എന്തെങ്കിലുമൊന്നുണ്ടെങ്കിൽ അത് വിശ്വാസയോഗ്യമായി ഗണിക്കാറില്ല എന്നുമാത്രമല്ല കൽപിതമോ, ദുർബലമോ ആയ ഹദീഥുകളിലായിരിക്കുമതിന്റെ സ്ഥാനം. പരമ്പരയിൽ അറിയപ്പെട്ട നുണയന്മാരുണ്ടെങ്കിൽ വിശേഷിച്ചും.

പഴയതും പുതിയതുമായ പണ്ഡിതന്മാരുടെ ഹദീഥുകളെ പഠിച്ച് വിലയിരുത്തി തരം തിരിക്കുന്നതിലുള്ള ശാസ്ത്രീയവും കാർക്കശ്യമാർന്നതുമായ രീതി എന്നെ വല്ലാതെ ആകർഷിക്കുകയുണ്ടായി. അതിലൂടെ സ്വയം സസൂക്ഷ്മം കടന്നുപോകാത്ത ഒരാൾക്ക് അത്ര തന്നെ കൗതുകം തോന്നണമെന്നില്ല. എന്നാൽ സത്യത്തിലിത് ഇസ്‌ലാമിക പാണ്ഡിത്യത്തിന്റെ ആഴങ്ങളിലേക്കുള്ള ഒളിനോട്ടങ്ങളാണ്. അതിനാൽ കണ്ടെത്തിയ വിഷയത്തിൽ ഞങ്ങൾ തീർത്തും ആകൃഷ്ടരായിരുന്നു. തീർത്തും ഇസ്‌ലാമികവും എന്നാൽ അത്യാധുനികവുമായ ഈ പഠന രീതിശാസ്ത്രം ഞങ്ങളുടെ ആത്മവീര്യം വർധിപ്പിക്കുകയും വിശ്വാസത്തെ ഉയർത്തുകയും ചെയ്തു.

എന്നെ സംബന്ധിച്ചിടത്തോളം ഇത് ഇസ്‌ലാമിക സൗന്ദര്യത്തിന്റെ മറ്റൊരു തെളിവായിരുന്നു. ഞാനറിഞ്ഞിടത്തോളം ഇസ്നാദ്-സശ്രദ്ധം ശേഖരിക്കപ്പെട്ട നിവേദകപരമ്പര-എന്നത് മുസ്‌ലിം സമൂഹത്തിന്റെ വ്യതിരിക്തമായ ഒരു സുസ്ഥാപിത നിയമഘടനയാണ്. സ്വഹീഹുൽ ബുഖാരിയിലും സ്വഹീഹുൽ മുസ്‌ലിമിലും കാണുന്ന ഹദീഥുകൾ ഏറെ ഗൗരവപൂർവം പരിഗണിക്കേണ്ടവയാണെന്ന വസ്തുതകൂടി ഇതർഥമാക്കുന്നു. അക്കാലത്തെ ഞങ്ങളുടെ ചർച്ചകളുടെ അടിസ്ഥാനം മിക്കവാറും അവയായിരുന്നു.

ക്ലാര പറഞ്ഞു: "ഹദീഥ് വായന ഞാനേറെ ഇഷ്ടപ്പെട്ടിരുന്നു. ഇസ്‌ലാമിനെക്കുറിച്ചും പ്രവാചക ശിഷ്യന്മാരെക്കുറിച്ചും ഞാനൊരിക്കലും അറിഞ്ഞിട്ടില്ലാത്ത കാര്യങ്ങളും, നബി(ﷺ) തന്റെ കുടുംബത്തോടും കൂട്ടുകാരോടും എങ്ങനെയാണ് വർത്തിച്ചതെന്നും അതിൽ നിന്നുമാണെനിക്ക് ലഭിച്ചത്. ഒട്ടെറെ ചരിത്രമുൾക്കൊള്ളുന്ന അത് വളരെ ആകർഷണീയവും സ്പർശ്യവുമായിരുന്നു.

**ആരാധനാ നിർഭരമായ ദിനങ്ങൾ**

ആരാധനകളുടെ വിവിധ രീതികൾ പ്രാവർത്തികമാക്കുക എന്നത് ആ പ്രാരംഭ ദിനങ്ങളിലെ ശ്രദ്ധേയമായ മറ്റൊന്നായിരുന്നു. ഇസ്‌ലാമിന്റെ രണ്ടാം സ്തംഭമായ നമസ്കാരം- അസ്സലാത്ത്-ആയിരുന്നു അവയിലൊന്ന്. ദിനേന അഞ്ചുനേരം നസ്കാരം നിർവഹിക്കുക എന്നത് മുസ്‌ലിംകളോടുള്ള ഖുർആനിന്റെ കൽപനയാണ്.

"തീർച്ചയായും നമസ്കാരം സത്യവിശ്വാസികൾക്ക് സമയം നിർണയിക്കപ്പെട്ട ഒരുനിർബന്ധ ബാധ്യതയാകുന്നു."(4:103).

ഗിനിയയിൽ വെച്ച് ഞാൻ നമസ്കാരം ആരംഭിച്ചിരുന്നു. തിരക്കേറിയ വീഥികളിലൂടെയും മേൽക്കൂരകൾക്ക് മുകളിലൂടെയും ഒഴുകിയെത്തിയിരുന്ന അദാനിൻെറ ന്റെ (ബാങ്കുവിളിയുടെ)ശബ്ദംകൊണ്ടായിരുന്നു അവിടെ സമയം നിർണയിക്കപ്പെട്ടിരുന്നത്. കൊണാക്രിയിൽ ഓരോമുക്കിലും മൂലയിലും പള്ളി കാണാമായിരുന്നു. അതിനാൽ ജോലി നിറുത്തിയോ വാഹനം നിറുത്തിയോ ഒരുസ്കാർഫ് ധരിച്ച് നമസ്കാരം നിർവഹിക്കുക വളരെ എളുപ്പമായിരുന്നു.

സാറ പറഞ്ഞു: "ഒരിക്കൽ ടൈംസ് സ്ക്വയറിലായിരുന്നപ്പോൾ ന്യൂയോർക്കിന്റെ തിരക്കിലും ബഹളത്തിനുമിടയിൽ ഒരു മുസൽമാൻ നമസ്കരിക്കുന്നത് ഞാൻ കണ്ടു. എന്നെ തികച്ചും സ്പർശിച്ച കൗതുകമാർന്ന ഒരു കാഴ്ചയായിരുന്നു അത്".

ലണ്ടനിൽ തിരിച്ചെത്തിയപ്പോൾ യൂണിവേഴ്സിറ്റിയിൽ നമസ്കരിക്കുവാൻ വിദ്യാർഥികൾക്കുള്ള പ്രാർഥനാ മുറിയിലേക്ക് പോകണം. അല്ലെങ്കിൽ ഏതെങ്കിലും ഒഴിഞ്ഞ ക്ലാസ്മുറിയിൽ നിലത്ത് കോട്ട് വിരിച്ച് അതിന്മേൽ നമസ്കരിക്കണം. ഉച്ചനമസ്കാരം- വിശിഷ്യാ അസ്റുമായി രണ്ടു മണിക്കൂർ മാത്രം അകലമുള്ള ശരത്കാലങ്ങളിൽ- തികച്ചും ദുർഘടമായിരുന്നു. നമസ്കാര സമയമാകുമ്പോൾ ഞങ്ങൾക്കത് അധ്യയന സമയമായിരിക്കും. ദിവസവും അഞ്ചുനേരം കൃത്യമായി നമസ്കരിക്കാൻ എനിക്കൽപം കാലം വേണ്ടി വന്നു. എന്നാൽ ഇടവേളകളിലത്രയും പഠിച്ച പുതിയ സൂറത്തുകൾ ആവേശത്തോടെ പാരായണം ചെയ്ത് കൃത്യമായി നമസ്കരിക്കുന്ന അവസ്ഥയിലെത്തുവോളം ഞാനത് തുടരുക തന്നെ ചെയ്തു. പുതിയ മുസ്‌ലിമായ ശരീഫ എന്നോട് പറയുകയുണ്ടായി:

"അറബിയിൽ, ഏറ്റവും ശരിയായ വിധം എങ്ങനെ നമസ്കരിക്കാം, വുദുവുണ്ടാക്കാം എന്നെല്ലാം പഠിക്കാൻ ഞാനിഷ്ടപ്പെട്ടിരുന്നു. എനിക്കിപ്പോഴുമത് ഉത്കണ്ഠാജനകമായ ഒന്നാണ്. നമസ്കരിക്കുമ്പോൾ, ഇന്നോളം ലഭിച്ചിട്ടില്ലാത്ത ഒരു നിർവൃതിയാണ് ഞാനാസ്വദിക്കുന്നത്. നമസ്കാരം കഴിയുമ്പോൾ എല്ലാ ഭാണ്ഡവുമിറക്കിവെച്ച, പ്രശാന്തമായ ഒരവസ്ഥ."

ചില സഹോദരിമാർക്ക്, ഇസ്‌ലാമിന്റെ വിവിധ മേഖലകളിലേക്ക് വഴിതെളിയിച്ചുകൊണ്ട് ഹൃദയത്തിൽ വേരോടിയ വിഷയങ്ങളിലൊന്നാമത്തേത് നമസ്കാരമായിരുന്നു.

ഉദാഹരണത്തിന്, താനെങ്ങനെ, എന്തുകൊണ്ട് നമസ്കാരം തുടങ്ങി എന്നതിനെക്കുറിച്ച് ക്ലേശപൂർണമായ ഒരുകഥയാണ് ക്ലാര അവതരിപ്പിച്ചത്:

"എന്റെ സഹോദരിയുടെ ബിരുദ പഠനകാലം ഞാൻ കൂട്ടുകാരികളുമൊത്ത് പുറത്തുപോയി 'അതിനിർവൃതി' നൽകുന്ന ഒരു ഗുളിക കഴിച്ചു. ഞാൻ വിറക്കാൻ തുടങ്ങി. വികാര പരവശയായി. എന്റെ ശിരസ്സ് പൊട്ടിത്തെറിക്കുന്നതുപോലെ, മസ്തിഷ്കം തലയുടെ ഇരുവശങ്ങളിലൂടെ ഒലിച്ചിറങ്ങുന്നതുപോലെ ഒരു തോന്നൽ. അന്നേരം ഇങ്ങനെ പറഞ്ഞുകൊണ്ട് ഞാൻ ശാന്തയാകാൻ ശ്രമിച്ചു: "അല്ലാഹുവേ... ഇതൊന്നവസാനിപ്പിക്കണേ, ഒന്നവസാനിപ്പിക്കണേ..... എന്നെ ഇതിൽനിന്നൊന്ന് കരകയറ്റിയാൽ പിന്നെയൊരിക്കലും ഞാനിതാവ

ർത്തിക്കില്ല”. ടാക്സിയെടുത്ത് വീട്ടിലെത്തി. രാത്രിയിലുടനീളം ഛർദിച്ചു. സൂര്യനുദിക്കവെ തലമറക്കാനെന്തെങ്കിലും കിട്ടാൻ മുറിയിലാകെ പരതി. അങ്ങനെ അന്നുമുതൽ ഞാൻ നമസ്കാരം തുടങ്ങി”. അവൾ തുടർന്നു: “മറ്റെല്ലാം ഒരുപക്ഷേ, സാവധാനമാണ് വന്നുചേർന്നതെങ്കിലും നമസ്കാരം തുടങ്ങിയതിൽ പിന്നെ ഞാനതിൽ ഉപേക്ഷ വരുത്തിയിട്ടില്ല”.

സാറയെ സംബന്ധിച്ച് തന്നിൽ വളർന്നുവരാൻ സമയമെടുത്ത ഒന്നായിരുന്നു നമസ്കാരം. അവൾ പറഞ്ഞു:“നമസ്കാരത്തോട് പെട്ടെന്നെനിക്ക് അടുപ്പം തോന്നിയില്ല. നിർബന്ധമായും ചെയ്യേണ്ട ഒന്ന് എന്നറിവുണ്ടായിരുന്നതിനാൽ ഞാനതങ്ങനെ നിർവഹിച്ചു വന്നിരുന്നു എന്നുമാത്രം. ശരിക്കും തിരിച്ചറിയാതെ തന്നെ, ഞാനതിനെ ഇഷ്ടപ്പെട്ടുതുടങ്ങി. അതിന്റെ ആവശ്യകതയെ അറിഞ്ഞു തുടങ്ങി. എന്റെ യാത്രകളിൽ മുസ്‌ലിംകളിൽ നിന്നും ഇസ്‌ലാമിക ജീവിത രീതിയിൽ നിന്നും ഞാൻ മാറി നിന്നിരുന്നുവെങ്കിലും, ദീനിന്റെ അൽപമെങ്കിലും പരിപാലിക്കാനായി നമസ്കാരത്തിൽ ഉറച്ചുനിൽക്കാൻ കഴിവതും പരിശ്രമിച്ചു. ജീവന്റെ ഏക രക്ഷാമാർഗം പോലെയായിരുന്നു അത്. അല്ലാഹുവുമായി എനിക്കുണ്ടായിരുന്ന ബന്ധത്തിന്റെ ഏക കണ്ണി”.

വെസ്റ്റാഫ്രിക്കയിലെ ഈർപ്പമേറിയ കാലാവസ്ഥയിൽ വ്രതമനുഷ്ഠിക്കുന്നവർക്ക് നടുവിൽ നോമ്പെടുത്തു കഴിയവെയാണ് ഇസ്‌ലാമിനോടുള്ള എന്റെ ഇഷ്ടം വളരാൻ തുടങ്ങിയത്. ഗിനിയയിൽ നിന്നും തികച്ചും വ്യത്യസ്തമെങ്കിലും ലണ്ടനിലെ എന്റെ ആദ്യ റമദാൻ വിസ്മയകരമായിരുന്നു. സത്യത്തിൽ, കൊണാക്രിയിലെ പരമ്പരാഗതവും അനുഷ്ഠാനനിർഭരവുമായ വ്രതത്തിന്റെ ഓർമ എന്നിൽ ഗൃഹാതുരത്വമുളവാക്കി. എന്തായാലും, ലണ്ടനിലെ വ്രതത്തിന് അതിന്റേതായ വശ്യതയുണ്ടായിരുന്നു. സാന്ദ്രയും ഹനായും ഞാനും ഞങ്ങളുടെ എല്ലാ കൂട്ടുകാരികളും ഒന്നായി വ്രതമെടുത്തിരുന്നു. പഠനത്തിന്റെ വേളകളിലത് അത്ര ഗൗരവതരമായിരുന്നില്ല. ക്ലാസ്സ് കഴിഞ്ഞ് അസ്ർ നമസ്കാരാനന്തരം സൂര്യാസ്തമന നേരത്തുള്ള നോമ്പു തുറയുടെ- ഇഫ്താറിന്റെ- മണിക്കൂറുകളും നിമിഷങ്ങളും ഞങ്ങൾ എണ്ണിക്കൊണ്ടിരുന്നു. അന്ന് ഇഫ്താർ ഏതാണ്ട് നാലുമണിക്കായിരുന്നു. ഈത്തപ്പഴവും വെള്ളവും വിളമ്പുന്ന, വിദ്യാർഥികൾക്കായുള്ള പ്രാർഥനാ മുറിയിലേക്ക് ഞങ്ങൾ ആകാംക്ഷയോടെ പോകുമായിരുന്നു. പകൽ മുഴുവൻനീണ്ട വിശപ്പിനു ശേഷമുള്ള മാധുര്യത്തിന്റെ ആദ്യരുചി, ആഹ്.... അതെത്ര വിശിഷ്ടം. ദാഹത്തിനു ശേഷമുള്ള വെള്ളത്തിന്റെ മൂർച്ചയേറിയ തണുപ്പ്... എത്ര സ്വർഗീയമാണത്!

ഞാൻ പ്രചോദിതയായ മറ്റു വിഷയങ്ങളെപ്പോലെ വ്രതത്തിന്റെ ബുദ്ധിയെക്കുറിച്ചും ഇടക്കിടെ ചിന്തിക്കുമായിരുന്നു. ഭക്ഷണ പാനീയമുപേക്ഷിച്ചുകൊണ്ടുള്ള ആത്മീയവും ഭൗതീകവുമായ ഒരു പരിശീലനമാണത്. കാമ്പസിലുള്ളവർ ഞങ്ങൾക്കുചുറ്റും പതിവുപോലെ ട്യൂണ സാന്റ്‌വിച്ചും ബേക്ക് ചെയ്ത ഉരുളക്കിഴങ്ങുമെല്ലാം കഴിച്ചുകൊണ്ട് അലയുമ്പോൾ വിശേഷിച്ചും നോമ്പ് ഒരു ഊർജദായകം തന്നെയാണ്. എല്ലാവർക്കും എന്നും ഭക്ഷണം ലഭിക്കുന്നില്ല എന്ന സത്യം എന്നിലതുണർത്തി. കാർന്നു തിന്നുന്ന വിശപ്പിന്റെ നോവ് കഴിച്ച ഭക്ഷണത്തോട് നന്ദിയുള്ളവളാകാനെന്നെ പഠിപ്പിച്ചു. ഇത് ഒരാളെ തീർത്തും വിനയാന്വിതനാക്കുന്ന ഒരു അനുഭവമാണ്. തന്നെക്കാൾ നിർധനരായവരെ പരിഗണിക്കുവാനും ഭക്ഷണത്തിന്റെ അനുഗ്രഹത്തെ തിരിച്ചറിയുവാനും അത് മനുഷ്യനെ പ്രാപ്തനാക്കുന്നു.

സന്ധ്യാ നമസ്കാരത്തിനായി ഞങ്ങൾ തയാറായി വന്നപ്പോൾ എനിക്കനുഭവപ്പെട്ടതുപോലെ ഒരു ശാന്തി ഇറങ്ങി വന്നതായി ഏവരും എന്നോട് പറഞ്ഞു.

സാറ പറഞ്ഞു: “ഭക്ഷണ പാനീയങ്ങളില്ലാതെ കഴിയുക എന്നതിലെ ആശയത്തെ എനിക്ക് ശരിക്കും ഉൾക്കൊള്ളാനായി. നമുക്ക് കൂടുതലായുള്ളതിനെ വിലമതിക്കാനും ഇല്ലാത്തവരെ തിരിച്ചറിയാനും ആവശ്യമായ ഒന്നാണ് ഇതെന്ന് ഞാൻ മനസ്സിലാക്കി”.

അതിനുശേഷം ഞങ്ങൾ ‘മഗ്‌രിബ്’ നമസ്കരിക്കും. പാരായണം ഉറക്കെ നിർവഹിക്കപ്പെട്ടരുന്ന നമസ്കാരമായതിനാൽ എനിക്കേറ്റം ഇഷ്ടപ്പെട്ട പ്രാർഥനകളിലൊന്നായിരുന്നു അത്. ഭംഗിയായി ഓതാൻ കഴിയുന്ന സഹോദരിമാർ ഞങ്ങളുടെ കൂട്ടത്തിലുണ്ടായിരുന്നു. ഒരുവ്രതം കൂടി അനുഷ്ഠിക്കാനായതിലെ കൃതജ്ഞതയിൽ ഈറനണിഞ്ഞ കണ്ണുകളുമായി ഞാൻ പാരായണത്തിൽ ലയിച്ചു ചേരുമായിരുന്നു. നമസ്കാരം കഴിഞ്ഞാൽ പിന്നെ ഭക്ഷണ സമയമാണ്. പരസ്പരം പങ്കിടാൻ മിക്ക വിദ്യാർഥിനികളും ഭക്ഷണസാധനങ്ങൾ കൊണ്ടുവരുമായിരുന്നു. പലപ്പോഴും അതൊരു സദ്യയിലാണ് കലാശിച്ചിരുന്നത്! മറ്റവസരങ്ങളിൽ പ്രധാന റോഡിന്റെ കൈവഴിയായ ഇടുങ്ങിയ വഴിയിലെ തിങ്ങി നിറഞ്ഞ ‘ചിക്കൻ-ചിപ്സ്’ കടകളിലേക്ക് ഞങ്ങൾ പോകുമായിരുന്നു.

ചിലപ്പോഴെല്ലാം ഞങ്ങൾ സാന്ദ്രയുടെ താമസസ്ഥലത്ത് ഒത്തുചേരും. അവൾ കരീബിയൻ രീതിയിലുള്ള രുചികരമായ ഭക്ഷണമുണ്ടാക്കിത്തരും. ഞങ്ങളുടെ ഏറ്റവും നല്ല ഇഫ്താർ തലസ്ഥാനത്തിനരികെയുള്ള പള്ളികളിൽ സന്ദർശകരുമൊത്ത് ഒരേ വിരിപ്പിൽ കൂട്ടമായി നിർവഹിച്ചിരുന്നതായിരുന്നു. പാക്കിസ്താനികളും ബംഗാളികളും മൊറോക്കക്കാരും കരീബിയക്കാരും അൾജീരിയക്കാരും സോമാലികളും പിന്നെ ഇംഗ്ലണ്ടിൽ നിന്നും അയർലണ്ടിൽ നിന്നുമെല്ലാമുള്ള ഇസ്‌ലാമാശ്ലേഷിച്ചവരുമൊക്കെയായി വിവിധ പശ്ചാത്തലത്തിലുള്ള മുസ്‌ലിംകളെ കാണാനാകുമെന്നതാണ് ഇഫ്താറിന് പള്ളികൾ മാറുന്നതിലുള്ള ശ്രദ്ധേയമായ ഒരു ഗുണം. ഓരോ സഹോദരിയുടെയും ഇസ്‌ലാമാശ്ലേഷത്തെക്കുറിച്ചുള്ള വിവരണം എനിക്കൊട്ടും മടുപ്പുളവാക്കിയില്ല, മറിച്ച് അവയോരോന്നും എന്റെ വിശ്വാസത്തെ പതിൻമടങ്ങ് വർധിപ്പിക്കുകയുണ്ടായി. റമദാൻ ഒരോ മുസ്‌ലിമിനും അതിൽ മുഴുകിച്ചേരാനുള്ള ഒരു പ്രത്യേക ഇടവേളയാണ്. എന്നാൽ നിങ്ങളുടെ ആദ്യ റമദാൻ മറ്റുള്ളവയിൽ നിന്നും തികച്ചും വ്യത്യസ്തമായിരിക്കും.

സാറ റമദാനിനെക്കുറിച്ചുള്ള തന്റെ

**എല്ലാവർക്കും എന്നും ഭക്ഷണം ലഭിക്കുന്നില്ല എന്ന സത്യം എന്നിലതുണർത്തി. കാർന്നു തിന്നുന്ന വിശപ്പിന്റെ നോവ് കഴിച്ച ഭക്ഷണത്തോട് നന്ദിയുള്ളവളാകാനെന്നെ പഠിപ്പിച്ചു. ഇത് ഒരാളെ തീർത്തും വിനയാന്വിതനാക്കുന്ന ഒരു അനുഭവമാണ്. തന്നെക്കാൾ നിർധനരായവരെ പരിഗണിക്കുവാനും ഭക്ഷണത്തിന്റെ അനുഗ്രഹത്തെ തിരിച്ചറിയുവാനും അത് മനുഷ്യനെ പ്രാപ്തനാക്കുന്നു.**

**നവ മുസ്‌ലിം സ്ത്രീകൾ എന്ന നിലയ്ക്ക് നാം എങ്ങനെ സ്വയം പ്രത്യക്ഷപ്പെടുന്നു എന്നതിന്റെ ശ്രദ്ധാകേന്ദ്രമായതിനാൽ 'ഹിജാബ്' പ്രത്യേക വർണന അർഹിക്കുന്നു. ശരീരം മറയ്ക്കുക എന്നത് മതം അനുശാസിക്കുന്ന നിർബന്ധ ബാധ്യതയും ആരാധനയും ആയതിനാൽ ഒട്ടനേകം സഹോദരിമാരോട് അവരുടെ ദീനിനെയും ഇമാനിന്റെ അവസ്ഥയെയും ആത്മീയ പക്വതയെയും ഹിജാബുകൊണ്ടളക്കാൻ ഞാൻ ആവശ്യപ്പെട്ടിരുന്നു.**

അനുഭവം പങ്കുവെച്ചു: "വ്രതത്തെ ഞാനേറെ സ്നേഹിച്ചു. അതേക്കുറിച്ച് സമുന്നതമായ അഭിപ്രായത്തിലാണ് ഞാനുള്ളത്. ഇരുണ്ട പ്രഭാതത്തിൽ ഉണർന്നിരിക്കുന്നത് എനിക്കിഷ്ടമായിരുന്നു. ലോകം മുഴുക്കെ ഉറങ്ങുമ്പോൾ നാളത്തെ പകലിലെ വിശിഷ്ടമായ ഒരനുഷ്ഠാനത്തിനുള്ള തയാറെടുപ്പെന്നോണം എഴുന്നേറ്റ് വല്ലതും കഴിക്കുക എന്ന ആ ശിക്ഷണം, ലോകത്തുള്ള എല്ലാ മുസ്‌ലിംകളും ചയ്തുകൊണ്ടിരിക്കുന്ന അതേ കർമം, നിശ്ശബ്ദമായ സഹാനുഭാവം''.

അറബി പഠിക്കുക എന്നത് സന്തോഷപ്രദമായ മറ്റൊരനുഭവമായിരുന്നു. പലർക്കുമത് ഒരു വിദേശ ഭാഷ പഠിക്കുന്ന ഗൗരവതരമായ പരിശ്രമമായിരുന്നു. ഖുർആൻ അവതീർണമായ ഭാഷ എന്ന നിലയളക്കും ഇസ്‌ലാമിക വൈജ്ഞാനികത പരമ്പരാഗതമായി പിന്തുടർന്നുവന്നു എന്നതിനാലും അറബി ഭാഷ മുസ്‌ലിം പാരമ്പര്യത്തിന്റെ കേന്ദ്രമായി വർത്തിക്കുന്നു. മൂലഗ്രന്ഥത്തിന്റെ ആശയം യഥാവിധം കൈമാറുന്നതിൽ അപര്യാപ്തമായ തർജമകളുടെ വ്യഥാവിലുള്ള വായന ഒഴിവാക്കി ഇസ്‌ലാമിക ഗ്രന്ഥങ്ങളുമായി നേരിൽ സമ്പർക്കം പുലർത്താൻ ഇസ്‌ലാമാശ്ലേഷിച്ചവരും സ്വന്തം മതത്തെ തിരിച്ചറിഞ്ഞവരും അറബി പഠനത്തിൽ ഏറെ ഉത്സുകരായിരുന്നു.

**സ്വത്വത്തിന്റെ മുഖമുദ്ര**

നവ മുസ്‌ലിം സ്ത്രീകൾ എന്ന നിലയ്ക്ക് നാം എങ്ങനെ സ്വയം പ്രത്യക്ഷപ്പെടുന്നു എന്നതിന്റെ ശ്രദ്ധാകേന്ദ്രമായതിനാൽ 'ഹിജാബ്' പ്രത്യേക വർണന അർഹിക്കുന്നു. ശരീരം മറയ്ക്കുക എന്നത് മതം അനുശാസിക്കുന്ന നിർബന്ധ ബാധ്യതയും ആരാധനയും ആയതിനാൽ ഒട്ടനേകം സഹോദരിമാരോട് അവരുടെ ദീനിനെയും ഇമാനിന്റെ അവസ്ഥയെയും ആത്മീയ പക്വതയെയും ഹിജാബുകൊണ്ടളക്കാൻ ഞാൻ ആവശ്യപ്പെട്ടിരുന്നു.

നാദിയ പറഞ്ഞു:"ഹിജാബു ധരിച്ച സ്ത്രീകൾ സുന്ദരികളെന്ന് ഞാനറിഞ്ഞു. അവരോടെനിക്ക് ബഹുമാനമായിരുന്നു. അവരെപ്പോലെയാകാൻ ഞാനൊട്ടും വൈകിയില്ല".

ലണ്ടനിൽ തിരിച്ചെത്തി ശഹാദത്ത് പ്രഖ്യാപിച്ച് അധികം താമസിയാതെ തന്നെ ലണ്ടൻെറ കിഴക്കേ അറ്റത്തുള്ള ഫോറസ്റ്റ് ഗേറ്റിലെ കമ്യൂണിറ്റി കോളേജിൽ എനിക്ക് ജോലികിട്ടി. റിസപ്ഷനും അഡ്മിനിസ്ട്രേഷനുമായിരുന്നു ചുമതല. യൂണിവേഴ്സിറ്റിയിലെ ക്ലാസ്സുകൾക്ക് ശേഷം വൈകുന്നേരമായിരുന്നതിനാലും ജനകീയ മായിരുന്നതിനാലും ജോലി തീർത്തും സന്തോഷപ്രദമായിരുന്നു. ആ പ്രദേശത്തെ സമ്മിശ്ര സംസ്കാരവും മാനേജ്മെന്റിന്റെ തുറന്ന സമീപനവും ജോലിക്കിടയിൽ നമസ്കരിക്കുന്നതിനും സ്കാർഫ് ധരിക്കുന്നതിനും എനിക്ക് സഹായകമായി. കൃത്യമായി ലഭിച്ചിരുന്ന വരുമാനം എനിക്ക് തീർച്ചയായും ഗുണകരം തന്നെയായിരുന്നു. അവിടുത്തെ അന്തരീക്ഷം എനിക്കിഷ്ടപ്പെട്ടു. ഇംഗ്ലീഷുകാർ, ഏഷ്യക്കാർ, ആഫ്രിക്കക്കാർ, കരീബിയക്കാർ തുടങ്ങി സകലമാന പ്രവാസികളും പ്രധാന നിരത്തിലൂടെ ഷോപ്പിംഗിനും മറ്റുമായി കൂടിക്കലർന്നിരിക്കുമ്പോൾ തീർത്തും അസാധാരണമായ ഒരു സ്വരസങ്കലനമായിരുന്നു അവിടെ രൂപപ്പെട്ടിരുന്നത്.

ഞാൻ നിറപ്പകിട്ടാർന്ന ചെറിയ സ്കാർഫിൽ നിന്നും വലിയ തുണിയിലേക്കും ളോഹ പോലുള്ള 'അബായ'യിലേക്കും, പിന്നെ ബുർഖ എന്നു വിളിക്കപ്പെടുന്ന 'ജിൽബാബി'ലേക്കും, മുഖം മറക്കുന്ന നിഖാബിലേക്കുമെല്ലാം പുരോഗതിപ്പെട്ടപ്പോൾ എന്റെ മേലുദ്യോഗസ്ഥരാരും തന്നെ അതൃപ്തി കാണിച്ചില്ല; എന്നു മാത്രമല്ല ഓരോ ഘട്ടത്തിലും എനിക്കവർ പ്രോത്സാഹനം നൽകുകയുണ്ടായി!

ഹിജാബ് സ്വത്വത്തിന്റെ ഒരു മുഖമുദ്രപോലെയായിരുന്നു. ഞങ്ങളുടെ വ്യക്തിത്വത്തെ ശരിയാംവണ്ണം രൂപപ്പെടുത്തുന്ന ഒരു പുതിയ സംഗതിയായ അതിനെ ഞങ്ങൾ പരീക്ഷിക്കുകയും അതിന്റെ അർഥതലങ്ങൾ തേടുകയുമായിരുന്നു. മക്കനക്കായി കട്ടിയും ഉറപ്പുമുള്ള തുണിയും, നല്ല ഹിജാബിനായി നേർത്ത ഒഴുക്കനായ തുണിയുമെല്ലാം തേടിനടന്ന ഞാൻ അക്കാലത്ത് ഒരു തുണിക്കച്ചവടക്കാരിയെപ്പോലെയായിരുന്നു. ഗ്രീൻ സ്ട്രീറ്റിലെ കടകൾ തുണികളുടെ പ്രിയമേറിയ കേന്ദ്രങ്ങളായിരുന്നു. താരതമ്യേന കുറഞ്ഞ വിലയ്ക്ക് വൈവിധ്യമാർന്ന ശേഖരം തന്നെ എല്ലായ്പോഴും അവിടെ ലഭ്യമായിരുന്നു. വില പേശേണ്ടതില്ലാത്ത വിധം ഒരു വാരക്ക് 1.50 പൗണ്ട് മാത്രമായിരുന്നു വില!.

ഞങ്ങളിൽ പലർക്കും ഹിജാബ് ധരിച്ചപ്പോൾ പഴയ അവസ്ഥയിൽ നിന്നും തീർത്തും വ്യത്യസ്തമായ അനുഭവമാണ് ഉളവായത്. ഒരു മുസ്‌ലിം എന്ന നിലയ്ക്കുള്ള സുദൃഢമായ വ്യക്തിത്വവും ഉന്നതമായ ആത്മീയബോധവും അത് പ്രദാനം ചെയ്തു.

''ഹിജാബണിഞ്ഞ് പുറത്തുപോകുമ്പോഴെല്ലാം അല്ലാഹുവിന്റെ കണ്ണിൽ ഞാനൊരു സുന്ദരിയായി കാണപ്പെടുന്നു എന്ന് ഞാനറിഞ്ഞു. ഞാൻ ആരുടെയോ നിരീക്ഷണത്തിലും സംരക്ഷണ വലയത്തിലുമാണെന്ന തോന്നൽ"- നാദിയ പറഞ്ഞതങ്ങനെയാണ്.

**സഹയാത്രികർ**

ഉമ്മു മുഹമ്മദ് പറഞ്ഞു:"നിങ്ങൾ പള്ളിയിലാണെങ്കിൽ ഒരു സൂറത്തോ, ദുആയോ പഠിക്കാൻ ആരെങ്കിലുമൊക്കെ സഹായിക്കും. ദീൻ പഠിക്കാൻ എല്ലാവരും പരസ്പരം സഹായിക്കുമായിരുന്നു. ഏവരും ഒരേ അവസ്ഥയിലായിരുന്നതിനാൽ അന്തരീക്ഷം തീർത്തും അനുകൂലവും സഹായപ്രദവുമായിരുന്നു".

ശഹാദത്ത് പ്രഖ്യാപിച്ചതിനു ശേഷം ഞാനെല്ലായ്പോഴും ഇസ്‌ലാം ആശ്ലേഷിച്ചവരുടെയും (സാന്ദ്രയായിരുന്നുഅവരിലൊന്ന്) സാന്ദ്രയുടെ ഈജിപ്ഷ്യൻ സുഹൃത്ത് ഹനായെപ്പോലെ ഇസ്‌ലാമിലേക്ക് 'മടങ്ങി'യവരുടെയും ഇഴചേർന്ന സൗഹൃദ സംഘത്തിൽ തന്നെയായിരുന്നു. ഏറ്റവും ആവേശ ജനകമായ ഈ യാത്രയിൽ ഞങ്ങൾ ഒന്നിച്ചായിരുന്നു. ഈ ഇടവേളയിൽ ഞങ്ങൾ പരസ്പരം അടുത്തറിഞ്ഞു. ക്ലാസ്സില്ലാത്ത പകലുകൾ മിക്കവാറും ഞങ്ങൾ ഒന്നിച്ചായിരുന്നു ചെലവിട്ടത്. ഒട്ടും വീഴ്ച വരുത്താതെ എല്ലാ വൈകുന്നേരങ്ങളിലും,സൂര്യാസ്തമയത്തിന്

മുൻപു തന്നെ ഞാൻ ഫ്ളാറ്റു വിട്ട് സാന്ദ്രയുടെ യൂണിവേഴ്സിറ്റി ഹോസ്റ്റലിലേക്ക് പോകുമായിരുന്നു. വിളി എന്റേതെന്നറിയുമ്പോൾ സാന്ദ്ര ഗെയ്റ്റിൽ വന്നെന്നെ വരവേൽക്കുമായിരുന്നു.

നീണ്ട പാവാടയും ഇറക്കമേറിയ ഷർട്ടും ഭംഗിയായി മറച്ച ശിരസ്സുമായി, വിടർന്ന ചിരിയോടെ പ്രത്യക്ഷപ്പെടുന്ന അവൾ വിളിച്ചു പറയും:

"കൊച്ചു പെണ്ണേ, അസ്സലാമു അലൈക്കും''.

അതേ ഭാവത്തോടെ ഞാനും മറുപടി പറയും:

"വ അലൈക്കുമുസ്സലാം''.

"സുഖമല്ലേ" എന്ന അവളുടെ ചോദ്യത്തിന് ഞാൻ മറുപടി പറയും: " അൽഹംദുലില്ലാഹ്, സുഖമാണ്!''.

പിന്നെ ഞങ്ങളുടെ 'മേഖല'യിലേക്ക് കടക്കാനുള്ള സമയമാണ്. ഈ 'മേഖല' എന്നത് രുചികരമായ ഭക്ഷണം കഴിക്കാനുള്ള ഞങ്ങളുടെ സ്വകാര്യ സ്ഥലമാണ്. (സാന്ദ്രയുടെ അടുക്കളയിലാകുമ്പോൾ ഞങ്ങൾക്ക് സ്കൂൾ ഭക്ഷണ പൊതികൊണ്ട് ഒപ്പിക്കേണ്ടി വരാറില്ലായിരുന്നു). അവിടെവെച്ചായിരുന്നു ഇസ്ലാമിനെക്കുറിച്ചും അതിന്റെ വിവിധ തലങ്ങളെക്കുറിച്ചുമെല്ലാമുള്ള ആവേശജനകവും ബഹളമയവുമായ ചർച്ചകൾ നടന്നിരുന്നത്. രാത്രി ഏറെ വൈകി നടന്നിരുന്ന ഈ ചർച്ചകൾക്കു ശേഷം പ്രഭാത നമസ്കാരവും കഴിഞ്ഞ് കിട്ടിയത് കിടക്കയാക്കി, പത്തുമണിക്ക് എല്ലാം തുടങ്ങുമെന്നുള്ള വേദനയോടെ മറിഞ്ഞു വീഴുമായിരുന്നു.

അവധിക്കാലമായിരുന്നിട്ടു പോലും ഇസ്ലാമിക പ്രഭാഷണങ്ങൾ കേൾക്കാൻ ഞങ്ങൾ ഒരുമിച്ച് ലണ്ടന്റെ മുക്കിലും മൂലയിലുമെത്തും. റമദാനിൽ ഓരോ രാത്രിയിലും വിവിധ പള്ളികളിലായി തറാവീഹ് (റമദാനിലെ രാത്രികളിലുള്ള ദീർഘ നമസ്കാരം) നമസ്കരിക്കാൻ ഞങ്ങൾ പരിശ്രമിക്കുമായിരുന്നു. ഞങ്ങളിലെ ദീൻ പുരോഗമിക്കുംതോറും ഹിജാബ് ധരിക്കാൻ ഞങ്ങൾ പരസ്പരം പ്രോത്സാഹിപ്പിച്ചു. ഒഴുക്കനായ അബായക്കും മറ്റുമുള്ള കനം കുറഞ്ഞ തുണിയേതാണെന്നെല്ലാമുള്ള നിർദേശങ്ങൾ കൈമാറുമായിരുന്നു. സകലതിനെക്കുറിച്ചും ഞങ്ങൾ സംസാരിച്ചു. ഞങ്ങളുടെ ഗതകാലം, കുടുംബം, ഹിജാബ്, ഖുർആൻ, മുഹമ്മദ് നബി(ﷺ), തുടങ്ങി ബോധമണ്ഡലത്തിലുള്ളതെല്ലാം സംസാര വിഷയമായി. അങ്ങനെ സമാന അനുഭവങ്ങളിൽ നിന്നും ഉടലെടുത്ത ആ ബന്ധം സുദൃഢമായിത്തീർന്നു.

അക്കാലത്ത്, സുവ്യക്തമായ ഒരു കുമിളയിലായിരുന്നു ഞങ്ങൾ കഴിഞ്ഞിരുന്നതെന്ന് എനിക്ക് തോന്നി. ഞങ്ങളുടെ ജീവിതത്തിന്റെ ശ്രദ്ധാകേന്ദ്രം ദീൻ ആയിരുന്നു. എല്ലാം അതിനെ ചുറ്റിപ്പറ്റി മാത്രം!

സ്വഫ്വ പറഞ്ഞു:

"എന്തോ ഒന്നിന്റെ ഭാഗമാണ് നിങ്ങളെന്ന് നിങ്ങൾക്കനുഭവപ്പെടും. അതെ, നിങ്ങളിപ്പോൾ നിങ്ങളുടേതായ ഒരു സ്ഥാനമുള്ള ഉമ്മത്തിന്റെ (മുസ്ലിം സമൂഹം) ഭാഗമാണ്. മഹത്തരമായ എന്തോ ഒന്നിനാൽ- അല്ലാഹുവിനുള്ള ആരാധനയാൽ- ഒത്തുചേർന്നവരാണ് നിങ്ങൾ. അത് നിങ്ങ്ളൊരുമിച്ച് നിർവഹിക്കുകയും ചെയ്യുന്നു".

ക്ലാരയെയും ആലിയയെയും പോലെ ചില സഹോദരിമാർ ദീനിലേക്ക് വന്നത് അവരുടെ പങ്കാളികളുമൊത്തായിരുന്നു. അതവരുടെ ബന്ധത്തിന് പുതിയ ആഴം നൽകി. ഇരുവരും നവമുസ്ലിംകളായ അവസരത്തിൽ അഹ്മദുമായുള്ള ബന്ധത്തെക്കുറിച്ച് ഞാൻ ആലിയയോട് ചോദിക്കുകയുണ്ടായി. അവൾ പറഞ്ഞു: "ഞങ്ങളുടെ അപ്പോഴത്തെ ബന്ധം വളരെ നല്ലതായിരുന്നു. തിരിഞ്ഞുനോക്കുമ്പോൾ, വിവാഹ ശേഷമുള്ള ഏറ്റവും നല്ല കാലം നിശ്ചയമായും ആ ഇടവേള തന്നെയാണെന്ന് ഞാൻ കരുതുന്നു. ഞങ്ങൾ വളരെ സന്തുഷ്ടരും സംതൃപ്തരുമായിരുന്നു. അത് ഞങ്ങളെ കൂടുതൽ അടുപ്പിച്ചു. ആ സൗഹാർദം ഞങ്ങളേറെ പങ്കിടുകയും ചെയ്തു".

ഗാരത്തുമൊത്തുള്ള തന്റെ പുതിയ ഇസ്ലാമിക ജീവിത രീതിയെക്കുറിച്ച് ക്ലാര വിശദമാക്കി:

"ഒരേ ഫ്ളാറ്റിൽ ഒന്നിച്ചുള്ള താമസം ഞങ്ങളുടെ ഇസ്ലാമിക വ്യക്തിത്വത്തെ, ബന്ധത്തെ ശരിയായ അവസ്ഥയിലെത്തിച്ചു. അത് ഞങ്ങളുടെ സ്വന്തം ഇടമായിരുന്നു. എന്റെ 'പ്രതിഛായ ചിന്തകരായ' സുഹൃത്തുക്കൾ കരുതും വിധം യാതൊരുഅടിച്ചോതുക്കലും അവിടെയില്ലായിരുന്നു. ഇസ്ലാമിക ഗ്രന്ഥങ്ങളുടെ ഒരു അലമാരയും നമസ്കരിക്കാൻ പ്രത്യകമൊരു സ്ഥലവും ഞങ്ങൾക്കുണ്ടായിരുന്നു..... ഞങ്ങളൊരുമിച്ച് കുറെ പഠിച്ചു. പ്രത്യേക വിഷയങ്ങളിൽ അറിവുനേടാൻ ഞങ്ങൾ ശരിക്കും അധ്വാനിച്ചു. ഒന്നിച്ചിരുന്ന് ദീർഘനേരം സ്വഹീഹുൽ ബുഖാരി വായിക്കും. അല്ലെങ്കിൽ നാൽപതു ഹദീഥുകളുടെ സമാഹാരം. പതിവായുള്ള ഞങ്ങളുടെ ഖുർആൻ പാരായണം ഏറെ രസകരമായിരുന്നു".

ഞങ്ങളിൽ ചിലർക്ക് സ്വയം ചലനാത്മക സമൂഹങ്ങളിലുള്ളവരെന്ന തോന്നലുണ്ടായിരുന്നു. താമസ മാറ്റത്തിനു ശേഷവും തങ്ങളുടെ സ്വാധീനം നിലനിർത്താൻ കഴിഞ്ഞ ശ്രദ്ധേയരായ ചില വ്യക്തിത്വങ്ങളെ മർഗമധ്യെഞങ്ങൾക്ക് പരിചയപ്പെടാൻ കഴിഞ്ഞു.

ഒരു പുതുമുസ്ലിമെന്ന നിലയ്ക്ക് തന്റെ മാതൃകാവ്യക്തിത്വത്തെക്കുറിച്ച് ജമീല എന്നോട് പറയുകയുണ്ടായി:

"(നവ മുസ്ലിമായുള്ള) എന്റെ ജീവിതത്തിന്റെ ഏറ്റവും നല്ല ഭാഗം ആസിയയുടെയും സിറാജിന്റെയും വീട്ടിലെ താമസമായിരുന്നു. ആ വീട്ടിൽ രാപകൽ ദീൻ നിറഞ്ഞു നിന്നു. പകലിൽ ആ വീട്സഹോദരീസഹോദരന്മാരാലും ഖുർആൻ പാരായണം കൊണ്ടും നിബിഢമായിരുന്നു. വേണ്ടതു കഴിക്കാവുന്ന വിധം ഇഷ്ടമുള്ള ഭക്ഷണം. അതെ, ശരിക്കുമതൊരു തുറന്ന വീടായിരുന്നു. ആ ഗൃഹത്തിന്റെ മുഴുവൻ ലക്ഷ്യവും ഇസ്ലാമിന്റെ വ്യാപനവും അധ്യയനവുമായിരുന്നു.ഇപ്പോൾ വർഷങ്ങളായി ഞാനറിയുന്ന പലരും ഞാനവിടെ വെച്ച് പരിചയപ്പെട്ടവരാണ്. ഏവർക്കും വേണ്ടി സമയം കണ്ടെത്തുന്ന വരായിരുന്നു അവരിരുവരും. അവരുടെ സമയം എല്ലാവരുടേതുമായിരുന്നു. അവരെപ്പോലെ മറ്റു രണ്ടുപേരെ ഞാനൊരിക്ക ലും കണ്ടിട്ടില്ല. അവരെന്റെ മാതാപിതാക്കളെപ്പോലെയായിരുന്നു. എന്റെ കുടുംബത്തിന് പകരമു

**അവധിക്കാലമായിരുന്നിട്ടു പോലും ഇസ്ലാമിക പ്രഭാഷണങ്ങൾ കേൾക്കാൻ ഞങ്ങൾ ഒരുമിച്ച് ലണ്ടന്റെ മുക്കിലും മൂലയിലുമെത്തും. റമദാനിൽ ഓരോ രാത്രിയിലും വിവിധ പള്ളികളിലായി തറാവീഹ് (റമദാനിലെ രാത്രികളിലുള്ള ദീർഘ നമസ്കാരം) നമസ്കരിക്കാൻ ഞങ്ങൾ പരിശ്രമിക്കുമായിരുന്നു. ഞങ്ങളിലെ ദീൻ പുരോഗമിക്കുംതോറും ഹിജാബ് ധരിക്കാൻ ഞങ്ങൾ പരസ്പരം പ്രോത്സാഹിപ്പിച്ചു.**

**<u>നവമുസ്‌ലിംകളായ തങ്ങളുടെ സ്നേഹത്തിന്റെയും വിജ്ഞാന സമ്പാദനത്തിന്റെയുമെല്ലാം കേന്ദ്രമായിരുന്നു ആസിയ എന്ന് മറ്റ് സഹോദരിമാർ പറയുന്നത് ഞാൻ പലപ്പോഴും കേട്ടിട്ടുണ്ട്. ഇംഗ്ലീഷ് പഠനത്തിനു ചേരാൻ കോളേജിലെത്തുമായിരുന്നു ഏവരുമെന്നതിനാൽ ലോകത്തിന്റെ നാനാഭാഗത്തു നിന്നുമുള്ളവരെ ജോലി സ്ഥലത്തുവെച്ച് എനിക്ക് പരിചയപ്പെടാനായി.</u>**

ള്ള കുംബമായിരുന്നു".

സിറാജിനെയും ആസിയയെയും സ്മരിച്ച ഉമ്മു മുഹമ്മദ് അവരിരുവരുടെയും തൊട്ടു തൊട്ടുള്ള മരണം പറക്കമുറ്റാത്ത ആ സമൂഹത്തിലേൽപിച്ച ആഘാതത്തെ ഇങ്ങിനെ വിശദമാക്കി:

"ആസിയയുടെ മരണം സമുദായത്തിനേറ്റ ഒരു അടിയായിരുന്നു. എട്ടൊമ്പതു മാസത്തോളമെന്നു പറയാം ദുഖത്തിന്റെ അലകൾ ഏവരിലും നിലനിന്നു. അത് ഞങ്ങൾക്കിടയിലെ ആദ്യ മരണമായിരുന്നു. അതും ഞങ്ങൾ നന്നായറിയുന്ന, ഏറെ ബഹുമാനിക്കുകയും സ്നേഹിക്കുകയും ചെയ്യുന്ന ഒരാളുടെ. ഏതാണ്ടൊരു വർഷത്തിനു ശേഷമുള്ള അവരുടെ ഭർത്താവിന്റെ മരണം മറ്റൊരാഘാതമായി. ഇസ്‌ലാമിക വീക്ഷണത്തിൽ- അവരുടെ മരണാനന്തര ജീവിതത്തിന്റെ ആരംഭം എന്ന അർഥത്തിൽ- ഞങ്ങളുടെ ആദ്യാനുഭവമായിരുന്നു അത്".

നവമുസ്‌ലിംകളായ തങ്ങളുടെ സ്നേഹത്തിന്റെയും വിജ്ഞാന സമ്പാദനത്തിന്റെയുമെല്ലാം കേന്ദ്രമായിരുന്നു ആസിയ എന്ന് മറ്റ് സഹോദരിമാർ പറയുന്നത് ഞാൻ പലപ്പോഴും കേട്ടിട്ടുണ്ട്. ഇംഗ്ലീഷ് പഠനത്തിനു ചേരാൻ കോളേജിലെത്തുമായിരുന്നു ഏവരുമെന്നതിനാൽ ലോകത്തിന്റെ നാനാഭാഗത്തു നിന്നുമുള്ളവരെ ജോലി സ്ഥലത്തുവെച്ച് എനിക്ക് പരിചയപ്പെടാനായി. വ്യത്യസ്ഥ ചുറ്റുപാടുള്ളവരെ പരിചയപ്പെടാനും സംസാരിക്കാനും കഴിഞ്ഞത് ഒരനുഗ്രഹമായാണ് ഞാൻ കണ്ടത്. വിശിഷ്യാ, വിവിധ മുസ്‌ലിംകളുമായുള്ള സമ്പർക്കം ശരിക്കും ആനന്ദകരമായിരുന്നു. എന്റെ ശഹാദത്തിനു ശേഷം ഞാൻ പതിവായി കണ്ടുമുട്ടാറുള്ള പാക്കിസ്താനികളും ബംഗാളികളും അൾജീരിയക്കാരും സോമാലികളും അൽബേനിയക്കാരും പശ്ചിമാഫ്രിക്കക്കാരുമായെല്ലാം ഒരു പ്രത്യേക ബന്ധം എനിക്കനുഭവപ്പെട്ടു. മുസ്‌ലിമാണോ എന്നുള്ള ഓരോ ചോദ്യത്തിലും എന്റെ മുഖം സന്തോഷത്താൽ തിളങ്ങുമായിരുന്നു. ആത്മസംതൃപ്തിയോടെ, സുസ്ഥൈര്യം 'അതെ' എന്ന് മറുപടി പറയാൻ ഞാനേറെ ഇഷ്ടപ്പെട്ടു. മുസ്‌ലിംകളിലധികവും പെരുമാറിയത് ഊഷ്മളമായിട്ടായിരുന്നു എന്ന് പറയാതെ വയ്യ. ഞങ്ങളെല്ലായ്പോഴും ഇസ്‌ലാമിക 'സമാധാന അഭിവാദ്യം' കൈമാറുമായിരുന്നു.

"അസ്സലാമു അലൈക്കും വ റഹ്മതുല്ലാഹി വബറകാതുഹു".

(താങ്കളിൽ അല്ലാഹുവിന്റെ ശാന്തിയും അനുഗ്രഹാശിസ്സുകളും വർഷിക്കപ്പെടുമാറാകട്ടെ).

ഞങ്ങൾ പിന്നെ സ്വന്തം വർഗം, കുലം, ധൈഷണിക തുല്യത തുടങ്ങിയവ പരിഗണിച്ചുകൊണ്ടല്ല മറ്റുള്ളവരുമായി അടുപ്പം നിലനിർത്തിയത്. മറ്റു മുസ്‌ലിം സുഹൃത്തുക്കളുമായി ഞങ്ങൾ പങ്കുവെച്ച വിശ്വാസം എല്ലാ പരിഗണനകളെയും നിഷ്പ്രഭമാക്കി. പല തടസ്സങ്ങളെയും അത് തകർത്തു കളഞ്ഞു.

ആലിയയുടെ വാക്കുകളിൽ പറഞ്ഞാൽ 'ഏവരിൽ നിന്നുമുള്ള മഹത്തായ സൗഹൃദം അവർ കേവലം നാട്യക്കാരോ മറ്റോ ആയിരിക്കുമോ എന്നുള്ള വെറുമൊരു ചിന്തയ്ക്കുപോലും ഇടം നൽകിയില്ല. നിങ്ങൾ മുസ്‌ലിമാണ്. അവർ വിശ്വസിക്കുന്നതിൽ നിങ്ങളും വിശ്വസിക്കുന്നു. മാൽക്കം എക്സ് എന്ന സിനിമയിൽ അദ്ദേഹം ജനങ്ങളുമായി- അവർ ഏതു നിറത്തിലുള്ളവരാവട്ടെ- ഉംറക്ക് പോയതിനെക്കുറിച്ചുള്ള സംസാരം നിനക്കറിയില്ലേ? അതാണെനിക്കപ്പോഴെല്ലാം ഓർമ വന്നത്. ആരെയെങ്കിലും കാണുന്ന മാത്രയിൽ ഉള്ള കൈനീട്ടലും ആശ്ലേഷവും. അത് ഇസ്‌ലാമിന് മുൻപ് നിങ്ങൾക്കൊരിക്കലും ലഭിച്ചിട്ടില്ലാത്ത ഒന്നാണ്'.

റാബിയ പറഞ്ഞു: "എനിക്കത് ഏറെ ഭാസുരമായിരുന്നു. ചൈനക്കാരികളും കറുത്തവരും വെളുത്തവരും ഏഷ്യാക്കാരികളുമായ ഒട്ടേറെ യുവതികൾ അവിടെയുണ്ടായിരുന്നു. എന്നെ അത് വല്ലാതെ ഗ്രസിച്ചു. ഏവരും ദീനിൽ പുത്തനായിരുന്നു. എന്നാൽ ആവേശ ഭരിതകളായിരുന്നു അവർ. അവിടുത്തെ അനുഭവങ്ങളെല്ലാം വിസ്മയ നിർഭരങ്ങളായിരുന്നു".

ഇസ്‌ലാം സ്വീകരിക്കുന്നതിന് മുമ്പ് ഇതര വർഗക്കാരുമായി ഇടപെടാൻ എനിക്കൊട്ടും നേരമില്ലായിരുന്നു. എന്നാലിപ്പോൾ ഞങ്ങളിൽ പലരെയും പോലെ, അറബികളും ഏഷ്യാക്കാരും വെളുത്തവരും എന്നുവേണ്ട എല്ലാ തരക്കാരുമായുള്ള എന്റെ ബന്ധം വളർന്നതായി ഞാനറിഞ്ഞു. എന്റെ കറുത്തവർഗപരമായ സിദ്ധാന്തങ്ങളെ ഞാൻ കയ്യൊഴിച്ചു. മിശ്രവിവാഹത്തോടുള്ള (കറുത്തവരും വെളുത്തവരും വിവിധ രാജ്യക്കാരും തമ്മിലുള്ള) എന്റെ നീരസം ഒരുപഴങ്കഥയായി. ചേതോഹരമായ എണ്ണമറ്റ മിശ്രവിവാഹങ്ങൾക്ക് പതിവായി സാക്ഷിയാകേണ്ടി വന്നത് എന്റെ മനം കവർന്നു.

തീർത്തും അസാധാരണമായ ജോഡികളെ ചൂണ്ടിക്കാട്ടുവാൻ പലപ്പോഴും ഞങ്ങൾ മത്സരിക്കുമായിരുന്നു. നൈജീരിയനും ഈജിപ്ഷ്യയും തമ്മിൽ, ഐറിഷ്കാരിയും അറബിയും തമ്മിൽ, സോമാലിയക്കാരിയും പാക്കിസ്താനിയും തമ്മിൽ എന്നിങ്ങനെ.

മുസ്‌ലിം സമുദായത്തിലെ ഭാഗമാവുക വഴി സത്യത്തിൽ പുതിയ ജീവിതാനുഭവങ്ങളുടെ വിലമതിക്കാനാകാത്ത പങ്ക് നേടുകയായിരുന്നു ഞങ്ങൾ. കുടുംബാദികൾക്കും ചങ്ങാതിമാർക്കും ഞങ്ങളുടെ പുതിയ ജീവിത ശൈലിയെ മനസ്സിലാക്കുവാനോ അംഗീകരിക്കുവാനോ കഴിഞ്ഞിരുന്നില്ല. അതിനാൽ പലപ്പോഴും ഞങ്ങൾ അനുഭവിക്കേണ്ടിവന്ന ഏകാന്തതയുടെയും ഒറ്റപ്പെടലിന്റെയും വേദനയെ ഞങ്ങൾ കണ്ടെത്തിയ ആ തറവാടിന്റെ- മുസ്‌ലിം തറവാടിന്റെ- ഊഷ്മളത ശമിപ്പിച്ചു.

**പുത്തൻ ചുറ്റുപാട്**

നൂറ്റാണ്ടുകളായി, എവിടെയും എക്കാലത്തും മനുഷ്യസമൂഹം ജീവിതത്തിന്റെ അർഥത്തെക്കുറിച്ച് ചോദ്യങ്ങളുന്നയിച്ചിട്ടുണ്ട്. സാമഗ്രികളുടെയും സംതൃപ്തിയുടെയുമെല്ലാം ലഭ്യത ഞൊടിയിടയിൽ സാധ്യമാകുന്ന ഞങ്ങളുടെ സമൂഹത്തിൽ, ഏവരുടെയും സ്വപ്നങ്ങൾ യാഥാർഥ്യമാവുകയും ആഗ്രഹങ്ങൾ സഫലീകൃതമാവുകയും ചെയ്തിരുന്നുവെങ്കിലും മനസ്സിനെ കാർന്നുതിന്നുന്ന, കുറ്റപ്പെടുത്തുന്ന ഒരുചോദ്യം സാധാരണമായിരുന്നു- ഇതു

**<u>പഠിക്കുവാനും നിരീക്ഷിക്കുവാനും കണ്ടെത്തുവാനും വളരെയധികമുണ്ടായിരുന്നു. മോഹഭംഗമോ, നിരാശയോ, നിസ്സംഗതയോ ബാധിക്കാത്ത; ശുഭാപ്തി വിശ്വാസത്തിന്റെയും യുവത്വമാർന്ന പ്രതീക്ഷകളുടെയും ശേഷിക്കുന്ന ഞങ്ങളുടെ ജീവിതത്തിലേക്കുള്ള ഒരു ഐതിഹാസിക യാത്രയുടെ പ്രാരംഭമായിരുന്നു അത്.</u>**

തന്നെയാണോ പൂർണത?

മനുഷ്യാത്മാവിന്റെ ആഗ്രഹങ്ങളുടെ ആഴം അഗാധമായതിനാലാകാം വിനോദ വേളകൾക്കും ആനന്ദാസ്വാദനങ്ങൾക്കു മൊന്നും അതിനെ മുഴുവനായും നിറക്കാനാകാത്തത്. അങ്ങനെ, 'എല്ലാമുള്ള' ഒരു സ്ത്രീ അല്ലെങ്കിൽ പുരുഷൻ രാവിൽ തനിയെ ഇരുന്ന് നിരാശയോടെ കരയുയുന്നു! അല്ലെങ്കിൽ ഒരു ഗുളികയിലോ കുപ്പിയിലോ നേർത്ത വെളുത്ത പൊടിയിലോ സത്യമായ- അർഥവത്തായ- ഒന്നിനായുള്ള അടങ്ങാത്ത ദാഹം ശമിപ്പിക്കൻ അത്താണി തേടുന്നു!

അസീസ പറയട്ടെ: "അല്ലാഹുവിനുള്ള ആരാധന ഞാനന്വേഷിച്ചിരുന്നത് കണ്ടെത്തിയതായുള്ള ബോധമെനിക്ക് നൽകി. ദിശയറിയാതിരുന്ന എനിക്ക് ദിശാബോധം കൈവന്നതായി ഞാനറിഞ്ഞു. ദീനിലേക്ക് വരുന്നതിനു മുമ്പ് ഒന്നിലുമെനിക്കൊരു കൃത്യതയുണ്ടായിരുന്നില്ല. നിസ്സംഗതയോടെയായിരുന്നു വെളുപ്പിനെഴുന്നേറ്റിരുന്നത്. ഇത് അവിശ്വനീയം തന്നെ".

എന്നാൽ ഉണർച്ചയുടെ ഓരോ നിമിഷങ്ങളെയും അർഥവത്താക്കുന്ന, ഞങ്ങളുടെ ജിവിതത്തിന് പ്രയോജനവും ഉദ്ദേശ്യവും നൽകുന്ന ഒന്നിനെ ഞങ്ങൾ കണ്ടെത്തിയിരിക്കുന്നു. സമൂഹത്തിന്റെ ചാപല്യങ്ങൾക്കു പിന്നാലെയുള്ള ദാസ്യമായ യാത്രയെ കയ്യൊഴിക്കാനായതിൽ ഞങ്ങൾ സന്തുഷ്ടരാണ്.

ഒരു നിലയ്ക്ക്, നിലവിലുള്ള സംസ്കാരത്തിനെതിരെ ഞങ്ങൾ ശക്തമായ നിലപാടെടുത്തവരായിരുന്നു. ഞങ്ങൾ പറഞ്ഞു:

"ഇല്ല, നിങ്ങളുടെ പ്രവണതകൾക്കും ശാസനകൾക്കുമനുസരിച്ച് എന്റെ ജീവിതത്തെ നയിക്കാൻ ഞാൻ തയാറല്ല. നിങ്ങളുടെ വിനോദങ്ങളിലും ഉന്മാദങ്ങളിലുമായി സ്വയം നഷ്ടപ്പെടുത്താൻ ഞാനൊരുക്കമല്ല. നിങ്ങളുടെ രീതിയിൽ ഞാൻ വസ്ത്രം ധരിക്കാൻ പോകുന്നില്ല. ഞാൻ ഒരു മുസ്ലിമാണ്. ഞാൻ അല്ലാഹുവിനെയാണ് ആരാധിക്കുന്നത്. 'വോഗിനെയോ', 'സൺഡേ ടൈംസി' നെയോ അല്ല".

ഞാനാദ്യമായി ശരീരം മൂടാൻ തുടങ്ങിയപ്പോൾ സാറ പറഞ്ഞു: "എന്റെ ഒരുയൂണിവേഴ്സിറ്റി സുഹൃത്തെന്നോട് പറഞ്ഞു; 'നീ തെരഞ്ഞെടുത്ത ഈ രീതിയെ ഞാനെന്തുമാത്രം ആദരിക്കുന്നുവെന്ന് പറയാൻ വാക്കുകൾ കൊണ്ടാകുന്നില്ല. യുവത്വവും വിദ്യഭ്യാസവും അങ്ങനെ പലതും നേടാൻ പോകുന്നവരായി അവൾ നമ്മെ കണ്ടുകാണും. ലോകം നമുക്കൊരു മുത്തുച്ചിപ്പിയായിരുന്നു'. ഒരു വളവു തിരിയവെ ഞാൻ പറഞ്ഞു;'ഇതൊന്നുമല്ല എനിക്കു വേണ്ടത്".

ബേഗം പറഞ്ഞതിങ്ങിനെയായിരുന്നു: "ഏവരും ചെയ്തുവന്ന കാര്യങ്ങൾ അവരങ്ങനെ ചെയ്യുന്നു എന്നതുകൊണ്ട് അതു തന്നെ ചെയ്യുക വഴി സമൂഹത്തിന് സ്വയം സമർപ്പിക്കുന്നവരല്ല നിങ്ങൾ എന്ന സത്യം എനിക്ക് വളരെ നന്നായി തോന്നി. പ്രത്യേകിച്ചും, പതിനാറിലേക്കു കടന്ന് കോളേജിലെത്തി അവിടെനിന്ന് ചാടിപ്പോവുക, ഏവരുടെയും രീതിയിൽ വസ്ത്രം ധരിക്കുക, എല്ലാവരും ചെയ്യുന്നതു തന്നെ ചെയ്യുക എന്നതൊക്കെ കൈവെടിഞ്ഞ് അല്ലാഹുവിന്റെ തൃപ്തിക്കായി ദീൻ പറയുന്നതു പോലെയുള്ള നിങ്ങളുടെ പ്രവൃത്തികൾ ശരിക്കുമെന്നെ തട്ടിയുണർത്തി...."

ശഹാദത്തിനെ തുടർന്നുള്ള ദിനങ്ങളും ആഴ്ചകളും മാസങ്ങളുമെല്ലാം ഞങ്ങളിൽ പലർക്കും ഏറ്റവും നല്ല ദിനങ്ങളായിരുന്നു. എല്ലാം പുതിയതും ആവേശ ജനകവുമായിരുന്നു. പഠിക്കുവാനും നിരീക്ഷിക്കുവാനും കണ്ടെത്തുവാനും വളരെയധികമുണ്ടായിരുന്നു. മോഹഭംഗമോ, നിരാശയോ, നിസ്സംഗതയോ ബാധിക്കാത്ത; ശുഭാപ്തി വിശ്വാസത്തിന്റെയും യുവത്വമാർന്ന പ്രതീക്ഷകളുടെയും ശേഷിക്കുന്ന ഞങ്ങളുടെ ജീവിതത്തിലേക്കുള്ള ഒരു ഐതിഹാസിക യാത്രയുടെ പ്രാരംഭമായിരുന്നു അത്. നിധിയുടെ ഗൃഹത്തിലേക്കുള്ള വാതിൽ തുറന്നിരിക്കെ, അതിന്റെ അത്ഭുതങ്ങളിൽ ആനന്ദിക്കാനുള്ള ജിജ്ഞാസയോടെ ഞങ്ങൾ കർമോത്സുകരായി- ഞങ്ങളുടെ ബുദ്ധികൊണ്ടും ശരീരംകൊണ്ടും മനസ്സു കൊണ്ടും.

**-വിവ. അബൂഹംന കാരത്തൂർ**

**(ദൈവത്തിന്റെ.... പേജ് 26 ൽ നിന്ന് തുടർച്ച)**

ൽപങ്ങൾക്കോ പങ്കുവെച്ചുകൊടുക്കുന്ന മനുഷ്യന്റെ സ്വന്തം താൽപര്യങ്ങളെ ബാധിക്കുന്നകാര്യങ്ങൾ ശ്രദ്ധിച്ചു നോക്കുക: ഇന്ന ശമ്പളത്തിന് ഇത്ര മണിക്കൂർ ഇന്നിന്ന ജോലികൾ ചെയ്യണമെന്ന് ഏൽപിക്കപ്പെട്ട ഒരാൾ ആ സമയത്ത് മറ്റൊരാളുടെ ജോലി ചെയ്യുന്നത് മനുഷ്യൻ ഇഷ്ടപ്പെടുന്നില്ലെങ്കിൽ; ഒരാൾ തീറ്റ നൽകി വളർത്തുന്ന കോഴി മറ്റൊരാളുടെ വീട്ടിൽ ചെന്ന് മുട്ടയിടുന്നത് മനുഷ്യൻ ആഗ്രഹിക്കുന്നില്ലെങ്കിൽ; മാതാപിതാക്കൾ സ്നേഹിച്ചു പരിപാലിച്ചു വളർത്തുന്ന മക്കൾ മറ്റു ചിലരെ മാതാപിതാക്കളായി കരുന്നതുന്നത് മനുഷ്യന് അഗീകരിക്കുവാൻ കഴിയുന്നില്ലെങ്കിൽ; മാതാപിതാക്കൾക്ക് നൽകേണ്ട സഹായ സഹകരണങ്ങൾ അവർക്കെന്ന നാട്യേന അവരുമായി ബന്ധപ്പെട്ട മറ്റാർക്കെങ്കിലും നൽകിയാൽ, മാതാപിതാക്കളെ അത് തൃപ്തിപ്പെടുത്തില്ലെങ്കിൽ; ഭാര്യമാർക്കും സന്താനങ്ങൾക്കും നൽകേണ്ട അവകാശങ്ങൾ അവരുടെ പ്രതിമകളുണ്ടാക്കി, ആ പ്രതിമകൾക്ക് നൽകിയാൽ അത് അവരോടുള്ള അക്രമമാണെങ്കിൽ... അല്ലയോ മനുഷ്യാ, ദൈവത്തിന് എന്നോ, ദൈവത്തിങ്കലേക്ക് എന്നോ വ്യാഖ്യാനിച്ചുകൊണ്ട്, ദൈവത്തിന് മാത്രം അവകാശപ്പെട്ട ആരാധനാകർമങ്ങൾ നാം സൃഷ്ടികൾക്ക് നൽകിയാൽ അത് സർവേശ്വരൻ അംഗീകരിക്കുമെന്ന് നിശ്ചയിക്കാനാവുമോ?

"തീർച്ചയായും മനുഷ്യൻ തന്റെ രക്ഷിതാവിനോട് നന്ദികെട്ടവൻതന്നെ" (ഖുർആൻ 100:6)

## സമർപ്പണത്തിന്റെ രാജപാതയിലേക്ക്

**ആത്മീയമായ വെളിച്ചം തേടി അലയുകയും ഒടുവിൽ ഇസ്ലാമിന്റെ ശാദ്വല തീരത്തിലേക്ക് വന്നെത്തുകയും ചെയ്ത പാശ്ചാത്യരായ കുറെ വനിതകളുടെ അനുഭവങ്ങൾ വിവരിക്കുകയാണ് അവരിൽ പെട്ട ഒരാളായ നാഇമ ബി. റോബർട്ട്.**

# പ്രശ്നങ്ങളും വെല്ലുവിളികളും.

നാഇമ ബി. റോബർട്ട്

“ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു എന്ന് പറയുന്നത് കൊണ്ട് മാത്രം തങ്ങൾ പരീക്ഷണത്തിന് വിധേയരാകാതെ വിട്ടേക്കപ്പെടുമെന്ന് മനുഷ്യർ വിചാരിച്ചിരിക്കയാണോ?” (വി.ഖുർആൻ 29:2).

ഇസ്ലാമിലേക്കുള്ള മടക്കം ഒരു സാക്ഷാത്കാരവും ആനന്ദദായകമായ അനുഭവവുമായിരുന്നു. മുൻ അധ്യായങ്ങളിൽ കണ്ടതുപോലെ, ‘ഇതെല്ലാം എന്തിനെക്കുറിക്കുന്നു’ എന്ന് മനസ്സിലാക്കിയ ഒരു പുതിയ വ്യക്തിയെപ്പോലെ നിങ്ങൾക്കനുഭവപ്പെട്ടിരിക്കാം. ഇനിയുമേറെ പഠിക്കാനുണ്ടതിൽ. മറ്റുള്ളവരെപ്പോലെ നിങ്ങളും ഒരു നവാഗതനാണെങ്കിൽ, നിങ്ങളുടെ ദീനിനെക്കുറിച്ച്, നിങ്ങൾ പുൽകിയ വിശ്വാസത്തെക്കുറിച്ച് കൂടുതൽ അറിയാനുള്ള ഉൽകടമായ അഭിനിവേശത്തിലായിരിക്കും നിങ്ങളും. ഈ അറിവിനൊപ്പം പുതിയ ഒരു ജീവിത ശൈലി കൂടി സമാഗതമാകുന്നു. പുതിയ സുഹൃത്തുക്കൾ, പുതിയ വസ്ത്രം, പുതിയ നേരമ്പോക്കുകൾ, പുതിയ പ്രതീക്ഷകൾ, ജീവിതത്തെക്കുറിച്ചുള്ള പുതിയ ഉൾക്കാഴ്ചകൾ... ഈ രൂപാന്തരം ചിലർക്ക് ഏറെ സരളമായ

**ബന്ധുക്കൾക്കിടയിലെ മുറുമുറുപ്പുകളിൽ നിന്നും ഞാൻ ഇസ്‌ലാമിൽ നിമഗ്നയായെന്നറിഞ്ഞ അച്ഛൻ എന്നെ വിളിച്ചുകൊണ്ടുപോയി. അദ്ദേഹം ഏറെ വ്യാകുലനായിരുന്നു എന്ന് അപ്പോഴേ ഞാ നറിഞ്ഞു. കുടുംബാംഗങ്ങളിൽ ആരോടോ അബദ്ധത്തിലെന്തോ പറഞ്ഞുപോയതിൽ ഞാൻ പരിതപിച്ചു. അമ്മൂമയിലൂടെ ആ വാർത്ത വികൃതമായിട്ടെങ്കിലും അച്ഛന് ലഭിക്കുമെന്ന് ഞാൻ ഓർക്കണമായിരുന്നു.**

അനുഭവമാണ്. എന്നാൽ മറ്റു പലർക്കും മുസ്‌ലിമാവുക എന്നത് ഒട്ടനവധി വെല്ലുവിളികളെ നേരിടലാണ്. ലോകം കീഴ്മേൽ മറിഞ്ഞതായി നിങ്ങൾക്ക് തോന്നാം, ഒരു നിലയ്ക്ക് അത ങ്ങനെയായിട്ടുണ്ട്. കാര്യങ്ങളൊന്നുമിപ്പോൾ പഴയതു പോലെയല്ല. ഇപ്പോഴവയ്ക്ക് പുതിയ അർഥതലങ്ങളുണ്ട്, മുൻഗണനകളുണ്ട്, കടപ്പാടുകളുണ്ട്. ഇവയുമായുള്ള സഹവർത്തിത്തം ഒരു പക്ഷേ, വേദനാജനകമാകാം.

**കുടുംബ മൂല്യങ്ങൾ**

പലപ്പോഴും ഒരു നവ മുസ്‌ലിമിന് നേരിടേണ്ടി വരുന്നതിൽ ഏറ്റവും ക്ലേശകരമായ പ്രശ്നം തന്റെ കുടുംബാംഗങ്ങളുടെ പ്രതികരണമാണ്. വിരളമായി മാത്രമെ അത് അനുകൂലമാകാറുള്ളൂ. ഒരിക്കൽ എന്റെ തലമറക്കലിന്റെ ഘട്ടത്തിൽ, ജീവിത രീതിയിൽ ഞാൻ വരുത്തിയ മാറ്റത്തെക്കുറിച്ച് അമ്മായിയോട് സംസാരിക്കുകയുണ്ടായി. അക്കാലത്ത് ഞാൻ മദ്യപിക്കുകയോ, പോർക്ക് തിന്നുകയോ, ക്ലബ്ബിൽ പോവുകയോ ചെയ്യുമായിരുന്നില്ല. ഞങ്ങളുടെ പതിമൂന്നം നിലയിലെ ഫ്ളാറ്റിന്റെ ഇരുളടഞ്ഞ സ്വീകരണമുറിയിൽ എനിക്കറിയാവുന്നതുപോലെ ഞാൻ നമസ്കരിക്കുമായിരുന്നു. ഒട്ടും വളർച്ച പ്രാപിച്ചിട്ടില്ലാതിരുന്ന എന്റെ ആത്മീയ തലത്തെക്കുറിച്ചുള്ള ഗവേഷണ വേളയിൽ ദൈവവുമായി (അത്യുന്നതനായ ഒരു ശക്തി എന്ന് കരുതിയിരുന്ന) നിരന്തരം സമ്പർക്കം പുലർത്തേണ്ടത് അനിവാര്യമായി ഞാൻ കണ്ടിരുന്നു. എന്നെ സംബന്ധിച്ചിടത്തോളം, ജീവിതത്തെ വിമലീകരിക്കാനുള്ള തുടക്കത്തിൽ അത്രയും മതിയായിരുന്നു. ഒരു വിശ്വാസത്തോടും- ഇസ്‌ലാമിനോടുപോലും- പ്രതിബദ്ധത പുലർത്താൻ ഞാൻ ഒരിക്കലും തയാറായിരുന്നില്ല. അക്കാലത്ത് മുസ്‌ലിംകൾ അംഗീകരിച്ച ജീവിതരീതി, സൽസ്വഭാവങ്ങൾക്ക് ഊന്നൽ നൽകുന്നതും പ്രലോഭനങ്ങളിലേക്കുള്ള വാതായനങ്ങൾ അടക്കുവാനുള്ളതുമായ ഒന്നായിട്ടാണ് എനിക്ക് തോന്നിയത്. സത്യത്തിൽ ഔദ്യോഗികമായി ഒരു മുസ്‌ലിമാകാനുള്ള പരിഗണനപോലും എന്നിലുണ്ടായിരുന്നില്ല. സ്വന്തം കാഴ്ചപ്പാടുകളുള്ള ഒരു നാസ്തികയായിരുന്നുവെങ്കിലും അമ്മായി എന്നെ സശ്രദ്ധം കേൾക്കാൻ സദാ സന്നദ്ധയായിരുന്നു. ബന്ധുക്കൾക്കിടയിലെ മുറുമുറുപ്പുകളിൽ നിന്നും ഞാൻ ഇസ്‌ലാമിൽ നിമഗ്നയായെന്നറിഞ്ഞ അച്ഛൻ എന്നെ വിളിച്ചുകൊണ്ടുപോയി. അദ്ദേഹം ഏറെ വ്യാകുലനായിരുന്നു എന്ന് അപ്പോഴേ ഞാനറിഞ്ഞു. കുടുംബാംഗങ്ങളിൽ ആരോടോ അബദ്ധത്തിലെന്തോ പറഞ്ഞുപോയതിൽ ഞാൻ പരിതപിച്ചു. അമ്മൂമയിലൂടെ ആ വാർത്ത വികൃതമായിട്ടെങ്കിലും അച്ഛന് ലഭിക്കുമെന്ന് ഞാൻ ഓർക്കണമായിരുന്നു.

"നീ മുസ്‌ലിമാകാൻ പോകുന്നു എന്നറിയുന്നു. എന്താണിതെല്ലാം?"- അദ്ദേഹം ചോദിച്ചു.

ഞാൻ വാസ്തവത്തിൽ മുസ്‌ലിമാകാൻ ഉദ്ദേശിച്ചിട്ടില്ലെന്നും ചില 'മുസ്‌ലിം കർമങ്ങൾ' ചെയ്യുന്നുവെന്നേ ഉള്ളൂ എന്നും അദ്ദേഹത്തിന് ബോധ്യം വരുമാറ് ഞാനതിനെ ചിരിച്ചുതള്ളി. ഞാൻ സത്യം തന്നെയാണ് പറഞ്ഞതും. തികച്ചും സുരക്ഷിതമായ ഒരു നല്ല ജീവിത രീതിയാണ് ഇസ്‌ലാമെന്ന് സമ്മതിച്ചിരുന്നുവെങ്കിലും, ഒരു മുസ്‌ലിമാകാൻ ഞാൻ നിശ്ചയിച്ചിരുന്നില്ല. അച്ഛൻ അതങ്ങനെയല്ല പരിഗണിച്ചത്. പ്രതിജ്ഞാബദ്ധനായ ഒരു നിരീശ്വരവാദി എന്ന നിലയ്ക്ക് അദ്ദേഹം, ഞാൻ ഏതെങ്കിലും മതസംഹിതയുമായി കെട്ടിമറിയുമെന്ന് നിനച്ചിട്ടുണ്ടാകില്ല. സത്യത്തിൽ, സർവതന്ത്ര സ്വതന്ത്രയും ഊർജസ്വലയുമായ ഒരു യുവതിയായി കൂടുതൽ ഉന്നതമായ നിലയിൽ ഞാൻ വളർന്നുവരണമെന്ന താൽപര്യമാണ് തനിക്കുണ്ടായിരുന്നതെന്ന് അച്ഛൻ പറഞ്ഞു. എന്നാൽ ഞാനിപ്പോഴിങ്ങനെ എന്റെ ചേതനയെ ഒരു സാങ്കൽപിക ദൈവത്തിന് മുൻപിൽ തരം താഴ്ത്തുന്നു എന്ന അഭിപ്രായത്തിലായിരുന്നു അദ്ദേഹം. ഞാനിന്നും ഉറച്ചു വിശ്വസിക്കുന്നു; അതെ, അച്ഛന്റെ സ്വരത്തിൽ കണ്ണുനീരിന്റെ അലകളാണ് ഞാൻ കേട്ടത്. ആ വേദനയെക്കുറിച്ചുള്ള സ്മരണ ഇപ്പോഴുമെന്നെ വല്ലാതെ നോവിക്കുന്നു.

അദ്ദേഹത്തെ സമാശ്വസിപ്പിച്ചുകൊണ്ട് ഞാൻ പറഞ്ഞു: "ഡാഡ്, ഞാൻ യഹോവാ സാക്ഷി ആവുകയോ മറ്റോ ചെയ്തതു പോലെയല്ല!"

അദ്ദേഹത്തെ അത് ആശ്വസിപ്പിച്ചതേയില്ല എന്ന് പറയേണ്ടതില്ലല്ലോ. മുഖത്തടിച്ചതുപോലെ അതദ്ദേഹത്തിന് അനുഭവപ്പെട്ടിരിക്കാം. സുന്ദരമായൊരു ഭാവിക്കും എന്നിലദ്ദേഹത്തിനുണ്ടായിരുന്ന സർവ പ്രതീക്ഷകൾക്കും നേരെ മുഖം തിരിക്കുകയായിരുന്നു ഞാൻ, അദ്ദേഹമെനിക്കായി കരുതിവെച്ച വിലപ്പെട്ടതെല്ലാം ഞാൻ തിരസ്കരിച്ചു... തുടങ്ങിയ ചിന്തകൾ അദ്ദേഹത്തെ മുറിവേൽപിച്ചിരിക്കാം- അദ്ദേഹത്തെ നിരാശപ്പെടുത്തുന്നത് എന്നിലുളവാക്കിയിരുന്ന വേദനപോലെ. അച്ഛന്റെ പ്രതികരണം യാതൊരു നിലയ്ക്കും അസാധാരണമായിരുന്നില്ല.

യാസ്മിൻ തന്റെ അനുഭവം പങ്കുവെച്ചു: "ആദ്യം ഇത് വലിയൊരു തമാശയായാണ് എന്റെ വീട്ടുകാർക്ക് തോന്നിയത്. 'അവൾ കടന്നുപോകുന്ന ഒരു ഘട്ടം മാത്രമാണിത്. അടുത്തയാഴ്ച ഇനി മറ്റു വല്ലതുമായിരികും'. പിന്നീടതിങ്ങിനെയായി: 'മതം മാറാൻ നീയെങ്ങനെ ധൈര്യപ്പെട്ടു?' പിന്നീടത് 'അനാകർഷകവും വൃത്തികെട്ടതുമായ വസ്ത്രത്തിലേക്കല്ല, നിന്റെ മനസ്സിലേക്കാണ് ദൈവം നോക്കുന്നത്' തുടങ്ങിയ ഗോപ്യമായ പരിഹാസങ്ങളായി. ഞാനന്ന് 'അബായ' (പതിവ് വസ്ത്രങ്ങൾക്ക് മുകളിൽ ധരിക്കുന്ന വലിയ വസ്ത്രം) ധരിക്കുമായിരുന്നില്ല. പക്ഷേ, അയഞ്ഞ വസ്ത്രങ്ങൾ ധരിക്കാൻ തുടങ്ങിയിരുന്നു. എന്റെ സഹോദരൻ - അവനും മുസ്‌ലിമായിക്കഴിഞ്ഞിരുന്നു- പറഞ്ഞത് ഞാനോർക്കുന്നു: 'മമ്മി പറയൂ; ഇനി എന്റെ വീട്ടിൽ ഒരു മുസ്‌ലിമും വേണ്ട എന്ന്'. അപ്പോൾ ഞാൻ പറഞ്ഞു: 'നല്ലത്, ഞാനിതാ പോകുന്നു'. എനിക്കന്ന് പത്തൊമ്പത് വയസ്സായിരുന്നു".

അസീസ പറഞ്ഞു: "ദീനിലേക്ക് വരുന്നതിനു മുമ്പു തന്നെ എന്റെ ജീവിതത്തിൽ പല മാറ്റങ്ങളുമുണ്ടായി. പുകവലിയും മദ്യപാനവും ഉന്മാദജൽപനങ്ങളുമെല്ലാം ഞാനുപേക്ഷിച്ചിരുന്നു. എന്റെ ജീവിതം ഒരു പരിവർത്തനത്തിന് വിധേയമാവുകയായിരുന്നു. ഈ മാറ്റം എന്തിനുവേണ്ടിയായിരുന്നുവെന്ന് ഞാൻ തിരിച്ചറിഞ്ഞില്ല. അങ്ങനെ ഇസ്‌ലാം എന്നിലെത്തിയപ്പോൾ, അല്ലാഹു എന്നെ അതിനായി തയാർ ചെയ്യുകയായിരുന്നുവെന്ന് ഞാനറിഞ്ഞു".

"എന്റെ മാറ്റം തീർത്തും അവിചാരിതമായാണ് സംഭവിച്ചത്. സാമ്പത്തികവും സമയപരവുമായ സമ്മിശ്ര പ്രശ്നങ്ങളാൽ എന്റെ വിദ്യാർഥി ജീവിതം കുടുംബവുമായുള്ള സ്ഥിരമായ ബന്ധത്തിന് സാധ്യത നൽകും വിധമായിരുന്നില്ല. ലണ്ടനിൽ പഠിക്കുന്ന ഒരു വിദേശ വിദ്യാർഥിക്ക് പ്രസ്തുത കാര്യാലയം അതിനുള്ള സ്വാതന്ത്ര്യം നൽകിയിരുന്നില്ല. ആയതുകൊണ്ടു തന്നെ ഇസ്‌ലാമിക ജീവിത രീതി തെരഞ്ഞെടുക്കുന്നതിലേക്ക് എന്നെ നയിച്ച ചിന്താസരണികളും അനുഭവങ്ങളും അവർക്ക് ഗോപ്യമായ ഒന്നായിരുന്നു. എന്റെ ക്രമാനുഗതമായ മാറ്റം അവർക്കൊരിക്കലും കാണാനായില്ല. ജൂതരും (എന്റെ അമ്മ വഴിക്കുള്ള അമ്മായിയും കുടുംബവും), ക്രിസ്ത്യാനികളും (എന്റെ സ്കോട്ടിഷ് പൂർവികർ), ആഫ്രിക്കൻ പരമ്പരാഗത മതാനുയായികളും (എന്റെ സുലു കുടുംബം), ഒരു നിരീശ്വരവാദിയും (എന്റെ അച്ഛൻ) എല്ലാം നിറഞ്ഞ ഒരു കുടുംബത്തിൽ മതപരമായ ചർച്ച ഹൃദ്യമാവുകയില്ല എന്നത് ഒരു പക്ഷേ, അനാശ്ചര്യമാകാം. അതിനാൽ ഞാനെന്തിന് എന്റെ ജീവിതശൈലി മാറ്റിയെന്നോ, ഇപ്പോഴത്തെ വിശ്വാസമെന്തെന്നോ, ഞാനതിൽ സന്തുഷ്ടയാണെന്നോ ആരും ചോദിച്ചില്ല. അതൊരിക്കലും ചർച്ച ചെയ്യപ്പെട്ടതുമില്ല. വിവാദ വിഷയങ്ങൾ തീർച്ചയായും ചർച്ച ചെയ്യപ്പെട്ടു. (ഇസ്‌ലാമിൽ സ്ത്രീയുടെ പങ്ക്, നഗ്നത മറക്കൽ, ആഫ്ഗാനിസ്ഥാൻ, പലസ്തീൻ പ്രശ്നങ്ങൾ തുടങ്ങിയവ). എന്നാൽ എന്നെ മദിച്ചുകൊണ്ടിരിക്കുന്ന വിഷയങ്ങൾ, ഞാനാശ്ലേഷിച്ച വിശ്വാസം അതൊന്നും തന്നെ ചർച്ചാവിഷയമായില്ല. തങ്ങൾക്കറിയുമായിരുന്ന ആ പെൺകുട്ടിയിൽ നിന്നും തീർത്തും വിഭിന്നയായ ഈ മുസ്‌ലിമുമായി സഹകരിക്കാൻ അവർക്കുണ്ടായിരുന്ന ഏക മാർഗം ഒരു പക്ഷേ, അതായിരിക്കാം. അവരുടെ സ്നേഹവായ്പുകളും അംഗീകാരവും ആദ്യം അവരിലുളവാക്കിയ നടുക്കത്തെയും സന്ദേഹങ്ങളെയും മറികടന്നു വെങ്കിലും, എന്റെ മാറ്റത്തിന്റെ സമയത്ത് പലപ്പോഴും ഒറ്റപ്പെട്ടവളും തെറ്റുദ്ധരിക്കപ്പെട്ടവളുമായി എനിക്ക് സ്വയം തോന്നിയിരുന്നു".

അവസാനം താനൊരു മുസ്‌ലിമായിരിക്കുന്നുവെന്ന് *മേയി* പറഞ്ഞപ്പോൾ അത് അവളുടെ അച്ഛനെ ശരിക്കും തകർത്തു കളഞ്ഞു.

"ശഹാദത്ത് ചൊല്ലി ഒരു വർഷം കഴിഞ്ഞു മാത്രമാണ് മുസ്‌ലിമായ കാര്യം ഞാൻ മതാപിതാക്കളോട് പറഞ്ഞത്"- മേയി പറഞ്ഞു. "ഞാൻ ഹിജാബ് ധരിച്ചിരുന്നില്ലെങ്കിലും യൂണിവേഴ്സിറ്റിയിൽ നിന്നും വന്നപ്പോൾ എന്നിൽ എന്തോ മാറ്റമുള്ളതായി അവർ മനസ്സിലാക്കി. ഒരു ദിവസം അച്ഛൻ ചോദിച്ചു: "നീ സന്തുഷ്ടയല്ലേ? എന്താണ് പ്രശ്നം? എന്തേ ഇത്ര ദു:ഖം?" ഞാൻ പറഞ്ഞു: "ഒന്നുമില്ല, എനിക്ക് ദു:ഖമൊന്നുമില്ല, ഒരു കുഴപ്പവുമില്ല". അപ്പോൾ അദ്ദേഹം പറഞ്ഞു: "അല്ല. പറയൂ, നിനക്കെന്തോ എന്നോട് പറയാനുണ്ട്, എന്തോ ചില മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്". അനന്തരം ഞാൻ പറഞ്ഞു: "ഞാനൊരു മുസ്‌ലിമാണ്". അതു കേട്ടപ്പോൾ അദ്ദേഹം ഭ്രാന്തനായി. ഏറെ വേദനിക്കുകയും വ്യാകുലപ്പെടുകയും ചെയ്തു. അദ്ദേഹത്തിനത് വിശ്വസിക്കാനായില്ല. പക്ഷേ, എനിക്കത് വലിയ സാന്ത്വനമായി. മാതാപിതാക്കളോട് കളവു പറയാൻ ഞാനിഷ്ടപ്പെട്ടിരുന്നില്ല. അതെനിക്ക് വേദനാജനകമായ കാര്യമായിരുന്നു. എന്നാൽ എനിക്കപ്പോൾ സന്തോഷം തോന്നി. അവരോട് കാര്യം പറഞ്ഞുവല്ലോ, അതുമതി. ചെയ്യേണ്ടതു തന്നെയാണ് ചെയ്യേണ്ടിവന്നതെന്ന് എനിക്ക് ബോധ്യമായി. ഞാൻ ശഹാദത്ത് ചൊല്ലി മുസ്‌ലിമായിട്ടില്ലായിരുന്നുവെങ്കിൽ കാര്യം വളരെ മോശമാകുമായിരുന്നു. കുഞ്ഞുനാൾ മുതൽ എന്റെ ഹൃദയത്തിലുണ്ടായിരുന്ന ദൈവത്തെ എടുത്തു കളയുന്നത് എന്റെ ജീവൻ തന്നെ എടുത്തു കളയുന്നതു പോലെയായിരുന്നു".

പിന്നീട് വീട്ടിലെങ്ങിനെയാണ് കഴിഞ്ഞതെന്നറിയണമെന്ന് ഞാനാവശ്യപ്പെട്ടു.

"വീട്ടിൽ അതൊരു കലാപത്തിനിടയാക്കി. അതൊരു പേക്കിനാവായിരുന്നു. ഞാൻ നമസ്കരിക്കാറുണ്ടെന്ന് അവർ മനസ്സിലാക്കിയിരുനു. അച്ഛൻ എന്റെ നമസ്കാരത്തിന് വിഘ്നങ്ങൾ സൃഷ്ടിച്ചിരുന്നു. ഞാൻ ബാഗിൽ സൂക്ഷിച്ചിരുന്ന ഹിജാബ് അച്ഛൻ എടുത്ത് ചവറ്റുകുട്ടയിലിട്ടു".

''പരിചിതരാരുമില്ലാത്തിടത്തേക്ക് താമസം മാറ്റാൻ എൻെറ മാതാപിതാക്കൾ തീരുമാനിച്ചു. അവർ പണവും സ്നേഹവും വേണ്ടതെന്തും വാഗ്ദാനം ചെയ്തു. പക്ഷേ, അതെല്ലാം കൈക്കൂലിയാണെന്നറിയുന്നതിനാൽ ഞാൻ തൊട്ടതുപോലുമില്ല. എനിക്ക് നമസ്കരിക്കാനോ, ഇസ്‌ലാമിക അനുഷ്ഠാനങ്ങൾക്കോ കഴിയാതെയായി. ഞാൻ അസന്തുഷ്ടയും അസ്വസ്ഥയുമായി".

"പര്യവസാനം ദുഃഖകരമായിരുന്നു. ഞാൻ അമ്മയോട് എനിക്ക് പോകണമെന്ന് പറഞ്ഞു. അവർ സമ്മതിച്ചു. മുൻപേ തയാറാക്കി വെച്ച പെട്ടിയുമെടുത്ത് അനുജനോടൊപ്പം ഞാൻ സ്റ്റേഷനിലേക്ക് നടന്നു. ദുഃഖനിർഭരമായ ഒരു ദിനമായിരുന്നു അത്. പോകുന്നതിനു മുമ്പ് അച്ചൻ എന്നോടു പറഞ്ഞു: 'നിനക്ക് കുട്ടികളുണ്ടെങ്കിൽ നിന്നെ ഞങ്ങൾ അംഗീകരിക്കുമെന്ന് നീ കരുതുന്നുണ്ടോ? ഇല്ല, കുട്ടികളുണ്ടങ്കിൽ തന്നെയും നിന്നെ ഞാൻ അംഗീകരിക്കില്ല'. ആ വാക്കുകൾ ഒരിക്കലും മറകാനാകില്ല''.

**<u>ചെയ്യേണ്ടതു തന്നെയാണ് ചെയ്യേണ്ടിവന്നതെന്ന് എനിക്ക് ബോധ്യമായി. ഞാൻ ശഹാദത്ത് ചൊല്ലി മുസ്‌ലിമായിട്ടില്ലായിരുന്നുവെങ്കിൽ കാര്യം വളരെ മോശമാകുമായിരുന്നു. കുഞ്ഞുനാൾ മുതൽ എന്റെ ഹൃദയത്തിലുണ്ടായിരുന്ന ദൈവത്തെ എടുത്തു കളയുന്നത് എന്റെ ജീവൻ തന്നെ എടുത്തുകളയുന്നതു പോലെയായിരുന്നു.</u>**

**എന്റെ പ്രായത്തിലുള്ള സഹോദരിമാരുടെ പിറന്ന മതത്തിലേക്കുള്ള മടക്കം പരമ്പരാഗതമായ രീതിയിലോ സാംസ്കാരികവും സാമുദായികവുമായ പ്രതീക്ഷകൾക്കനുസരിച്ചോ ഇസ്‌ലാമികാനുഷ്ഠാനങ്ങൾ നിർവഹിക്കാനായിരുന്നില്ല. സാംസ്കാരിക ന്യൂനതകളും വ്യതിയാനങ്ങളുമില്ലാത്ത സംശുദ്ധമായ, സത്യസമ്പൂർണമായ ഇസ്‌ലാമായിരുന്നു അവർക്കാവശ്യം.**

"അച്ഛനിൽ നിന്നും വ്യത്യസ്തമായാണ് അമ്മയും അനുജത്തിയും പ്രതികരിച്ചത്. വിവാഹത്തിനായി റജിസ്ട്രാപ്പീസിൽ എന്നെ കാണാൻ വന്ന ചെറിയ സഹോദരി എന്റെ മാറ്റം കണ്ട് സ്തബ്ധയായി. പ്രത്യേകിച്ച് എന്റെ വേഷം കണ്ടിട്ട്. അവൾക്കറിയാവുന്ന, രൂപപ്പെടുത്തിയ പുരികവും മെയ്ക്കപ്പും മോടിയാക്കിയ മുടിയും ലുബ്ധമായ വസ്ത്രവുമെല്ലാം എവിടെപ്പോയി? ആപാദ ചൂഡം എന്നെ നോക്കി അവൾ തലകുലുക്കി. വെളുത്ത സോക്സും ഷൂസുമായിരുന്നു ഞാൻ ധരിച്ചിരുന്നത്. 'ഐഷ്' അവിശ്വസനിയതയുടെ സിംബാബ്‌വെൻ പ്രയോഗത്തോടെ അവൾ പറഞ്ഞു: 'ഇപ്പോൾ നീ എല്ലാ നിയമവും തെറ്റിച്ചിരിക്കുന്നു".

എന്നാൽ അവൾ എന്നെ ശരിക്കും വിലയിരുത്തിയില്ല. സകലതിനെക്കുറിച്ചും അവൾ ചോദിച്ചു. എല്ലാ നവവിശ്വാസികളെയും പോലെ, ഇസ്‌ലാമിന്റെ ഭംഗിയും സത്യവും മനസ്സിലാക്കി അവളും ഒരു മാറ്റത്തിന് തയാറാകുമെന്ന പ്രതീക്ഷയിൽ ഞാൻ മറുപടി പറഞ്ഞുകൊണ്ടുമിരുന്നു. ഒരു നവ മുസ്‌ലിമിന് സഹിക്കേണ്ടിവരുന്ന ക്ലേശകരമായ കാര്യങ്ങളിലൊന്ന് അവരുടെ കുടുംബത്തിന്റെ അലംഭാവവും ദീനിനോടുള്ള അവരുടെ പകയും വെറുപ്പുമാണെന്ന് ഞാൻ കരുതുന്നു. കടപ്പാടുകൾ കയ്പേറിയ പരീക്ഷണവും വീട് ഒരു യുദ്ധക്കളവുമായി മാറുന്നു.

എന്തിനെക്കാളുമുപരിയായി ഞാൻ 'ദൈവത്തെ കണ്ടെത്തി' എന്നതിൽ അമ്മ വളരെ സന്തോഷവതിയായിരുന്നു. ചർച്ചിൽ നിന്നും തിരിച്ചെത്തി അവർ സ്വയം സമാധാനിച്ചു. ഒരു നിരീശ്വര ചുറ്റുപാടിൽ വളർത്തപ്പെട്ടിട്ടും ഞാൻ രക്ഷിതാവിനെ തിരിച്ചറിഞ്ഞ് അവനെ ആരാധിക്കാൻ എന്റേതായ ജീവിതം നയിക്കുന്നു എന്ന് അമ്മ സമാശ്വസിച്ചു കാണുമെന്ന് ഞാൻ കരുതി. എന്റെ സംഭാഷണത്തിലെ ആത്മീയ തലങ്ങളെ മറ്റാരെക്കാളും ഭംഗിയായി അവർ മനസ്സിലാക്കി.

എന്നാൽ മുസ്‌ലിം പശ്ചാത്തലമുള്ള സ്ത്രീകൾപോലും കുടുംബ സമ്മർദങ്ങളിൽ നിന്നും സുരക്ഷിതരല്ല. എന്റെ പ്രായത്തിലുള്ള സഹോദരിമാരുടെ പിറന്ന മതത്തിലേക്കുള്ള മടക്കം പരമ്പരാഗതമായ രീതിയിലോ സാംസ്കാരികവും സാമുദായികവുമായ പ്രതീക്ഷകൾക്കനുസരിച്ചോ ഇസ്‌ലാമികാനുഷ്ഠാനങ്ങൾ നിർവഹിക്കാനായിരുന്നില്ല. സാംസ്കാരിക ന്യൂനതകളും വ്യതിയാനങ്ങളുമില്ലാത്ത സംശുദ്ധമായ, സത്യസമ്പൂർണമായ ഇസ്‌ലാമായിരുന്നു അവർക്കാവശ്യം. ആഫ്രിക്കൻ സംസ്കാരത്തെ ബഹുമാനിച്ചു വളർന്ന ചിലർ ഏഷ്യൻ മുസ്‌ലിംകളെയും പാക്കിസ്താനി, ബംഗാളി മുസ്‌ലിംകളെയുമെല്ലാം അവരുടെ സംസ്കാരത്തെപ്രതി കളിയാക്കുന്നത് പലപ്പോഴുമെന്നെ അതിശയിപ്പിച്ചിട്ടുണ്ട്. പാരമ്പര്യ സംസ്കാരം മതമായി തെറ്റിദ്ധരിക്കപ്പെടുകയും മതാഭിനിവേശത്തോടെ പരിഗണിക്കപ്പെടുകയും ചെയ്തപ്പോഴാണ് നിർബന്ധ വിവാഹങ്ങളും ബഹുമാന സൂചകമായ ബലിയും സ്ത്രീകളുടെ പരിച്ഛേദനവും -അവ പതിവായോ, അപൂർവമായോ ആയാലും- ഇസ്‌ലാമുമായി തെറ്റായി ഇണക്കപ്പെട്ടതെന്ന് ഞാൻ മനസ്സിലാക്കി.

ബേഗം പറയുന്നു: "അന്ന്, എന്റെ പന്ത്രണ്ടാമത്തെ വയസ്സിൽ, നിഷ്ഠയുള്ള മുസ്‌ലിംകൾ കുറവായിരുന്നതിനാൽ ഞങ്ങൾക്ക് ഒട്ടേറെ ക്ലേശങ്ങളനുഭവിക്കേണ്ടി വന്നു. അങ്ങനെ (ഞങ്ങൾ ശരിയായ ഇസ്‌ലാമിക ജീവിതം തുടങ്ങിയപ്പോൾ) ഞങ്ങൾക്ക് സമൂഹത്തോടും കുടുംബത്തോടും കൂട്ടുകാരോടും എന്നു വേണ്ട എല്ലാവരോടും മതസംബന്ധമായി വഴക്കിടേണ്ടിവന്നു. അവർക്ക് ഞങ്ങൾ ഒരു പുതിയ മതം സ്വീകരിച്ചവരെപ്പോലെയായിരുന്നു".

പല സമൂഹങ്ങളിലും പരമ്പരാഗത സംസ്കാരങ്ങൾക്കും ഇസ്‌ലാമിനുമിടയിലുള്ള അതിർവരമ്പ് വളരെ മങ്ങിയതായിരുന്നു. തൽഫലമായി സംസ്കാരിക നിയമങ്ങൾ പലപ്പോഴും വർഗപരവും ലിംഗപരവും സാമ്പത്തികവുമായ താൽപര്യങ്ങൾക്കനുസരിച്ച് വക്രീകരണങ്ങളോടെ യഥാർഥ ഇസ്‌ലാമിക നിയമങ്ങൾക്കൊപ്പം സ്ഥിരപ്രതിഷ്ഠ നേടുകയും നിർബന്ധമാക്കപ്പെടുകയുമുണ്ടായിട്ടുണ്ട്. നോർത്ത് ലണ്ടനിലെ ഒരു ബംഗാളി യുവതിയുടെ മൈലാഞ്ചി കല്യാണത്തിന് ക്ഷണിക്കപ്പെട്ടത് ഞാനൊരിക്കലും മറക്കുകയില്ല. ബംഗാളി പൈതൃകപ്രകാരം ആണും പെണ്ണും തീറ്റയും ബഹളവും വധുവിനെ ആശിർവദിക്കലുമെല്ലാമായി 'മെഹന്ദി രാത്രി' കുടുംബത്തിന് മുഴുവൻ ഒരു വലിയ പരിപാടി തന്നെയാണ്. മൈലാഞ്ചി ഇടുക എന്നത് പരിപാടിയിലെ ഏറ്റവും ചെറിയ കാര്യമായാണ് എനിക്ക് കാണാനായത്! വധു വളരെ പിരിമുറുക്കത്തിലായിരുന്നു. അവളുടെ സഹോദരിമാരോടും സുഹൃത്തുക്കളോടുമൊത്ത് ഇടയ്ക്കിടെ പൊട്ടിച്ചിരിക്കും. മറ്റുള്ളവരോട് വിഷണ്ണ ഭാവത്തിലും! മരണപ്പെട്ട പിതാവിന്റെ അടുത്ത സുഹൃത്തിന്റെ മകനായ, ഒരിക്കലും കണ്ടിട്ടില്ലാത്ത, വിവാഹം കഴിക്കാൻ ആഗ്രഹിച്ചിട്ടില്ലാത്ത ഒരു യുവാവുമായാണ് അവളുടെ വിവാഹമെന്നറിഞ്ഞപ്പോൾ ഞാൻ അമ്പരന്നു.

അവളുടെ വിവാഹം മുൻകൂട്ടി ആലോചിച്ചുറച്ചതല്ല എന്നതല്ല എന്നെ അലട്ടിയത്. മിക്ക സഹോദരിമാരെയും പോലെ എന്റെ വിവാഹവും 'അറേൻജ്ഡ്' ആയിരുന്നു. (അതേകുറിച്ച് പിന്നിട് പറയാം). അവളുടെ ബംഗാളി പൈതൃകം ഒരു മുസ്‌ലിം യുവതിക്ക് ഇസ്‌ലാം നൽകുന്ന അവകാശങ്ങളെ നീക്കം ചെയ്യുന്നു എന്ന യാഥാർഥ്യമാണെന്നെ വിഷമിപ്പിച്ചത്. തന്റെ ഭാവിപങ്കാളിയെ കാണാനും പരിചയപ്പെടാനുമുള്ള അവകാശം, കാരണം കൂടാതെയോ അല്ലാതെയോ തള്ളാനും കൊള്ളാനുമുള്ള അവകാശം നിഷേധിക്കപ്പെടുന്നത് എനിക്ക് ഹൃദയ ഭേദകമായി തോന്നി. ഞാനെന്താണ് പ്രതീക്ഷിച്ചിരുന്നത്? മൈലാഞ്ചിയിടാൻ

സഹായിക്കുന്ന കൂട്ടുകാരി സാദിയയും ഞാനും എങ്ങനെയാണ് സൗഹൃദം പങ്കിടുകയും പരസ്പരം ബഹുമാനിക്കുകയും ചെയ്തിരുന്നത്,സലാം പറഞ്ഞിരുന്നത്, അല്ലാഹുവിനെ സ്മരിച്ചിരുന്നത്, വസ്ത്രം ധരിച്ചിരുന്നത്, പൊതുവെ പെരുമാറിയിരുന്നത് അതുപോലെയൊന്നും മുസ്‌ലിമായി ജനിച്ചു വളർന്ന അവളുടെ കുടുംബത്തിന് വിശ്വാസത്തെ പിൻപറ്റാനോ ആശംസിക്കാനോ കഴിയുന്നില്ല! ഒരു തലതിരിഞ്ഞ പയ്യൻ അവളുടെ അമ്മയെയും സഹോദരിയെയും ചീത്തവിളിക്കാൻ തുടങ്ങിയപ്പോൾ പോലീസെത്തി. ആ സന്ധ്യയോടെ പാരമ്പര്യ ആചാരങ്ങളെ കണിശമായി അനുഗമിക്കുന്നതിനെതിരെ എന്റെ പ്രതിഷേധം ശക്തമായി. നിർഭാഗ്യവശാൽ, പാരമ്പര്യങ്ങളെ എതിർക്കുകയോ, മാറ്റത്തിലേക്ക് ക്ഷണിക്കുകയോ ചെയ്താൽ പാശ്ചാത്യർക്കിടയിൽ പോലും-അതിന്റെ തീവ്രമായ അവസ്ഥയിൽ- ജീവൻ തന്നെ നഷ്ടമാകുന്ന ഭയാനകമായ സത്യം നിലനിൽക്കുന്നുണ്ട്.

**മാറ്റിമറിക്കുന്ന ഒരു ജീവിതരീതി**

യുവത്വത്തിൽ ഒരു മുസ്‌ലിമാകുമ്പോൾ, വിശിഷ്യാ നിങ്ങൾ ഇസ്‌ലാമിക നിയമം -ശരീഅത്ത്- അനുസരിച്ച് ജീവിക്കുകയാണെങ്കിൽ പലപ്പോഴും നിങ്ങൾ സമൂഹത്തിൽ നിന്നും ഭ്രഷ്ടനാക്കപ്പെടും. അതായത് നിങ്ങളുടെ അമുസ്‌ലിം സുഹൃത്തുക്കൾ ഒരു പാർട്ടിക്കോ, ക്ലബ്ബിലോ, ബാറിലോ പോകാനൊരുങ്ങുമ്പോൾ പതിവായി നിങ്ങൾക്ക് 'മുൻകൂർ ജാമ്യം' എടുക്കേണ്ടിവരുമെന്നർഥം. കാഴ്ചയിൽ ഒട്ടും പ്രശ്നകരമല്ലെന്ന് തോന്നുന്ന റൻസ്റ്റോറന്റു പോലും മറികടക്കാൻ പ്രയാസം സൃഷ്ടിക്കുന്ന വെല്ലുവിളിയായിത്തീരാം. സ്ത്രീ പുരുഷ സംഗമത്തെ ഒഴിവാക്കാനാവുമോ? അവിടെ മദ്യം വിളമ്പുകയില്ലേ? മാംസം ഹലാലായിരിക്കുമോ? തട്ടുപൊളിപ്പൻ സംഗീതവും നൃത്തവും ഉണ്ടാകുമോ? ഹിജാബിൽ എനിക്ക് അപരിചിതത്വം തോന്നുമോ? എന്റെ ദീനിൽ വിട്ടുവീഴ്ച ചെയ്യേണ്ടിവരുമോ? ഏത് പൊതുപരിപാടികളിലും, പ്രത്യേകിച്ച് അമുസ്‌ലിം കുടുംബങ്ങളും സുഹൃത്തുകളും പങ്കെടുക്കുന്നിടത്ത്, ഇത്തരം ചോദ്യങ്ങൾ ബാധപോലെ കൂടെയുണ്ടാകും. എന്റെ ഫ്ളാറ്റിലെ സഹവാസിയായിരുന്ന ഇഫുവയുടെ ബന്ധുവിന്റെ വീട്ടിൽ അവൾക്ക് കുട്ടി ജനിച്ചതിന്റെ ആഘോഷത്തിൽ പങ്കെടുത്തത് തികച്ചും അരോചകവും അസ്വസ്ഥകരവുമായ ഒരനുഭവമായി. അസ്ർ നമസ്കാരത്തിനുള്ള സമയമായിരുന്നു അത്. പായ വിരിച്ച് നമസ്കരിക്കാൻ ആ തിങ്ങിനിറഞ്ഞ വീട്ടിനുള്ളിൽ ഒരു മൂല ഞാൻ കണ്ടെത്തി. റുകൂഇനായി കുനിഞ്ഞപ്പോൾ എന്നെ തൊട്ടുരുമ്മി ആരോ കടന്നുപോയി. ഞാൻ നിവർന്നു നിന്നു. ആരോ എന്റെ പിറകിൽ ഗോവണിയിൽ നിൽക്കുന്നുവെന്ന് ഞാനറിഞ്ഞു. പിന്നെ നമസ്കാരത്തിൽ എനിക്ക് ഏകാഗ്രത ലഭിച്ചില്ല. ഹിജാബ് ധരിച്ചിരുന്നതിനാൽ അന്യഗ്രഹത്തിൽ നിന്നും വന്ന ഒരാളെപ്പോലെ ഏവരും എന്നെ നിരീക്ഷിക്കുന്നതായി തോന്നി. ഞാനവിടെ വിനോദങ്ങളില്ലാത്ത, വ്യത്യസ്തയായ ഒരുവളായി ഒറ്റപ്പെട്ടു നിന്നു.

സ്വാദിഖ പറഞ്ഞു: "ഞാൻ അവർ സംസാരിക്കുന്നതുപോലെ സംസാരിച്ചില്ല, അവരെപ്പോലെ പ്രർത്തിച്ചില്ല, യാതൊരു നിലയ്ക്കും ഞാനവരെപ്പോലെ ആയില്ല. കാരണം ഞാൻ ദീൻ പിൻപറ്റുകയായിരുന്നു. ആയതുകൊണ്ട് ആളുകൾ എന്നെ വിട്ടകലുന്നതായി ഞാൻ മനസ്സിലാക്കി. ഞാനവർക്ക് അരോചകമായിരുന്നു".

"അവസാനം, അമുസ്‌ലിംകളുമായി പുറത്തുപോവുക അപൂർവമായി. സാന്ദ്രയുടെ അടുക്കളയിലും എന്നെപ്പോലെ ഇസ്‌ലാമിലേക് വന്നവരും വിശ്വാസത്തിലേക്ക് മടങ്ങിയവരുമായ മുസ്‌ലിംകളോടൊത്ത് ഞാൻ കൂടുതൽ സംയം ചെലവിടാൻ തുടങ്ങി. ഇത് എന്റെ പഴയ സുഹൃത്തുക്കൾക്കിടയിൽ ഞാൻ വല്ലാതെ മാറിപ്പോയി എന്നും അവരിൽ നിന്നുമെല്ലാം അകലുന്നു എന്നുമെല്ലാമുള്ള തർക്കങ്ങൾക്ക് വഴിവെച്ചു. പക്ഷേ, ഞാനെന്തു ചെയ്യും? എന്റെ ദൃഷ്ടികൾക്ക് മുമ്പിൽ ചുരുളഴിഞ്ഞു വരുന്ന ഈ പുതിയവിശ്വാസത്തിൽ നിലീനയാകാൻ ഞാനാഗ്രഹിച്ചു. സംവദിക്കാൻ ഒട്ടേറെ വിഷയങ്ങൾ, ചോദിക്കാൻ ഒരുപാട് ചോദ്യങ്ങൾ, പുനഃപരിശോധിക്കാൻ കുറെ നിലപാടുകൾ. ഞാനവയിലെല്ലാം മുഴുകിപ്പോയി. ഗനിയ്യ എന്നോട് പറയുകയുണ്ടായി: "ദീനിലേക്ക് കടന്നുവരുമ്പോൾ അതെനിക്ക് ആചരിക്കാനുള്ളതാണെന്ന ബോധപൂർവമായ ഒരു തീരുമാനമൊന്നും ഞാനെടുത്തിരുന്നില്ല. ഒരു ദിവസം ഉണർന്നെണീറ്റപ്പോൾ എന്റെ ഹൃദയം മാറിപ്പോയി എന്ന അവസ്ഥയായിരുന്നു. ഞാൻ യാതൊരു നിരീക്ഷണവും നടത്തിയിരുന്നില്ല. പക്ഷേ, അല്ലാഹു എന്നെ സന്മാർഗത്തിലേക്ക് വഴിനടത്തുകയായിരുന്നു. അത് പൊടുന്നനെ സംഭവിച്ചതിനാൽ, എന്റെ ജീവിതത്തിൽ നിന്നും എല്ലാവരെയും ഒഴിവാക്കേണ്ടി വന്നതിനാൽ ഞാൻ തികച്ചും ഒറ്റപ്പെട്ടുപോയി. ശാരീരികമായും മാനസികമായും കുടുംബം എന്നെ പുറന്തള്ളി. എന്റെ കൂട്ടുകാരേവരും അമുസ്‌ലിംകളുമായിരുന്നു. പുതിയ ജന്മം കിട്ടിയ പ്രതീതിയായിരുന്നു എനിക്ക്. എല്ലാം ഇല്ലായ്മയിൽ നിന്നുമാരംഭിക്കണം. പുതിയ സമുദായത്തെ, പുതിയ സുഹൃത്തുക്കളെ, പുതിയ വസ്ത്രം പോലും കണ്ടെത്തേണ്ടിയിരിക്കുന്നു..... ഞാൻ ശരിക്കും ഒറ്റപ്പെട്ടു. എനിക്കാരുമില്ലായിരുന്നു, ഒന്നുമില്ലായിരുന്നു. മറ്റാരുമല്ല, അല്ലാഹുവാണ് എന്റെ ജീവിതത്തെ മുന്നോട്ടു നയിച്ചത്".

രണ്ടു മാർഗങ്ങളിലൊന്ന് *സാറ*ക്ക് തെരഞ്ഞെടുക്കേണ്ടതുണ്ടായിരുന്നു. അവൾ ആവേശപൂർവം പങ്കടുത്തിരുന്ന ബാസ്കറ്റ് ബോൾ മത്സരങ്ങളും ദീനിന്റെ അനുധാവനവുമായിരുന്നു അവ.

"ഉപേക്ഷിക്കാൻ മനസ്സുവരാത്ത ഒന്നായിരുന്നു കായിക വിനോദം"- അവളെന്നോടു പറഞ്ഞു. "പതിനാലു വയസ്സുമുതൽ ഞാൻ ബാസ്കറ്റ് ബോൾ കളിക്കുന്നുണ്ട്.

**<u>പുതിയ ജന്മം കിട്ടിയ പ്രതീതിയായിരുന്നു എനിക്ക്. എല്ലാം ഇല്ലായ്മയിൽ നിന്നുമാരംഭിക്കണം. പുതിയ സമുദായത്തെ, പുതിയ സുഹൃത്തുക്കളെ, പുതിയ വസ്ത്രം പോലും കണ്ടെത്തേണ്ടിയിരിക്കുന്നു..... ഞാൻ ശരിക്കും ഒറ്റപ്പെട്ടു. എനിക്കാരുമില്ലായിരുന്നു, ഒന്നുമില്ലായിരുന്നു. മറ്റാരുമല്ല, അല്ലാഹുവാണ് എന്റെ ജീവിതത്തെ മുന്നോട്ടു നയിച്ചത്.</u>**

**<u>സിംബാബ്‌വെയിലെ പഴയ സുഹൃത്തുക്കൾക്കിടയിൽ, അവരെല്ലാമറിയുന്ന ആ പെൺകുട്ടി അപരിഷ്കൃതവും വികൃതവുമായ രൂപത്തിലേക്ക് എങ്ങനെ മാറിയെന്ന കാര്യം ഒരു കിംവദന്തി കണക്കെ പരസ്യമാകുന്നത് ഞാനിഷ്ടപ്പെട്ടില്ല. എന്റെ അരക്ഷിത ബോധംകൊണ്ടായിരിക്കാം പഴയ സുഹൃത്തുക്കളെ കണ്ടുമുട്ടാൻ ഏറെ കാലമായി ഞാനിഷ്ടപ്പെട്ടിരുന്നില്ല.</u>**

എനിക്ക് ആശ്വാസവും ആരോഗ്യവും നൽകിക്കൊണ്ട് അതെന്റെ ജീവിതത്തിന്റെ ഒരു വലിയ ഭാഗം തന്നെയായിക്കഴിഞ്ഞിരുന്നു. അതിന്റെ സാമൂഹിക സ്വഭാവത്തെ മുഴുവനായും ഞാനിഷ്ടപ്പെട്ടിരുന്നു. ജീവിതത്തിന്റെ ആ ഭാഗം ഒഴിവാക്കുന്നത് എനിക്ക് സങ്കൽപിക്കാൻ പോലും കഴിഞ്ഞിരുന്നില്ല. പക്ഷേ, അൽഹംദുലില്ലാഹ്, അതിനോടുള്ള ആ അഭിനിവേശം നിറം മങ്ങി വന്നു. പാർക്കിലും വയലേലകളിലും മറ്റുമുള്ള നടത്തം അതിനു പകരമായുള്ള ഒരഭിനിവേശമായി മാറി. ആത്മീയമായി കൂടുതൽ ബോധവതിയായപ്പോൾ മഴയും ആകാശവും മരങ്ങളും വൈവിധ്യമാർന്ന പച്ചപ്പുകളും എന്നുവേണ്ട അല്ലാഹു നമുക്കായി നൽകിയ സകലതിനെയും അനുമോദിക്കാൻ എനിക്ക് കഴിഞ്ഞു''.

സാമൂഹിക വീക്ഷണങ്ങൾക്ക് പുറമെ ഇസ്‌ലാമിലേക്ക് മടങ്ങിയവരുടെ സുഹൃത്തുക്കൾക്ക് വേറെയും കുറ്റാരോപണങ്ങൾ ഉണ്ടാവുക സ്വാഭാവികമാണ്. എല്ലാറ്റിലുമുപരി, ഉദ്വേഗമാർന്ന ശണ്ഠകളും ഭ്രാന്തൻ പ്രവർത്തനങ്ങളും വികൃതമായ വേഷഭൂഷാദികളുമെല്ലാം പങ്കിട്ടുകൊണ്ട് സുഖദുഃഖങ്ങളിൽ അവർ ഒരുമിച്ച് കടന്നുപോയവരാണ്. വീട്ടിൽ നിന്ന് ഒളിച്ചോടിയവൾ, തന്റെ വഴികേടുകൾ മറക്കാൻ മതാപിതാക്കളോട് കളവു പറഞ്ഞിരുന്നവൾ, നിശാക്ലബ്ബുകളിൽ പറന്നെത്തി, കടംവാങ്ങിയ 'ഹൈഹീൽ' ഷൂ ധരിച്ച് രാത്രി മുഴുവൻ നൃത്തമാടിയിരുന്നവൾ ഇപ്പോൾ ഒരു മുസ്‌ലിമായി എന്നോ? അവൾ പർദയാൽ ശരീരം മറയ്ക്കുന്നുവെന്നോ? മദ്യപിക്കാത്ത, ചുറ്റിയടിക്കാത്ത, പുരുഷന്മാരിൽ താൽപര്യമില്ലാത്ത ഒരുവളായി എന്നോ? അവൾക്കത്രമാത്രം മാറുവാൻ കഴിഞ്ഞുവോ? ആരിലേക്കാണ്, അല്ലെങ്കിൽ എന്തിലേക്കാണ് ഇവളിങ്ങനെ രൂപാന്തരപ്പെടുന്നത്?

സാറ പറഞ്ഞു: "ഞാൻ ശരീരം മറയ്ക്കാൻ തുടങ്ങിയതിനു ശേഷം അയൽപക്കത്തുള്ള ഒരു കായിക സുഹൃത്തുമായി സമയം ചെലവഴിക്കാറുണ്ടായിരുന്നു. സംസാര മധ്യെ അവൾ പൊടുന്നനെ പറഞ്ഞു: "നീ പഴയതുപോലെ തന്നെ! അതേ തമാശകൾ, എല്ലാം പഴയതുപോലെ!". അവൾ ശരിക്കും സ്തബ്ധയായിരുന്നു".

സുഹൃത്തുക്കളുടെ അവഹേളനങ്ങൾ അനുഭവിക്കുന്നത് തീർത്തും ലജ്ജാകരമാണ്. നിങ്ങളുടെ പഴയ സുഹൃത്തിനോട്, അവൾ നിങ്ങളെ ദയാപുരസ്സരം നോക്കുകയോ, ഒരുപക്ഷേ "അവളെ കണ്ടോ, പാവം പെണ്ണ്. അവളെന്തിന് ഇങ്ങനെ സ്വയം നശിക്കണം?" എന്ന് കരുതുകയോ ചെയ്യുമ്പോൾ, നിങ്ങളുടെ പുതിയ ജീവിത രീതിയുടെ മഹത്ത്വവും ഭംഗിയും എങ്ങനെ പറഞ്ഞ് ബോധിപ്പിക്കാനാവും?

സുബൈദ പറഞ്ഞു: "എനിക്കത് വളരെ നിരാശാജനകമായ അനുഭവമായിരുന്നു. വിശിഷ്യാ ഞാൻ വളർന്ന പ്രദേശത്തെ ആളുകളെ കാണുമ്പോൾ. അവരെന്നെ അടിമുടി നോക്കിക്കൊണ്ട് പറയും: "എന്ത്! നീയോ? നീ ഒരു മുസ്‌ലിമായി എന്നോ?"

"വെയിലുള്ള ഒരു പ്രഭാതത്തിൽ ഈസ്റ്റ് ലണ്ടനിലെ ട്യൂബ് സ്റ്റേഷനിൽ വെച്ച് ഒരു പഴയ സ്കൂൾ സുഹൃത്തിനെ കണ്ടപ്പോഴുണ്ടായ അമ്പരപ്പ് എനിക്കൊരിക്കലും മറക്കാനാകില്ല. ഞങ്ങൾ സ്കൂളിലെ പാർട്ടി സുഹൃത്തുക്കളായിരുന്നു. വർഷങ്ങൾക്ക് ശേഷം ആദ്യമായി, മങ്ങിയ കറുത്ത ഹിജാബും അബായയും ധരിച്ച്, മെയ്ക്കപ്പില്ലാത്ത, നേരത്തെ പുറപ്പെട്ടതിനാൽ ക്ഷീണം തോന്നിപ്പിക്കുന്ന മുഖവുമായി അവളെന്നെ കണ്ടത് എനിക്കസഹനീയമായിരുന്നു".

സിംബാബ്‌വെയിലെ പഴയ സുഹൃത്തുക്കൾക്കിടയിൽ, അവരെല്ലാമറിയുന്ന ആ പെൺകുട്ടി അപരിഷ്കൃതവും വികൃതവുമായ രൂപത്തിലേക്ക് എങ്ങനെ മാറിയെന്ന കാര്യം ഒരു കിംവദന്തി കണക്കെ പരസ്യമാകുന്നത് ഞാനിഷ്ടപ്പെട്ടില്ല. എന്റെ അരക്ഷിത ബോധംകൊണ്ടായിരിക്കാം പഴയ സുഹൃത്തുക്കളെ കണ്ടുമുട്ടാൻ ഏറെ കാലമായി ഞാനിഷ്ടപ്പെട്ടിരുന്നില്ല. നിങ്ങൾ ചെയ്യുന്നത് ശരിയാണെന്നും വിശ്വസിക്കുന്നത് സത്യമാണെന്നുമുള്ള ബോധ്യമുണ്ടായിരിക്കെ, തരംതാഴ്ത്തലുകളും പരിഹാസങ്ങളും മറ്റെന്തിനെക്കാളും വേദനാജനകമാണ്. ഞാനറിയുന്ന ഏവരെയും കണ്ടെത്തി ഇസ്‌ലാമാശ്ലേഷിക്കാൻ എങ്ങനെ, എന്തുകൊണ്ട് ഞാൻ സ്വയം നിർബന്ധിതയായി എന്ന് വിശദീകരിക്കുക അസാധ്യമായിരുന്നതിനാൽ, ഒരർഥത്തിൽ, ഞാൻ പിൻവലിയുകയായിരുന്നു. ന്യായീകരണങ്ങളും വിശദീകരണങ്ങളും ആവശ്യപ്പെടാത്തവർക്കിടയിൽ ഞാൻ കൂടുതൽ സമാശ്വാസം കണ്ടെത്തി.

വിമർശനങ്ങളെ ഭയന്നും തന്റെ ശഹാദത്തുമായി ജീവിക്കാനുള്ള കഴിവിൽ തീർച്ചയില്ലാതിരുന്നതിനാലും സുഹൃത്തുക്കളിൽ നിന്നും എങ്ങനെയാണ് ക്രമേണ പിൻവാങ്ങിയതെന്ന് *ക്ലാര* എന്നോട് പറയുകയുണ്ടായി: "എന്റെ കാര്യങ്ങളൊന്നും ഞാൻ കൂട്ടുകാരുമായി പങ്കുവെക്കാറില്ലായിരുന്നു. എന്നോട് ഇസ്‌ലാമിനെക്കുറിച്ച് സംസാരിച്ചിരുന്നത് *ഗാരത്ത്* ആയിരുന്നു എന്നതിനാൽ അദ്ദേഹത്തിനു വേണ്ടിയായിരിക്കും ഞാൻ മുസ്‌ലിമായത് എന്ന് അവർ കരുതുമെന്നതാണ് ഭാഗികമായി അതിന് ഹേതുവായത്. കുറച്ചൊക്കെ അദ്ദേഹം കാരണമാണെന്ന് മറ്റുള്ളവരോട് വിശദീകരിക്കാതെ, അവരുമായി ഒത്തുപോവുക എനിക്ക് ബുദ്ധിമുട്ടായിരുന്നു. മറ്റുള്ളവരും ഞാനുമായുള്ള വ്യത്യാസമെന്തെന്ന് സ്ഥാപിക്കാൻ ഞാൻ ഭയപ്പെട്ടു. സ്വയം എനിക്കാവുംവിധം ജീവിക്കാനായില്ലെങ്കിൽ അവരെന്നെ എപ്രകാരം കണക്കിലെടുക്കുമെന്നായിരുന്നു ഞാൻ ഭയപ്പെട്ടത്. ചില കാര്യങ്ങളെ ആശ്ലേഷിക്കുന്നതിലുള്ള എന്റെ കഴിവിൽ എനിക്ക് സംശയമുണ്ടായിരുന്നു. സുഹൃത്തുക്കളിൽ നിന്നും ഞാൻ ബഹുദൂരം അകന്നു. അതേക്കുറിച്ചധികമായി ഞാനവരോട് പറഞ്ഞതുമില്ല. ഒന്നും പറയാതിരിക്കലാണതിന്റെ രീതിയെന്ന് ഞാൻ കരുതി. മറ്റൊരു നിലയ്ക്കത് അനുവർത്തിക്കാനാകുമെന്ന് സത്യത്തിൽ ഞാൻ ചിന്തിച്ചതേയില്ല."

**-വിവ. അബൂഹംന കാരത്തൂർ**